മാതൃഭൂമി

INDIA'S NO:1 WEEKLY FOR JOB PROSPECTS
The MATHRUBHUMI THOZHILVARTHA • PAGES 48 + HARISREE 32

₹15

തൊഴിൽവാർത്ത

KOZHIKODE ▸ 2020 JANUARY 25 SATURDAY

VOL 28 • ISSUE 13 • പ്രസിദ്ധീകരണത്തിന്റെ 28-ാം വർഷം

14 LDC, KAS STUDY NOTES

42 K-TET പരിശീലനം തുടങ്ങുന്നു

10 7 തസ്തികകളിൽ PSC വിജ്ഞാപനം

12 ഡൽഹി സർക്കാരിൽ 5157 ഒഴിവ്

12 ഡൽഹി വനം വകുപ്പിൽ 226 അവസരം

09 വിശാഖ് സ്റ്റീലിൽ 188 മാനേജ്മെന്റ് ട്രെയിനി

05 കായിക താരങ്ങൾക്ക് നേവിയിൽ സെയിലറാവാം

12 ന്യൂക്ലിയർ പവറിൽ 102 ഒഴിവ്

12 ഐ.ടി.ഐ: 129 എൻജിനീയർ

05 പവർ ഗ്രിഡിൽ 110 അവസരം

12 റൈറ്റ്സിൽ 100 അപ്രന്റിസ്

KAS SPECIAL

BOOKLET WITH 32 PAGES

ORIENTATIONS

14 SECRETARIAT OFFICE ATTENDANT
36 JUNIOR CO-OP. INSPECTOR
37 JUNIOR CLERK, CO-OP. SOCIETIES
38 LEVEL UP
40 RRB - NTPC

SMILE
SUCCESS MANTRA IN LAST GRADE EXAM

ലാസ്റ്റ് ഗ്രേഡ് പരിശീലനം തുടങ്ങുന്നു

മാതൃഭൂമി തൊഴിൽവാർത്ത EXAM PORTAL

COVER PHOTO SREEJITH P. RAJ | MODEL NANDHA

മാതൃഭൂമി

ചുരുങ്ങുന്ന ഇടങ്ങൾ അതിജീവിക്കുന്ന അക്ഷരങ്ങൾ

4 ദിവസങ്ങൾ ▪ 300ൽ പരം എഴുത്തുകാർ

MBIFL'20
MATHRUBHUMI INTERNATIONAL FESTIVAL OF LETTERS

JAN 30 - FEB 2, 2020
കനകക്കുന്ന് പാലസ്
തിരുവനന്തപുരം

AUTHORS | POETS | EDITORS | ARTISTS | JOURNALISTS | PERFORMERS | CHANGE MAKERS | PUBLISHERS

Tickets available on mbifl.com & bookmyshow

#MBIFL2020

Powered by Raviz Hotels & Resorts

Entertainment Partner: SWAYAMVARA SILKS, Alan Scott, CONFIDENT GROUP www.confident-group.com THE BEST HOUSING BRAND OF KERALA

Associate Partner: KALYAN JEWELLERS

Session Partner: Believers Church MEDICAL COLLEGE HOSPITAL, JAIN, IndianOil, UNITED INDIA INSURANCE COMPANY LTD., MEDIMIX 50

Supported by GIC Re

Matrix.com

മാതൃഭൂമി
തൊഴിൽ വാർത്ത
VOL 28 • ISSUE 13

പി.എസ്.സി. പരീക്ഷാ മേൽനോട്ടത്തിന് ഇനി അധ്യാപകർ മാത്രം

ലാസ്റ്റ് ഗ്രേഡുകാർ മുതൽ അധ്യാപകരുടെ ബന്ധുക്കൾ വരെ പി.എസ്.സി. പരീക്ഷയുടെ ഇൻവിജിലേറ്ററാവുന്ന സ്ഥിതി മാറുന്നു. പി.എസ്.സി. പരീക്ഷാകേന്ദ്രങ്ങളിൽ അധ്യാപകരെ മാത്രമേ ഇൻവിജിലേറ്റർമാരാക്കാവൂ എന്ന നിർദേശമുൾപ്പെടുന്ന ഉത്തരവ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പുറത്തിറക്കി. പി.എസ്.സി. പരീക്ഷാ മേൽനോട്ടം അധ്യാപകരുടെ ജോലിയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ ജോലികളിൽനിന്ന് മതിയായ കാരണമില്ലാതെ അധ്യാപകർ വിട്ടു നിൽക്കുന്നത് ഒഴിവാക്കാനാണിത്.

പോലീസ് പരീക്ഷാ തട്ടിപ്പ് പുറത്തുവന്നതിനെത്തുടർന്ന് പി.എസ്.സി. പരീക്ഷാ നടപടികം കൂടുതൽ കർശനമാക്കാൻ നടപടി തുടങ്ങിയിരുന്നു. ഇതിന്റെ ഭാഗമായി എഴുത്തുപരീക്ഷകളുടെ നടത്തിപ്പിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പി.എസ്.സി. സർക്കാരിന്റെ സഹകരണം തേടിയിരുന്നു. പരീക്ഷയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിട്ടുനൽകുന്നതിന് ചില മേധാവികൾ വിസമ്മതം പ്രകടിപ്പിക്കുന്നതായി പി.എസ്.സി. ചൂണ്ടിക്കാട്ടിയിരുന്നു. ഇതുമൂലം പരീക്ഷകളുടെ നടത്തിപ്പിന് പ്രയാസം നേരിടേണ്ടിവരുന്നു. പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പരീക്ഷ തുടങ്ങുന്നതിന് തൊട്ടുമുൻപാണ് എത്തുന്നത്. അതുകൊണ്ട് അവർക്ക് മതിയായ നിർദേശങ്ങൾ നൽകാൻ പി.എസ്.സി. ഉദ്യോഗസ്ഥർക്ക് കഴിയാറില്ലെന്നും കമ്മിഷൻ അറിയിച്ചു. മതിയായ അധ്യാപകരെ പരീക്ഷാ മേൽനോട്ടത്തിന് ലഭിക്കാത്തതും ശ്രദ്ധയിൽപെടുത്തിയിരുന്നു.

പി.എസ്.സി. ആവശ്യപ്പെടുന്ന പക്ഷം സർക്കാർ, എയ്ഡഡ് സ്കൂളുകളും കോളേജുകളും പരീക്ഷാകേന്ദ്രങ്ങളാക്കാൻ സ്ഥാപനമേധാവികം അനുമതി നൽകണമെന്നാണ് സർക്കാർ നിർദേശിച്ചിരിക്കുന്നത്.

ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ പരീക്ഷ തുടങ്ങുന്നതിന് രണ്ടു മണിക്കൂർമുൻപുതന്നെ പരീക്ഷാകേന്ദ്രത്തിൽ എത്തണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവ് പാലിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തുടർനടപടികം സ്വീകരിക്കണമെന്നും സർക്കാർ നിർദേശിച്ചു.

പുതിയ ഉത്തരവ് വിദ്യാഭാസ അവകാശനിയമത്തിന് വിരുദ്ധമാണെന്നാണ് അധ്യാപക സംഘടനകം പറയുന്നത്.

പരീക്ഷാ ചുമതല ജോലിയുടെ ഭാഗമാക്കി

സ്റ്റെറിലൈസേഷൻ ടെക്നീഷ്യൻ യോഗ്യത പുതുക്കി

മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സിലുള്ള ഐ.ടി.ഐ. യോഗ്യത, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റെറിലൈസേഷൻ ടെക്നീഷ്യൻ നിയമനത്തിന് പരിഗണിക്കാൻ സർക്കാർ ഉത്തരവിറക്കി. നേരത്തെ ഈ തസ്തികയുടെ അടിസ്ഥാന യോഗ്യതയായി മെഡിക്കൽ ഇലക്ട്രോണിക്സ് ടെക്നോളജിയാണ് നിശ്ചയിച്ചിരുന്നത്. അല്ലെങ്കിൽ ഇൻസ്ട്രുമെൻറ് മെക്കാനിക്കിൽ ഐ.ടി.ഐ. ജയം വേണം. ഈ തസ്തികയിലേക്ക് പി.എസ്.സി. പ്രസിദ്ധീകരിച്ച സാധ്യതാപട്ടികയിൽ ഇതനുസരിച്ച് മാറ്റം വരുത്തും.

കൂട്ടായ്മകൾ വേണം കള്ളനാണയങ്ങൾ വേണ്ട

പി.എസ്.സിയുടെ തെറ്റായ നടപടികംക്കെതിരെ പ്രതികരണം സംഘടിപ്പിക്കുന്ന പ്രധാനവേദിയാണ് റാങ്ക്ഹോം ഡേഴ്സ് അസോസിയേഷനുകം. ഉദ്യോഗാർഥികളുടെ പരാതികം പി.എസ്.സിയിലെത്തിച്ച് പരിഹാരം കാണുക മാത്രമല്ല കോടതികളിൽ നീതിക്കായുള്ള പോരാട്ടത്തിനും അസോസിയേഷനുകം മുന്നിലുണ്ടാവാറുണ്ട്. എന്നാൽ എല്ലാ മേഖലയിലുമെന്നപോലെ ഈ രംഗത്തും കള്ളനാണയങ്ങളുണ്ടെന്നത് യാഥാർഥ്യമാണ്. അനാവശ്യമായി പണപ്പിരിവ് നടത്തിയും പി.എസ്.സി. നടപടികളെക്കുറിച്ച് ആക്ഷേപങ്ങം പ്രചരിപ്പിച്ചും ഉദ്യോഗാർഥികളെ വഞ്ചിക്കുന്നവരുണ്ട്. ഒട്ടേറെ പരാതികം ഇവർക്കെതിരെ ഉയർന്നിട്ടുണ്ട്. ഇത്തരം കൂട്ടായ്മകളെ നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല.

കമ്മിഷന്റെ സുഗമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന വിധം അസോസിയേഷനുകം പെരുകുന്നുവെന്നും അനാവശ്യമായ അവകാശവാദങ്ങം ഉന്നയിക്കുന്നുവെന്നുമുള്ള ആക്ഷേപം കേരള പി.എസ്.സി. കുറേക്കാലമായി ഉയർത്തുന്നതാണ്. ഉദ്യോഗാർഥികളെ സ്വാധീനിച്ച് അസോസിയേഷനുകം നിയമവിരുദ്ധപ്രവർത്തനങ്ങം നടത്തുന്നതായാണ് പി.എസ്.സിയുടെ ആരോപണം. വാസ്തവ വിരുദ്ധമായ കാര്യങ്ങം സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും വ്യാപകമായി പണപ്പിരിവ് നടത്തുകയും ചെയ്യുന്നതായി കാണിച്ച് വിവിധ അസോസിയേഷനുകംക്ക് എതിരെ കമ്മിഷന് പരാതികം ലഭിച്ചിരുന്നു. പി.എസ്.സിയുടെ വിജിലൻസ് വിഭാഗം ഇവ പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഉത്തരവാദിത്വമില്ലാത്ത പ്രവർത്തനങ്ങളാണ് ഭൂരിഭാഗം റാങ്ക്ഹോം ഡേഴ്സ് അസോസിയേഷനും നടത്തുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു. രജിസ്ട്രേഷനോ വ്യക്തമായ മാനദണ്ഡങ്ങളോ ഇല്ലാതെയാണ് പ്രവർത്തനം. വ്യാജപരാതികം നൽകിയും കള്ളക്കേസുകം കൊടുത്തും നിയമനം തടസപ്പെടുത്തുന്നതായും കണ്ടെത്തലുണ്ട്. ഇത് തടയുന്നതിനുള്ള നിയമപരമായ മാർഗങ്ങം പരിശോധിച്ച് അറിയിക്കാൻ പി.എസ്.സി. ലീഗൽ റീട്ടെയ്നറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് നടപടികം സ്വീകരിക്കാനാണ് തീരുമാനം.

ശ്രദ്ധാപൂർവവും നീതിയുക്തവുമായ നടപടികളായിരിക്കണം ഈ വിഷയത്തിൽ കൈക്കൊള്ളേണ്ടത്. ഭൂരിഭാഗം റാങ്ക് ഹോംഡേഴ്സ് കൂട്ടായ്മകളും പി.എസ്.സിയുടെ തെറ്റായ നടപടികംക്കെതിരെ പോരാടുന്നവരാണ്. അത്തരം അസോസിയേഷനുകളോട് പി.എസ്.സി. പുലർത്തുന്ന സമീപനം എല്ലാവർക്കും അറിയാവുന്നതാണ്. പി.എസ്.സിയുടെ ഇപ്പോഴത്തെ നടപടികം ഇത്തരം അസോസിയേഷനുകംക്കെതിരെയുള്ള വടിയായി മാറരുത്.

കള്ളനാണയങ്ങളെ നിയന്ത്രിക്കാനുള്ള നടപടികംക്ക് ഉദ്യോഗാർഥികളുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയുണ്ടാവും. നീതിയുക്തമായി അത് നടപ്പാക്കാൻ സർക്കാർ നേരിട്ട് ഇടപെടുകയാണ് വേണ്ടത്. അസോസിയേഷനുകംക്ക് മുന്നിലെ എതിർകക്ഷിയായ പി.എസ്.സി. ഇക്കാര്യത്തിലെടുക്കുന്ന നടപടികം എത്ര നീതി പൂർവമായാലും ആക്ഷേപങ്ങംക്ക് വഴിവെക്കും. പി.എസ്.സി. ചുമതലപ്പെടുത്തിയിരിക്കുന്ന ലീഗൽ റീട്ടെയ്നറുടെ നിയമോപദേശം സർക്കാരിന് കൈമാറി സർക്കാർ നേരിട്ട് നടപടികളെടുക്കട്ടെ.

ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് അപേക്ഷകൾ 2.06 ലക്ഷം

ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് അപേക്ഷകരുടെ എണ്ണം രണ്ടുലക്ഷം കടന്നു. ജനുവരി 18 വരെ 14 ജില്ലകളിലുമായി 2,06,110 പേർ അപേക്ഷിച്ചിട്ടുണ്ട്. ഫെബ്രുവരി അഞ്ചാണ് അപേക്ഷിക്കാനുള്ള അവസാന തീയതി.

അപേക്ഷകരുടെ എണ്ണം ജില്ല തിരിച്ച്

തിരുവനന്തപുരം	29400	പാലക്കാട്	18300
കൊല്ലം	20200	മലപ്പുറം	17100
പത്തനംതിട്ട	8800	കോഴിക്കോട്	19250
ആലപ്പുഴ	8950	വയനാട്	4780
കോട്ടയം	9900	കണ്ണൂർ	13400
ഇടുക്കി	8500	കാസർകോട്	5700
എറണാകുളം	22850		
തൃശ്ശൂർ	18980	**ആകെ**	**2,06,110**

കെ.എ.എസ്. പരീക്ഷയെഴുതാൻ

എ.ജി. ഓഫീസ് ജീവനക്കാരന് അനുമതി

അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ജീവനക്കാരന് രണ്ടാംധാരയിൽ കെ.എ.എസ്. പരീക്ഷയെഴുതാൻ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അനുമതി. ഭരണഘടനാസ്ഥാപനമെന്ന നിലയിൽ പി.എസ്.സി., നിയമസഭാ സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ ജീവനക്കാരെ രണ്ടാംധാരയിൽ അപേക്ഷിക്കുന്നതിൽനിന്ന് സർക്കാർ വിലക്കിയിട്ടുണ്ട്. എന്നാൽ സർവീസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇവർ ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചു. ഇവരെ അനുവദിക്കാനാകില്ലെന്ന് സർക്കാർ വ്യക്തമായ നിർദേശം നൽകി. അതോടെ ഇവരുടെ അപേക്ഷകം അസാധുവാക്കി പി.എസ്.സി. അറിയിപ്പ് നൽകിയിരുന്നു. ഇതിനെതിരേയാണ് ഉദ്യോഗാർഥി ടിബ്യൂണലിനെ സമീപിച്ചത്. പരാതി പരിഗണിച്ച കോടതി ഹർജിക്കാരനെ താത്കാലികാടിസ്ഥാനത്തിൽ നിയമനനടപടികളിൽ പങ്കെടുപ്പിക്കാൻ പി.എസ്.സി.ക്ക് നിർദേശം നൽകി. അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കും.

എൽ.ഡി.ടൈപ്പിസ്റ്റ് സാധ്യതാ പട്ടിക മുഖ്യ വിഭാഗത്തിൽ 3130 പേർ

വിവിധവകുപ്പുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് നിയമനത്തിന് 3130 പേരെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തി സാധ്യതാപട്ടിക പ്രസിദ്ധീകരിക്കും. ആനുപാതിക എണ്ണം ഉദ്യോഗാർഥികളെ ഉപപട്ടികയിലും ഉൾക്കൊള്ളിക്കും. തിരുവനന്തപുരത്തിന്റെ പട്ടികയായിരിക്കും ഏറ്റവും വലുത്. 2018-ലാണ് ഇതിന്റെ വിജ്ഞാപനം പി.എസ്.സി. പ്രസിദ്ധീകരിച്ചത്.

കാറ്റഗറി നമ്പർ 280/2018. ഓരോ ജില്ലയിലെയും സാധ്യതാപട്ടികയിൽ ഉൾപ്പെടുത്തുന്നവരുടെ എണ്ണം ചുവടെ: തിരുവനന്തപുരം-400, കൊല്ലം-200, പത്തനംതിട്ട-150, ആലപ്പുഴ-200, കോട്ടയം-200, ഇടുക്കി-200, എറണാകുളം-300, തൃശ്ശൂർ-250, പാലക്കാട്-200, മലപ്പുറം-250, കോഴിക്കോട്-300, വയനാട്-130, കണ്ണൂർ-200, കാസർകോട്-150.

വാട്ടർ അതോറിറ്റിയിലെ ലിസ്റ്റിൽ 330 പേർ

വാട്ടർ അതോറിറ്റിയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റിന് മുഖ്യവിഭാഗത്തിൽ 330 പേരെ ഉൾപ്പെടുത്തി സാധ്യതാപട്ടിക തയ്യാറാക്കും. 200-ലേറെപ്പേർ ഉപപട്ടികയിലുമുണ്ടാകും. 2018-ലാണ് ഇതിന്റെ വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. കാറ്റഗറി നമ്പർ 84/2018.

സൗജന്യ പരിശീലനം
AE Civil Ultra Crash on Feb 8th
PWD/Irrigation
Materials Charges applicable
Sub Engineer Electrical Regular & Holiday
SSC-Junior Engineer (EEE, ME, Civil)
Admission continued
SSC-CGL, CHSL, MTS
Admission continued
MENTORS Group of institutions
Calicut : 808 9996 888
Kannur : 702 5996 888
Palakkad : 906 1996 888
Thrissur : 790 2996 888
Cochin : 811 3996 888

സ്റ്റാഫ് നേഴ്സ് ഗ്രേഡ് II
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
LP/UP
ലാസ്റ്റ്ഗ്രേഡ്
ഡിഗ്രി ഇല്ലാത്തവർക്ക് വേണ്ടിയുള്ള സ്പെഷ്യൽ ബാച്ച്
LDC Regular, Night Holiday Batches
ജനത
PSC കോച്ചിംഗ് സെന്റർ
കോൺവെന്റ് റോഡ്
നെയ്യാറ്റിൻകര
(THIRUVANANTHAPURAM DIST.)
PH: 9497456055

Thozhilvartha
EMPLOYMENT WEEKLY IN MALAYALAM
Mathrubhumi MM Press,
Cherootty Road, Kozhikode 673001
Phone: 0495-2779311 / 2779312 • Fax: 0495 2760138
Email: thozhilvartha@gmail.com

Managing Editor : P. V. Chandran
Joint Managing Editor : P. V. Nidhish
Executive Editor-Periodicals & Digital : O.R. Ramachandran
Assistant Editor : Radhakrishnan Narippatta
Senior Reporter : R. Jayaprasad
Sub Editors : Shiju Sukumaran, P. S. Rakesh, P. C. Ragesh, C. Karunakaran, Ancen V, Vineeth Narayan
Artist Visualiser : Sreelal A. G.

CIRCULATION : Vipin Das
Asst. General Manager - Circulation, Mathrubhumi, K P Kesava Menon Road, Kozhikode-673 001
Phone : 0495-2362 546
Email : vipindas@mpp.co.in

ADVERTISEMENT : Sunil Nambiar
Dy. General Manager, Advertisement (Periodicals) Mathrubhumi, K P Kesava Menon Road Kozhikode-673 001.
Phone : 0495-2362 577 • Mobile : 9526037773
Email : periodicalsadvt@mpp.co.in

We take utmost care in publishing notifications, results of various competitive examinations etc. in Mathrubhumi Thozhilvartha. Candidates are, however, advised to check with official notifications.
We do not take legal responsibility for any printing errors/omissions going inadvertently-Editor.
All rights reserved. No part of this publication may be reproduced in any form or by any means without the prior written permission of the publishers.

കേരള ബാങ്ക് പാരയായി
ജില്ലാ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ നിയമനം കുറഞ്ഞു

നേരിട്ടുള്ള നിയമനം 362, സൊസൈറ്റി ക്വാട്ടയിൽ 363 തിരുവനന്തപുരത്ത് നിയമനം വെറും മൂന്ന്

കേരള ബാങ്ക് രൂപവത്കരിച്ചതോടെ ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ നിയമനം വൻതോതിൽ കുറഞ്ഞു. ഏഴ് ജില്ലകളുടെ റാങ്ക് പട്ടികകൾ കാലാവധി തികച്ച് റദ്ദായി. ബാക്കിയുള്ളവയും സമീപ ദിവസങ്ങളിൽ റദ്ദാകും. നേരിട്ടുള്ള നിയമനത്തിന്റെ ഒന്നാം പട്ടികയിൽനിന്ന് ഇതുവരെയായി 362 ശുപാർശകളാണുണ്ടായത്. സൊസൈറ്റി ക്വാട്ടയിൽനിന്ന് 363 എണ്ണവും. രണ്ട് പട്ടികയിൽനിന്ന് ആയിരത്തോളം വീതം നിയമനങ്ങൾ നടക്കാറുള്ളതാണ്. ഇത്തവണ പകുതി പോലും നിയമനങ്ങളുണ്ടായില്ല.

ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലയിപ്പിച്ചാണ് കേരള ബാങ്ക് രൂപവത്കരിക്കുന്നത്. ലയനം യാഥാർഥ്യമാകുമ്പോൾ വൻതോതിൽ തൊഴിൽ നഷ്ടമുണ്ടാകുമെന്ന് മുൻപ് വിലയിരുത്തിയിരുന്നു. എന്നാൽ സർക്കാരും വകുപ്പുമേധാവികളും ഇക്കാര്യം നിഷേധിക്കുകയാണ് അന്ന് ചെയ്തത്. റാങ്ക്പട്ടിക കാലാവധി തികയ്ക്കുമ്പോൾ ഈ തസ്തികയിലെ ഏറ്റവും കുറവ് നിയമനമാണ് നടന്നതെന്ന് വ്യക്തമാവുകയാണ്. കഴിഞ്ഞ മൂന്നുവർഷവും ജില്ലാ സഹകരണ ബാങ്കുകളിൽ അപ്രഖ്യാപിത നിയമന നിരോധനം നടപ്പാക്കിയെന്ന് ഉദ്യോഗാർഥികൾ കുറ്റപ്പെടുത്തുന്നു.

നിലവിലെ റാങ്ക്പട്ടികയിൽനിന്ന് ഏറ്റവും കുറവ് നിയമനങ്ങൾ നടന്നത് തിരുവനന്തപുരത്താണ്. നേരിട്ടുള്ള പട്ടികയിൽനിന്ന് വെറും മൂന്നുപേർക്കാണ് ഇതുവരെ നിയമനശുപാർശ ലഭിച്ചത്. സൊസൈറ്റി കാറ്റഗറിയിൽ വെറും നാലുപേർക്കും. ഇനി കഷ്ടിച്ച് രണ്ടുമാസമാണ് റാങ്ക്പട്ടികയ്ക്ക് കാലാവധിയുള്ളത്. ഏറ്റവും വലിയ ജില്ലാ ബാങ്കാണ് തിരുവനന്തപുരത്തേത്. കഴിഞ്ഞ റാങ്ക്പട്ടികയിൽനിന്ന് പൊതുവിഭാഗത്തിൽ മാത്രം 200-ലേറെ നിയമനങ്ങൾ നടന്നിരുന്നതാണ്.

7 ബാങ്കിന്റെ റാങ്ക്പട്ടിക റദ്ദായി

മുൻകാലങ്ങളിൽ നടന്ന വഴിവിട്ട നിയമനങ്ങളും അനുപാതം തെറ്റിച്ചുള്ള അനധികൃത സ്ഥാനക്കയറ്റങ്ങളുമാണ് ഇപ്പോഴത്തെ സ്ഥിതിക്ക് കാരണമെന്ന് റാങ്ക്പട്ടികയിലുള്ളവർ ആരോപിക്കുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനെതിരേ ഇവർ ഹൈക്കോടതിയിൽ ഹർജി നൽകി. വിവരാവകാശപ്രകാരം ശേഖരിച്ച രേഖകളും ഹാജരാക്കി. അതിന്റെ അടിസ്ഥാനത്തിൽ 73 ഒഴിവുകൾ താത്കാലികമായി റിപ്പോർട്ട് ചെയ്യാൻ ഹൈക്കോടതി നിർദേശം നൽകി. ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തെങ്കിലും നിയമനശുപാർശ അയയ്ക്കാനാകില്ല. ഹൈക്കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിലാണ് കമ്മിഷൻ തീരുമാനമെടുക്കുക. അതിനായി ഉദ്യോഗാർഥികൾ കാത്തിരിക്കുകയാണ്.

ക്ലാർക്ക്/കാഷ്യർ നിയമനം ഇതുവരെ

(ജില്ല, റാങ്ക്പട്ടിക നിലവിൽവന്ന തീയതി, ഒന്നാം പട്ടികയിലെ നിയമനം, രണ്ടാം പട്ടികയിലെ നിയമനം, ഏറ്റവും അവസാന ശുപാർശയുടെ തീയതി എന്ന ക്രമത്തിൽ)

തിരുവനന്തപുരം	22/3/2017	3	4	26/11/2019
കൊല്ലം	18/1/2017	5	7	27/9/2019
ആലപ്പുഴ	23/2/2017	18	13	26/11/2019
പത്തനംതിട്ട	31/1/2017	34	32	14/10/2019
കോട്ടയം	22/12/2016	32	37	30/9/2019
ഇടുക്കി	10/1/2017	19	21	9/4/2019
എറണാകുളം	6/1/2017	49	59	19/11/2019
തൃശ്ശൂർ	30/12/2016	39	41	6/9/2019
പാലക്കാട്	6/1/2017	31	28	26/8/2019
മലപ്പുറം	31/1/2017	34	36	20/8/2019
കോഴിക്കോട്	7/2/2017	29	36	20/7/2019
വയനാട്	18/1/2017	23	17	28/11/2019
കണ്ണൂർ	23/1/2017	30	22	3/7/2019
കാസർകോട്	23/1/2017	16	10	20/6/2019
	ആകെ	362	363	

50 നിയമനം തികച്ച ജില്ലയില്ല

തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് റാങ്ക്പട്ടിക നിലവിലുള്ളത്. രണ്ടുമാസത്തിനകം ഇവയും റദ്ദാകും.

50 നിയമനങ്ങൾ തികച്ച ഒരു ജില്ല പോലുമില്ല. നേരിട്ടുള്ളതിൽ ഏറ്റവും കൂടുതൽ നിയമനം നടന്നത് എറണാകുളത്താണ്. അതും 49-ൽ ഒതുങ്ങി. എറണാകുളത്ത് സൊസൈറ്റി കാറ്റഗറി നിയമനം 59 ആണ്. തിരുവനന്തപുരത്തിനുപുറമേ കൊല്ലത്തും നിയമനം രണ്ടക്കത്തിലെത്തിയില്ല. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഇനിയും കേരള ബാങ്കിലായിട്ടില്ല.

എന്നിട്ടും ഇവിടെയും നിയമനം കുറഞ്ഞു. നേരിട്ട് 34 പേർക്കും സൊസൈറ്റിതലത്തിൽ 36 പേർക്കുമാണ് ശുപാർശ ലഭിച്ചത്.

പി.എസ്.സി. പടിക്കുപുറത്ത്
പൊതുമേഖലകളിൽ പിൻവാതിൽ

വികലാംഗക്ഷേമ കോർപ്പറേഷനിൽ 13 പേർക്ക് നിയമനം

സ്ഥിരം ഒഴിവുകളിൽ പി.എസ്.സി. വഴിയും താത്കാലിക ഒഴിവുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയും നിയമനം നടത്തണമെന്ന് കർശന നിർദേശമുള്ളപ്പോഴും പൊതുമേഖലാ സ്ഥാപനങ്ങളിൽ പിൻവാതിൽ നിയമനം കൊഴുക്കുന്നു.

വികലാംഗക്ഷേമ കോർപ്പറേഷനും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനുമാണ് താത്കാലികക്കാരെ സ്ഥിരപ്പെടുത്തിയിരിക്കുന്നത്. പി.എസ്.സി വഴിയല്ലാതെയുള്ള ഇത്തരം നിയമനങ്ങൾക്ക് സർക്കാരും മൗനാനുവാദം നൽകുകയാണ്. ഈ സ്ഥാപനങ്ങളിൽ താത്കാലിക നിയമനങ്ങൾതോന്നുംപടിയാണ്. പി.എസ്.സി. റാങ്ക്പട്ടിക നിലവിലുള്ള തസ്തികകളിലും നിയമനം നടത്തുന്നുണ്ട്. അസിസ്റ്റൻറ് നിയമനത്തിനുള്ള റാങ്ക്പട്ടിക തയ്യാറാക്കാൻ പി.എസ്.സി. നടപടി വേഗത്തിലാക്കിവരികയാണ്.

പിന്നാക്ക വികസന കോർപ്പറേഷനിൽ സ്ഥിരപ്പെടുത്തൽ

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ 13 താത്കാലികക്കാരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചാണ് സ്ഥിരപ്പെടുത്തിയത്. ആറ് ഭിന്നശേഷിക്കാരും ഇക്കൂട്ടത്തിലുണ്ട്. തീരുമാനത്തിന് മന്ത്രിസഭായോഗം അംഗീകാരം നൽകി. കോർപ്പറേഷന്റെ വിവിധ പദ്ധതികൾക്കായി വിവിധ കാലഘട്ടങ്ങളിലായി നിയമിച്ചവരാണിവർ. തിരുവനന്തപുരം പാറ്റൂരിലെ ഭിന്നശേഷി സഹായ ഉപകരണ നിർമാണ കേന്ദ്രത്തിലെ ഏഴ് പേർ, സൗഭാഗ്യ പ്രിൻറിങ് പ്രസിലെ മൂന്ന് പേർ, മറ്റ് ക്ഷേമ പദ്ധതികൾക്കായി നിയമിച്ച മൂന്ന് പേർ എന്നിവരെയാണ് സ്ഥിരപ്പെടുത്തുന്നത്. 2011-ൽ ഇവരെ സ്ഥിരപ്പെടുത്താൻ നീക്കമുണ്ടായെങ്കിലും നടന്നില്ല.

പിന്നാക്കവിഭാഗ വികസന കോർപ്പറേഷനിൽ താത്കാലിക ഡ്രൈവറെയാണ് സ്ഥിരപ്പെടുത്തിയത്. സ്ഥിരനിയമനത്തിനുവേണ്ടി തയ്യാറാക്കിയ സ്പെഷ്യൽ റൂൾ പ്രകാരം താത്കാലിക ജീവനക്കാരന് യോഗ്യതയുണ്ടെന്ന് കാണിച്ച് മാനേജിങ് ഡയറക്ടർ നൽകിയ ശുപാർശ പ്രകാരമാണ് നടപടി. മറ്റ് ആറ് ഡ്രൈവർമാരെക്കൂടി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഒഴിവുകൾ പി.എസ്.സിക്ക് വിടാനുള്ള നടപടികൾ പുരോഗമിക്കുന്നതിനിടയിലാണ് സ്ഥിരപ്പെടുത്തലുണ്ടായത്.

പി.എസ്.സി. ഏറ്റെടുക്കും മുൻപേ ഇഷ്ടക്കാരെ സ്ഥിരപ്പെടുത്താനുള്ള നീക്കം കോർപ്പറേഷനിൽ തകൃതിയാണെന്ന് ജീവനക്കാർ തന്നെ കുറ്റപ്പെടുത്തുന്നു.

അടുത്തിടെ 25 കരാർ നിയമനങ്ങളും നടന്നിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി നിയമനം നേടിയ 60 കരാർ ജീവനക്കാരുണ്ട്. പുതിയ ഓഫീസുകളിൽ ഉൾപ്പെടെ 110 സ്ഥിരം ഒഴിവാണ് കോർപ്പറേഷനുള്ളത്.

പ്ലസ്ടുവിന് സയൻസ് പഠിച്ചില്ല
ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമക്കാർ പെരുവഴിയിൽ

പഠിക്കാം; പക്ഷേ ജോലിയില്ല

ഹയർ സെക്കൻഡറിക്ക് സയൻസ് പഠിച്ചില്ലെന്ന കാരണത്താൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വിജ്ഞാപനത്തിന് അപേക്ഷിക്കാനാകാതെ ആയിരത്തോളം പേർ നിരാശയിൽ. ഹ്യുമാനിറ്റീസ്, ആർട്സ്, കോമേഴ്സ് വിഷയങ്ങളിൽ പഠിച്ചവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിൽ പ്രവേശിപ്പിക്കുകയും ജോലിക്ക് അപേക്ഷിക്കുമ്പോൾ അവരെ മാറ്റിനിർത്തുകയും ചെയ്യുകയാണ്.

ഡിസംബർ 30-നാണ് ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-രണ്ടിന് പി.എസ്.സി. വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. 14 ജില്ലകളിലെയും പ്രതീക്ഷിത ഒഴിവുകളിലേക്കാണ് വിജ്ഞാപനം. മൂന്ന് യോഗ്യതയാണ് ആവശ്യപ്പെടുന്നത്.

1. സയൻസ് വിഷയത്തിൽ പ്ലസ് ടു വിജയം.
2. ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് വിജയം.
3. കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ.

പ്ലസ്ടുവിന് ഹ്യുമാനിറ്റീസ്, ആർട്സ്, കൊമേഴ്സ് വിഷയങ്ങൾ പഠിച്ചവർക്കാണ് അപേക്ഷ സമർപ്പിക്കാനാകാത്തത്. മുൻപത്തെ വിജ്ഞാപനങ്ങൾക്ക് അപേക്ഷിച്ചവർക്കും ഇപ്പോൾ അപേക്ഷിക്കാനാകുന്നില്ല. ഇനിയൊരു വിജ്ഞാപനത്തിന് അപേക്ഷിക്കാനാകാത്ത നിരവധിപ്പേർ ഇക്കൂട്ടത്തിലുണ്ട്.

സ്വകാര്യ-സ്വാശ്രയ സ്ഥാപനങ്ങളിൽ വലിയ ഫീസ് മുടക്കിയാണ് പലരും ജെ.എച്ച്. ഐ. കോഴ്സ് പഠിച്ചത്. ജെ.എച്ച്.ഐ. വിജയിച്ച എല്ലാവർക്കും അപേക്ഷിക്കാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ട് വകുപ്പുമന്ത്രിക്കും പി.എസ്.സി. ക്കും ഉദ്യോഗാർഥികൾ പരാതി നൽകി.

എന്നാൽ വിശേഷാൽചട്ടത്തിലെ യോഗ്യതയനുസരിച്ച് വിജ്ഞാപനം തയ്യാറാക്കുകയായിരുന്നു എന്നാണ് പി.എസ്.സി.യുടെ വിശദീകരണം. ചട്ടം ഭേദഗതിചെയ്താലേ എല്ലാ വിഭാഗക്കാർക്കും അവസരം നൽകാനാകൂ. സർക്കാരാണ് അതിന് മുൻകൈയെടുക്കേണ്ടതെന്നും പി.എസ്.സി. അറിയിച്ചു.

ASST. PROFESSOR (KPSC) & UGC-NET/JRF
ENGLISH
COMMERCE & HISTORY
Tel: 0471 2477707/ 9388361654
ASTRA Advanced Studies Training & Research Academy
Opp: BSNL Bhavan, Uppalam Road, Statue, Trivandrum

KAS
MODEL QUESTION PAPER
2000 OBJECTIVE QUESTIONS - SOLVED
(10 SETS Covering Entire Syllabus)
Available in Leading Book Stalls ₹100/-
ZODIAC PUBLISHERS
MANJALIKKULAM ROAD, THAMPANOOR
8138007275, 9746724672

അറിയാം, ബ്ലോക് ചെയിനിന്റെ 'ABCD'

COURSE 2 SUCCESS

ഡോ. എസ്. പ്രദീപ്



മാറുന്ന ലോകത്ത് ഏത് കോഴ്സ് പഠിച്ചാൽ വേഗം ജോലി നേടാം എന്ന ചിന്തയാകും പലർക്കും. അങ്ങനെയുള്ളവർക്ക് ഒരുകൈ നോക്കാവുന്ന മേഖലയാണ് ബ്ലോക് ചെയിൻ. കേരള സ്റ്റേറ്റ് ഡെവലപ്മെൻറ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്സ്) നടത്തുന്ന ആക്സിലറേറ്റഡ് ബ്ലോക് ചെയിൻ കോംപിറ്റൻസി ഡെവലപ്മെൻറ് (എബിസിഡി) കോഴ്സ്, ബ്ലോക് ചെയിൻ പഠനത്തിന്റെ പുത്തൻ അവസരങ്ങളം തുറന്നിടുകയാണ്.

എന്താണ് ബ്ലോക് ചെയിൻ?

ഒരു ഇടപാടിനെ സൂചിപ്പിക്കുന്ന ഡിജിറ്റൽ റെക്കോഡിനെ ബ്ലോക് എന്ന് പറയാം. ഇത്തരത്തിലുള്ള പല ബ്ലോക്കുകളം ചേർന്ന് രൂപംകൊള്ളുന്ന ചങ്ങലയാണ് ബ്ലോക് ചെയിൻ. ചെയിനിലെ ഓരോ ബ്ലോക്കും ഒരു പങ്കാളിയുമായി ബന്ധപ്പെട്ടിരിക്കും. അസംഖ്യം പങ്കാളികൾക്ക് ഇതിൽ ചേരാം. ഡിജിറ്റൽ വിവരങ്ങം വിതരണം ചെയ്യാനും പരസ്പരം സൗകര്യത്തോടെ കൈമാറാനും ഇത് ഉപകരിക്കും. വിവരങ്ങം സുതാര്യമായിരിക്കും. ബ്ലോക് ചെയിനെ ഡിസ്ട്രിബ്യൂട്ടഡ് ഡിജിറ്റൽ ലെഡ്ജറെന്നും സൂചിപ്പിക്കാറുണ്ട്.

ആഗോളതലത്തിൽതന്നെ ബ്ലോക് ചെയിൻവഴി ആയിരക്കണക്കിന് സെർവറുകളിൽ ഡേറ്റ ശേഖരിച്ചുവയ്ക്കാം. ഏത് പങ്കാളിയും കൂട്ടിച്ചേർക്കുന്ന ഡേറ്റ മറ്റുള്ളവർക്ക് അപ്പപ്പോം കാണാനും കഴിയും. കൃഷിമുതൽ ആരോഗ്യമേഖലയിൽ വരെ ഉപയോഗപ്പെടുത്താവുന്ന സാങ്കേതികവിദ്യയാണിത്.

ഗണിതശാസ്ത്രത്തിൽ ബിരുദാനന്തരബിരുദധാരിയായ എനിക്ക് എബിസിഡി കോഴ്സ് വളരെ പ്രയോജനം ചെയ്തു.

പഠനം പൂർത്തിയാക്കിയിറങ്ങിയ ഉടൻ സ്പെരികോൺ ടെക്നോളജീസിൽ ബ്ലോക് ചെയിൻ ഡെവലപ്പറായി ജോലിയാരംഭിച്ചു.

മേഘ കൃഷ്ണൻ എം.
ബ്ലോക് ചെയിൻ ഡവലപ്പർ, സ്പെരികോൺ ടെക്നോളജീസ്

എന്തുകൊണ്ട് ബ്ലോക് ചെയിൻ കോഴ്സ്?

കാലം മാറിയതോടെ ബാങ്കുകം, ലോജിസ്റ്റിക് കമ്പനികം, ആരോഗ്യപരിപാലന സ്ഥാപനങ്ങം, സർക്കാർ സ്ഥാപനങ്ങം എന്നിവയിലെല്ലാം തന്നെ ബ്ലോക് ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. അതിനാൽ ബ്ലോക്ചെയിനിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികംക്ക് വ്യത്യസ്ത മേഖലകളിൽ തൊഴിൽ തേടാനാകും കൂടാതെ, വിദേശരാജ്യങ്ങളിലും നിരവധി അവസരങ്ങളാണ് കാത്തിരിക്കുന്നത്.

തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.സി.ടി. അക്കാദമി ഓഫ് കേരള, കേരള ബ്ലോക് ചെയിൻ അക്കാഡമി എന്നീ സ്ഥാപനങ്ങം വഴി കോഴ്സ് പഠിക്കാം. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇൻഡസ്ടി കൺസോർഷ്യത്തിന്റെയും സർക്കാരിന്റെയും അംഗീകൃത സർട്ടിഫിക്കറ്റും ലഭിക്കും.

രണ്ട് ഭാഗമായുള്ള സർട്ടിഫിക്കേഷൻ

ബിരുദധാരികംക്കും തൊഴിൽ ചെയ്യുന്നവർക്കും ഉപകാരപ്രദമായ പരിശീലനപരിപാടിയാണിവിടെ. ഫുൾ സ്റ്റാക് ഡെവലപ്പർ സർട്ടിഫിക്കറ്റും ത്രീ ലെവൽ ബ്ലോക് ചെയിൻ സാങ്കേതികവിദ്യാ സർട്ടിഫിക്കറ്റുമാണ് ഇതിൽ പ്രധാനം. 160 മണിക്കൂർ ദൈർഘ്യമുള്ളതാണ് ഫുൾ സ്റ്റാക് കോഴ്സ്. ഫുൾ സ്റ്റാക്കിൽ മേഖലയിൽ രണ്ടുവർഷത്തെ പരിചയമുള്ള ജോലിക്കാർക്ക് കേരള ബ്ലോക് ചെയിൻ അക്കാദമിയിൽ നേരിട്ട് അപേക്ഷിക്കാം.

കോഴ്സുകൾ

ഫൗണ്ടേഷൻ സ്കിൽ ടെയിനിങ്– എച്ച്.ടി.എം.എൽ. 5, സി.എസ്.എസ്. 3, ജാവാ സ്ക്രിപ്റ്റ്, ആൻഗുലാർ ജെ.എസ്., എക്സ്പ്രസ് ജെ.എസ്., നോഡ് ജെ.എസ്., മോങ്കോ ഡി.ബി. തുടങ്ങിയ വിഷയങ്ങം ഉംപ്പെടുത്തിയുള്ളതാണ് ഫൗണ്ടേഷൻ സ്കിൽ പ്രോഗാം. 160 മണിക്കൂറാണ് കോഴ്സ് ദൈർഘ്യം(30 ദിവസം). വർക്കിങ് പ്രൊഫഷണലുകംക്കായി വാരാന്ത്യ സെഷനുമുണ്ട്. 84 മണിക്കൂറാണ് കോഴ്സ് ദൈർഘ്യം(എട്ട് ആഴ്ച വരെ).

ഫീസ്–ബിരുദ വിദ്യാർഥികംക്ക് 14,400 രൂപയാണ് കോഴ്സ് ഫീ. വർക്കിങ് പ്രൊഫഷണലുകംക്ക് 18,000 രൂപ.

ബ്ലോക് ചെയിൻ അസോസിയേറ്റ് ടെയിനിങ്– ബിരുദധാരികംക്ക് 30 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിന് 6000 രൂപയാണ് ഫീസ്. വർക്കിങ് പ്രൊഫഷണലുകംക്ക് 15,000 രൂപയും (ക്ലാസുകം ശനിയാഴ്ചകളിൽ)

ബ്ലോക് ചെയിൻ ഡെവലപ്പർ ടെയിനിങ്– ബിരുദധാരികംക്ക് ഫീസ് 20,000. കോഴ്സ് ദൈർഘ്യം 90 മണിക്കൂർ. വർക്കിങ് പ്രൊഫഷണലുകം: ഫീസ് 35,000. കോഴ്സ് ദൈർഘ്യം 90 മണിക്കൂർ.

ബ്ലോക് ചെയിൻ ആർക്കിടെക് ടെയിനിങ്– റെഗുലർ ഫീസ് 24,000 (വർക്കിങ് പ്രൊഫഷണലുകംക്ക് 50,000). കോഴ്സ് ദൈർഘ്യം 330 മണിക്കൂർ (30 ആഴ്ച മുഴുവൻസമയ ക്ലാസ്).

പ്രവേശന രീതി

ന്യൂമറിക്കൽ എബിലിറ്റി, ലോജിക്കൽ റീസണിങ്, കംപ്യൂട്ടർ സയൻസ് ബേസിക്സ് എന്നിവയെ അടിസ്ഥാനമാക്കി നടത്തുന്ന പ്രവേശനപ്പരീക്ഷയിലൂടെയാണ് തിരഞ്ഞെടുപ്പ് എൻജിനീയറിങ് ആൻഡ് സയൻസിൽ ബിരുദമുള്ള വിദ്യാർഥികംക്കും വർക്കിങ് പ്രൊഫഷണലുകംക്കും ഫെബ്രുവരി 15–ന് നടക്കുന്ന പ്രവേശനപ്പരീക്ഷയിൽ പങ്കെടുക്കാം.

രജിസ്ട്രേഷൻ ഫീസ് 500 രൂപ. പ്രവേശനപ്പരീക്ഷയിൽ 60 ശതമാനത്തിലധികം മാർക്ക് കരസ്ഥമാക്കുന്നവർക്ക് ഫീസിനത്തിൽ 50 ശതമാനം ഇളവ് ലഭിക്കും. നിശ്ചിത മാർക്കിൽ കൂടുതൽ നേടുന്ന സ്ത്രീകംക്ക് സൗജന്യമായി കോഴ്സ് പഠിക്കാം. കൂടുതൽ വിവരങ്ങംക്ക്: 04712700813.

(ഐ.സി.ടി അക്കാദമി ഓഫ് കേരളയിലെ നോളജ് ഓഫീസറാണ് ലേഖകൻ.)

വെബ് ഡെവലപ്മെൻറ് സ്കിൽ വർധിപ്പിക്കുന്നതിനും ഫുൾ സ്റ്റാക് ഡെവലപ്പറായി കരിയർ തുടങ്ങുന്നതിനും എബിസിഡി കോഴ്സ് സഹായകമായി. ഇവിടത്തെ പഠനമാണ് മികച്ച ജോലി നേടുന്നതിൽ എന്നെ സഹായിച്ചത്.

റോഷ്ന അക്കു കുര്യൻ
ഫുൾ സ്റ്റാക് ഡവലപ്പർ, മോസാൻട ടെക്നോളജീസ്

മാർക്കറ്റിങ്ങിൽ സോഷ്യൽ മീഡിയയാണ് താരം

ഡാറ്റാ യുഗമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇന്നത്തെക്കാലത്ത് സോഷ്യൽ മീഡിയയിൽ സജീവമല്ലാത്ത ആംക്കാർ വിരളമാണ്. സോഷ്യൽ മീഡിയയിലെ ഈ ജനസംഖ്യ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയാണിത്. ശ്രദ്ധയോടെ പ്രവർത്തിച്ചാൽ നിങ്ങംക്കും സോഷ്യൽ മീഡിയാ മാർക്കറ്റിലെ കിങ്ങാകാം.

എന്താണ് സോഷ്യൽ മീഡിയ മാർക്കറ്റിങ്?

ഒരു കച്ചവടസ്ഥാപനം തങ്ങളുടെ ഉപഭോക്താക്കളുമായി സമ്പർക്കം പുലർത്താൻ സോഷ്യൽ മീഡിയയെ ഉപയോഗിക്കുന്ന രീതിയാണിത്. ഒരു ബ്രാൻഡിനെ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാനും കച്ചവടം കൂട്ടാനുമെല്ലാം സോഷ്യൽ മീഡിയ മാർക്കറ്റിങ്ങിനെ കമ്പനികം വ്യാപകമായി ആശ്രയിക്കുന്നുണ്ട്. ഫെയ്സ്ബുക്ക്, ലിങ്ക്ഇൻ, ബ്ലോഗ്, ട്വിറ്റർ, യൂട്യൂബ് എന്നീ സമൂഹമാധ്യമങ്ങം വഴിയാണ് പ്രൊമോഷനുകളധികവും നടക്കുന്നത്. വളരെ ചെലവ് കുറഞ്ഞതും എന്നാൽ ഫലപ്രദവുമായ രീതിയാണിത്.

സ്വന്തം ബിസിനസ് സംരംഭമോ മറ്റുള്ളവരുടെ സംരംഭങ്ങളോ ഇതുവഴി നിങ്ങംക്ക് മാർക്കറ്റ് ചെയ്യാം. ഏത് രീതിയിലാണ് മാർക്കറ്റിങ് ചെയ്യുന്നത്, ലക്ഷ്യംവെക്കുന്ന ഉപഭോക്താക്കം ആരൊക്കെ, ഏത് മാധ്യമം ഉപയോഗിക്കണം തുടങ്ങിയ ചോദ്യങ്ങംക്ക് ഉത്തരങ്ങം കണ്ടെത്തി വ്യക്തമായ പ്ലാനിങ്ങോടെ ആരംഭിച്ചാൽ വൻ വരുമാനമുണ്ടാക്കിത്തരാൻ സോഷ്യൽ മീഡിയ മാർക്കറ്റിങ്ങിനാകും.

നേട്ടമെന്ത്?

കൃത്യമായ രീതിയിലാണ് മാർക്കറ്റിങ് നടത്തുന്നതെങ്കിൽ വെബ്സൈറ്റിലെത്തുന്ന ആംക്കാരുടെ എണ്ണം കൂടും. ഉത്പന്നങ്ങളും വേഗത്തിൽ വിറ്റുതീരും. ഇങ്ങനെ എത്തുന്നവർ തങ്ങളുടെ ആവശ്യങ്ങം പങ്കുവെക്കുന്നത് വഴി ഉത്പന്നങ്ങളും മാർക്കറ്റിങ് തന്ത്രങ്ങളും മെച്ചപ്പെടുത്താൻ സാധിക്കും. ഉത്പന്നത്തിന് ഉപഭോക്താക്കംക്ക് മുന്നിൽ മികച്ച ബ്രാൻഡ് നെയിം സൃഷ്ടിക്കാനാകും.

പവർ ഗ്രിഡിൽ 110 അസി. എൻജിനീയർ ട്രെയിനി

യോഗ്യത: എൻജിനീയറിങ് ബിരുദം ● അവസാന തീയതി: ഫെബ്രുവരി 7

പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിൽ 110 അസിസ്റ്റന്റ് എൻജിനീയർ ട്രെയിനി ഒഴിവ്. ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ 82 അവസരമുണ്ട്. 2019 ഗേറ്റ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്.

ഒഴിവുള്ള ട്രേഡുകളം, എണ്ണം, യോഗ്യത എന്ന ക്രമത്തിൽ.

ഇലക്ട്രിക്കൽ-82

യോഗ്യത: ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ(പവർ)/ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്/പവർ സിസ്റ്റം എൻജിനീയറിങ്/പവർ എൻജിനീയറിങ് (ഇലക്ട്രിക്കൽ) ബി.ഇ./ബി.ടെക്/ബി.എസ്സി. (എൻജി) ബിരുദം. ഗേറ്റ് വിജയം.

ഇലക്ട്രോണിക്സ്-10

യോഗ്യത: ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ/ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്യൂണിക്കേഷൻ/ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക്കൽ കമ്യൂണിക്കേഷൻ/ടെലികമ്യൂണിക്കേഷൻ എൻജിനീയറിങ് ബി.ഇ./ ബി.ടെക്/ബി.എസ്സി. (എൻജി) ബിരുദം. ഗേറ്റ് വിജയം.

സിവിൽ-18

യോഗ്യത: സിവിൽ എൻജിനീയറിങ് ബിരുദം. ഗേറ്റ് വിജയം.

പ്രായപരിധി: 28 വയസ്സ്. സംവരണവിഭാഗത്തിന് നിയമാനുസൃതവയസ്സിളവ് ലഭിക്കും.

വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കാനുമായി www.powergridindia.com എന്ന വെബ്സൈറ്റ് കാണുക. അപേക്ഷാഫീസ് 500 രൂപയാണ്. എസ്.സി./എസ്.ടി./ഭിന്നശേഷി/വിമുക്തഭടൻ എന്നിവർക്ക് ഫീസില്ല.

അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി: **ഫെബ്രുവരി 7**.

WEBSITE: www.powergridindia.com

നേവിയിൽ കായിക താരങ്ങൾക്ക് സെയിലറാവാം

നേവിയിലെ സ്പോർട്സ് ക്വാട്ട എൻട്രി 01/2020 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവിധ കായിക ഇനങ്ങളിൽ മികവ് തെളിയിച്ച അവിവാഹിതരായ പുരുഷൻമാർക്കാണ് അവസരം.

ഡയറക്ട് എൻട്രി പെറ്റി ഓഫീസർ, സീനിയർ സെക്കൻഡറി റിക്രൂട്ട്മെൻറ്, മെട്രിക് റിക്രൂട്ട്സ് വിഭാഗങ്ങളിലാണ് ഒഴിവുകളം. അത്ലറ്റിക്സ്, അക്വാറ്റിക്സ്, ബാസ്കറ്റ്ബോൾ, ബോക്സിങ്, ക്രിക്കറ്റ്, ഫുട്ബോൾ, ജിംനാസ്റ്റിക്സ്, ഹാൻഡ്ബോൾ, കബഡി, വോളിബോൾ, വെയ്റ്റ്ലിഫ്റ്റിങ്, റസ്ലിങ്, സ്ക്വാഷ്, ഫെൻസിങ്, ഗോൾഫ്, ടെന്നീസ്, കയാക്കിങ് ആൻഡ് കനോയിങ്, റോവിങ്, ഷൂട്ടിങ്, സെയിലിങ് ആൻഡ് വിൻഡ് സർഫിങ് കായിക ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് അപേക്ഷിക്കാം.

വിഭാഗം: ഡയറക്ട് എൻട്രി പെറ്റി ഓഫീസർ

പ്രായം: 17-22 (കോഴ്സ് ആരംഭിക്കുന്ന തീയതി അടിസ്ഥാനമാക്കിയാണ് മുഴുവൻ തസ്തികയുടെയും പ്രായം നിർണയിക്കുന്നത്. 1998 ഫെബ്രുവരി ഒന്നിനും 2003 ജനുവരി 31-നും ഇടയിൽ ജനിച്ച വരായിരിക്കണം).

യോഗ്യത: 10+2/തത്തുല്യം.

കായികയോഗ്യത: ടീം ഗെയിംസ്: (ജൂനിയർ/സീനിയർ തലത്തിൽ ഇൻറർനാഷണൽ/നാഷണൽ/സ്റ്റേറ്റ് തല മത്സരങ്ങളിൽ പങ്കെടുത്തിരിക്കണം. അല്ലെങ്കിൽ ഇൻറർയൂണിവേഴ്സിറ്റി തലത്തിൽ യൂണിവേഴ്സിറ്റിയെ പ്രതിനിധാനം ചെയ്തിരിക്കണം).

വ്യക്തിഗത ഇനം: (ദേശീയതലത്തിൽ -സീനിയർ വിഭാഗത്തിൽ- കുറഞ്ഞത് ആറാംസ്ഥാനം ലഭിച്ചിരിക്കണം. അല്ലെങ്കിൽ ദേശീയതലത്തിൽ -ജൂനിയർ വിഭാഗത്തിൽ- കുറഞ്ഞത് മൂന്നാംസ്ഥാനം ലഭിച്ചിരിക്കണം. അല്ലെങ്കിൽ ഇൻറർയൂണിവേഴ്സിറ്റി തലത്തിൽ കുറഞ്ഞത് മൂന്നാംസ്ഥാനം).

വിഭാഗം: സീനിയർ സെക്കൻഡറി റിക്രൂട്ട്മെൻറ് (SSR)

പ്രായം: 17-21 (1999 ഫെബ്രുവരി ഒന്നിനും 2003 ജനുവരി 31-നും ഇടയിൽ ജനിച്ചവരായിരിക്കണം).

യോഗ്യത: 10+2/തത്തുല്യം

കായികയോഗ്യത: ഇൻറർനാഷണൽ/നാഷണൽ/സ്റ്റേറ്റ് തലത്തിലോ ഇൻറർയൂണിവേഴ്സിറ്റി മത്സരങ്ങളിൽ ഏതെങ്കിലും യൂണിവേഴ്സിറ്റിക്കുവേണ്ടിയോ പങ്കെടുക്കണം.

വിഭാഗം: മെട്രിക് റിക്രൂട്ട്സ് (MR)

പ്രായം: 17-21 (1999 ഏപ്രിൽ ഒന്നിനും 2003 മാർച്ച് 31-നും ഇടയിൽ ജനിച്ചവരായിരിക്കണം).

യോഗ്യത: പത്താംക്ലാസ്/ തത്തുല്യം

കായികയോഗ്യത: ഇൻറർനാഷണൽ/നാഷണൽ/സ്റ്റേറ്റ് തലത്തിൽ പങ്കെടുത്തിരിക്കണം.

ശാരീരികയോഗ്യത: ഉയരം 157 സെ.മീ. ഉയരത്തിനനുസരിച്ച ഭാരവും നെഞ്ചളവും വേണം. നെഞ്ചളവിൽ അഞ്ചു സെ.മീ. വികാസശേഷി വേണം. പരന്ന പാദം, കൂട്ടിമുട്ടുന്ന കാൽമുട്ട്, വെരിക്കോസ് വെയ്ൻ എന്നിവ അയോഗ്യതയാണ്.

ശാരീരികമായും മാനസികമായും മികച്ച ആരോഗ്യമുള്ളവരായിരിക്കണം അപേക്ഷകർ.

ശമ്പളം: പരിശീലനകാലയളവിൽ 14,600 രൂപ സ്റ്റൈപ്പെൻഡ് ലഭിക്കും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 21,700-43,100 രൂപ നിരക്കിൽ ശമ്പളം ലഭിക്കും.

തിരഞ്ഞെടുപ്പ്: കായികപരിശോധന, വൈദ്യപരിശോധന എന്നിവയ്ക്ക് ശേഷമാണ് തിരഞ്ഞെടുപ്പ്.

അപേക്ഷ: www.joinindiannavy.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷയുടെ മാതൃക ഉംപ്പെടുന്ന വിജ്ഞാപനം ഡൗൺലോഡ് ചെയ്തെടുക്കാം. നിർദേശങ്ങംക്കനുസൃതമായിവേണം അപേക്ഷ പൂരിപ്പിക്കാൻ.

അപേക്ഷയിൽ നിർദിഷ്ടസ്ഥാനത്ത് ഫോട്ടോ പതിക്കണം. അപേക്ഷ പൂരിപ്പിച്ച് പ്രായം, മെട്രിക്കുലേഷൻ സർട്ടിഫിക്കറ്റ്, 10+2 സർട്ടിഫിക്കറ്റ്, മാർക്ക്ലിസ്റ്റ്, ഡൊമിസൈൽ സർട്ടിഫിക്കറ്റ്, കായിക മികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പുകം സഹിതം സാധാരണ തപാലിൽ അയയ്ക്കണം.

സ്വന്തം വിലാസമെഴുതിയ രണ്ട് കവറും (22 × 10 സെ.മീ., ഒന്നിൽ പത്തുരൂപാ സ്റ്റാമ്പ് പതിച്ചത്) നീല പശ്ചാത്തലത്തിൽ എടുത്ത ഒരു കളർ പാസ്പോർട്ട്സൈസ് ഫോട്ടോയും (പിറകിൽ പേരും ഒപ്പും വ്യക്തമാക്കിയത്) അപേക്ഷയ്ക്കൊപ്പം ഉംപ്പെടുത്തണം. രേഖകം അപേക്ഷയുടെ കൂടെ പഞ്ച് ചെയ്ത് കെട്ടിവെക്കണം. ബ്രൗൺ കളർ കവറിലാണ് അപേക്ഷ അയയ്ക്കേണ്ടത്.

കവറിന് പുറത്ത് ടൈപ്പ് ഓഫ് എൻട്രി, കായിക ഇനം, നേട്ടം എന്നിവ വ്യക്തമാക്കിയിരിക്കണം. (Ag.PO/SSR/MR/NMR 01/2020 KABBADI - NATIONAL LEVEL).

അപേക്ഷയും മറ്റ് രേഖകളും അയയ്ക്കേണ്ട വിലാസം:

THE SECRETARY, INDIAN NAVY SPORTS CONTROL BOARD, 7th Floor, Chanakya Bhavan, INTEGRATED HEADQUARTERS, MoD (NAVY), NEW DELHI-110 021.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ജനുവരി 26**.

WEBSITE: www.joinindiannavy.gov.in

മലയാളം
കോളേജ് അദ്ധ്യാപക പരീക്ഷ ജയിക്കാൻ
JRF, NET, H.S.A. ദീർഘകാല ക്ലാസ്സുകൾ
P.G.STUDY CENTRE
S.N.Coll.Jn.Kollam
9605587698, 9895121816

FOOD SAFETY OFFICER
2015 ൽ നടന്ന FSO പരീക്ഷയിൽ 200 ൽ അധികം റാങ്കുകൾ കരസ്ഥമാക്കിയ ഏക സ്ഥാപനം
CLASSES @ TRIVANDRUM KOLLAM, THRISSUR KOZHIKODE
AIMS
S.N. COLLEGE JN., KOLLAM
PH : 7510447075
9746402383

PSC Coaching
Asst. Professor
COMMERCE AND ENGLISH
ERNAKULAM
Contact 9400834230 7593944419
Study Materials Available

Kollam IES
(Pioneers in Banking Service Recruitment Training)
Olayil, Depot Road, Kollam-691009, Kerala.
Phone: 0474- 2794388, 9447194388
e-mail:ieskollam@gmail.com.

SBI CLERKS 8000/ RBI ASST. 926

SBI PO
Devika Ratnan V.S | Hajira Haneef | Keerthana K | A.Anish 9442221131 | Alvin P Koshi 8547260916 | Sumayya K.M | Prathush Prasad 9940237355 | Sreekanth Ramesh 9741710159 | Salma Lal | Anju M Laj | Aswin C.V 9207013802 | Amrutha Krishnan | Ajay Shaji 9744549287 | Abhilash M 8883961028

SBI PO
Afnitha Basheer | Ananthapadmanabhan 8129954757 | Arya R.V | Vishnu R 9496654662 | Ashna. H

SBI CL
Jyothish.V 7760400307 | Meera Terrence Antony | Keerthana K | Arjun M.S 9446594211 | Aswathy Dhakaran | Roshna Nizar | Aswathy J.R | Jafson G Jose 8547889676 | Syam Prakash 9895173520

SBI CL
Aswin C.V 9207013802 | Nishanth 9545084905 | Swathy R Pillai | Mohith 8281979480 | Jayaprasad C.V 8438171475 | Akhil S 9809725567 | Samson Benhur 9446978400 | Anjali T Pillai | Alwin Santhosh 9495157783

RBI CL
Sunil Kumar K 8860590273 | Midhun Raj 9995547963 | Deepak G 9746364991 | Ambady K.V 7012735400

For more result visit our web: www.ieskollam.org

Directors:
M.P. SASIDHARAN ● R.S. BEENA SASIDHARAN

FREE SEMINAR KOZHIKODE
25.01.2020 10 am
K.P. KESAVAMENON HALL
NEW BUS STAND

Cochin
N.S.S. Karayogam Building,
K.P. Vallon Road,Kadavanthra
8089261210,9400006304

Our Residential Training Centre at
Pullichira, Kottiyam, Kollam.
0474- 2794388, 9400006303

Join only in a Proper Institute

ജോലി ഉറപ്പാക്കുംവരെ പരിശീലനം
Civil/Mechanical/Electrical/Electronics (Long term batch for B-tech & Diploma Holders)
Lecturer Electronics | AMVI-2020
Overseer KWA | KSEB AE/Sub Engr
RRB NTPC | SSC CHSL/MTS
മുൻ പരീക്ഷയിലെ ചരിത്രവിജയം ആവർത്തിക്കാൻ
കൃത്യമായ സിലബസിൽ സിലബസിക്കായി ക്ലാസ്സുകൾ എടുക്കുന്ന ഏക സ്ഥാപനം
Food Safety Officer
Staff Nurse | Pharmacist
Health Inspector
ACE Karunagappally
Branches: Trivandrum, Calicut & Kottayam
Ph: 7034199928, 9037199928

ടെക്നോപാർക്ക്
തിരുവനന്തപുരം

ഇൻഫോപാർക്ക്
കൊച്ചി

സീനിയർ പി.എച്ച്.പി. പ്രോഗ്രാമർ

വനില നെറ്റ്വർക്സ് ലിമിറ്റഡിൽ സീനിയർ പി.എച്ച്.പി. പ്രോഗ്രാമർമാരെ ആവശ്യമുണ്ട്. പി.എച്ച്.പി., മൈസീക്വൽ, ലാരവൽ, ആംഗുലാർ ജെഎസ്. എന്നിവയിൽ വൈദഗ്ധ്യമുണ്ടായിരിക്കണം. എം.വി.സി. ആർക്കിടെക്ചറിൽ ധാരണ വേണം, എ.പി.ഐ, ജെസൺ, സോപ്, റെസ്റ്റ് എന്നിവയിൽ പരിചയം വേണം. വിദ്യാഭ്യാസയോഗ്യത: ബിരുദം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഒഴിവുണ്ട്. അവസാന തീയതി: **ജനുവരി 31**, ഇ മെയിൽ: recruit@vanillanetworks.com

വനില നെറ്റ്വർക്സ് ലിമിറ്റഡ്, മൊഡ്യൂൾ 012, നിള ബിൽഡിങ്, ടെക്നോപാർക്ക്, തിരുവനന്തപുരം.

ബിസിനസ് ഡവലപ്പ്മെൻറ് മാനേജർ

നിയോവൈബ് ഇന്നവേറ്റീവ് ടെക്നോളജീസിൽ ബിസിനസ് ഡവലപ്പ്മെൻറ് മാനേജർമാരെ തേടുന്നു. മിഡിൽ ഈസ്റ്റ്, ഇന്ത്യ എന്നിവിടങ്ങളിൽ കമ്പനിയുടെ സാസ് ഉത്പന്നങ്ങൾ വിൽക്കുകയാണ് ചുമതല. നല്ല ആശയവിനിമയശേഷി ഉണ്ടായിരിക്കണം. ഐ.ടി. മേഖലയിൽ മാർക്കറ്റിങ് പരിചയമുണ്ടായിരിക്കണം. പെൺകുട്ടികൾക്കാണ് മുൻഗണന. അവസാന തീയതി: **ജനുവരി 31**, ഇ മെയിൽ: hr@neovibe.in

നിയോവൈബ് ഇന്നവേറ്റീവ് ടെക്നോളജീസ്, മൊഡ്യൂൾ നമ്പർ 11, റൂഫ്ടോപ്പ്, ഗായത്രി ബിൽഡിങ്, ഫേസ് 1, ടെക്നോപാർക്ക്, തിരുവനന്തപുരം.

ആംഗുലാർ ഡവലപ്പർ

ആർ.എസ്.ജി.പി. കൺസംട്ടിങ് ലിമിറ്റഡിൽ ആംഗുലാർ ഡവലപ്പർമാരെ തേടുന്നു. ആറുമാസം മുതൽ രണ്ടുവർഷംവരെ ആംഗുലാർ 6+ ൽ പ്രവൃത്തിപരിചയമുള്ളവർക്കാണ് അവസരം. ലാരവൽ, കോഡ് ഇഗ്നൈറ്റർ, പി.എച്ച്.പി., മൈസീക്വൽ, മോംഗോ ഡി.ബി, എച്ച്.ടി.എം.എൽ. 5, സി.എസ്.എസ്. 3, എക്സ്.എം.എൽ., ബൂട്ട്സ്ട്രാപ്, മറ്റീരിയൽ ഡിസൈൻ എന്നിവയിൽ ധാരണയുണ്ടായിരിക്കണം. http://rivervalleytechnologies.com/online-job-application എന്ന ലിങ്ക് വഴിയാണ് അപേക്ഷിക്കേണ്ടത്. അവസാന തീയതി: **ജനുവരി 31**, ഇ മെയിൽ: career@rivervalleytechnologies.in

ആർ.എസ്.ജി.പി. കൺസംട്ടിങ് ലിമിറ്റഡ്, മൊഡ്യൂൾ നമ്പർ 2504 ബി, അഞ്ചാം നില, യമുന ബിൽഡിങ്, ഫേസ് 3, ടെക്നോപാർക്ക്, തിരുവനന്തപുരം.

ഐ.ഒ.എസ്. ഡവലപ്പർ

കൊളാബറേറ്റീവ് ലേണിങ് ലാബ്സിൽ ഐ.ഒ.എസ്. ഡവലപ്പറുടെ ഒഴിവുണ്ട്. രണ്ടുമുതൽ മൂന്നുവർഷം വരെ പ്രവൃത്തിപരിചയമുള്ളവർക്കാണ് അവസരം. ഒബ്ജക്ടീവ് സി, സ്വിഫ്റ്റ്, ഐ.ഒ.എസ്. ഫ്രെയിംവർക്സ്, സ്റ്റോറി ബോർഡ്സ്, റെസ്റ്റ്ഫുൾ എ.പി.ഐ. എന്നിവയിൽ പരിചയമുണ്ടായിരിക്കണം. ആപ്പിളിന്റെ ഡിസൈൻ സ്പെസിഫിക്കേഷനിൽ ധാരണയുണ്ടായിരിക്കണം. യു.ഐ./യു.എക്സ്. ഡിസൈനിങ്ങിൽ നല്ല ധാരണയുണ്ടായിരിക്കണം. അവസാന തീയതി: **ജനുവരി 31**, ഇ മെയിൽ: info@collabll.com

കൊളാബറേറ്റീവ് ലേണിങ് ലാബ്സ്, സി 15, മൂന്നാം നില, ഗായത്രി ബിൽഡിങ്, ടെക്നോപാർക്ക് ഫേസ് 1, തിരുവനന്തപുരം.

വെബ് ഡിസൈനർ

ഇൻഡസ്ട്രോൺ നാനോടെക്നോളജി ലിമിറ്റഡിൽ വെബ് ഡിസൈനർമാരെ തേടുന്നു. ഗ്രാഫിക് ഡിസൈനിലും കംപ്യൂട്ടർ പ്രോഗ്രാമിങ്ങിലും നല്ല ധാരണയുള്ളവരായിരിക്കണം. വിദ്യാഭ്യാസ യോഗ്യത: ബിരുദം. മൂന്നുവർഷത്തെയെങ്കിലും പ്രവൃത്തിപരിചയമുള്ളവർക്കാണ് അവസരം. കണ്ടൻറ് ക്രിയേഷൻ, എഡിറ്റിങ്, വെബ് പേജ് ഡിസൈനിങ് എന്നിവയിൽ നല്ല കഴിവുണ്ടായിരിക്കണം. ഫോട്ടോഷോപ്പ്, ഇല്ലസ്ട്രേറ്റർ, വിഷ്വൽ ഡിസൈൻ ടൂളുകൾ, വയർ ഫ്രെയ്മിങ് ടൂളുകൾ, എച്ച്.ടി.എം.എൽ., സി.എസ്.എസ്., ജാവസ്ക്രിപ്റ്റ് എന്നിവ അറിഞ്ഞിരിക്കണം. അവസാന തീയതി: **ജനുവരി 31**, ഇമെയിൽ: HR@industronnano.com

ഇൻഡസ്ട്രോൺ നാനോടെക്നോളജി ലിമിറ്റഡ്, 401, നാലാം നില, തേജസ്വിനി ബിൽഡിങ്, ടെക്നോപാർക്ക്, തിരുവനന്തപുരം.

പി.എച്ച്.പി. ഡവലപ്പർ

കോംഡൂഡ്സ് ലിമിറ്റഡിൽ പി.എച്ച്.പി. ഡവലപ്പർമാരെ ആവശ്യമുണ്ട്. പി.എച്ച്.പി.യിലും മൈസീക്വലിലും ഒരുവർഷത്തിലധികം പ്രവൃത്തിപരിചയമുള്ളവർക്കാണ് അവസരം. എത്രയും വേഗം ജോയിൻ ചെയ്യാൻ തയ്യാറായിരിക്കണം. കോഡ് ഇഗ്നൈറ്റർ, ലാരവൽ ഫ്രെയിംവർക്ക്, എം.വി.സി. പാറ്റേൺ, അജാക്സ്, റെസ്റ്റ്ഫുൾ എ.പി.ഐ, ജിറ്റ്, ഹിരോകു എന്നിവയിൽ ധാരണയുണ്ടായിരിക്കണം. അവസാന തീയതി : **ജനുവരി 31**, ഇ മെയിൽ: jobs@comdudes.com

കോംഡൂഡ്സ് ലിമിറ്റഡ്, എസ്.ബി.സി. – 1, രണ്ടാം നില, തപസ്യ ബിൽഡിങ്, ഇൻഫോപാർക്ക് ഫേസ് 1, കാക്കനാട്, കൊച്ചി.

അഡ്മിനിസ്ട്രേറ്റീവ് എക്സിക്യൂട്ടീവ്

മിറ്റ്സോഗോ ലിമിറ്റഡിൽ ഓഫീസിലെ ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്റീവ് എക്സിക്യൂട്ടീവിനെ ആവശ്യമുണ്ട്. ഓഫീസിലെ ചെലവും മറ്റ് കാര്യങ്ങളും കൃത്യമായി റിപ്പോർട്ട് ചെയ്യാനാകണം. വിദ്യാഭ്യാസയോഗ്യത: എം.ബി.എ./ പി.ജി.ഡി.എം. ആൺകുട്ടികൾക്കാണ് മുൻഗണന. എം.എസ്. ഓഫീസ് അറിഞ്ഞിരിക്കണം. നല്ല ആശയവിനിമയശേഷി ഉണ്ടായിരിക്കണം. അവസാന തീയതി: **ജനുവരി 31**, ഇ മെയിൽ: careers@mitsogo.com

മിറ്റ്സോഗോ ലിമിറ്റഡ്, ഏഴാം നില, ഫേസ് 2, കാർണിവൽ ഇൻഫോപാർക്ക്, കാക്കനാട്, കൊച്ചി.

ജൂനിയർ സിസ്റ്റം എൻജിനീയർ

ഐൻ ടെക് സർവീസസിൽ ജൂനിയർ സിസ്റ്റം എൻജിനീയർമാരെ ആവശ്യമുണ്ട്. തുടക്കക്കാർക്കാണ് അവസരം. വിദ്യാഭ്യാസ യോഗ്യത: ബിടെക്/ ത്രിവത്സര ഡിപ്ലോമ, എം.സി.എസ്.ഇ./ എം.സി.എസ്.എ. സർട്ടിഫിക്കേഷൻ ഉള്ളവർക്ക് മുൻഗണന. ഇംഗ്ലീഷ് നന്നായി കൈകാര്യം ചെയ്യാൻ കഴിയണം. രാത്രി ജോലി ചെയ്യാൻ തയ്യാറായിരിക്കണം. അവസാന തീയതി: **ജനുവരി 31**, ഇ മെയിൽ: hr@eynetech.com

ഐൻ ടെക് സർവീസസ്, ലെവൽ 9, ടവർ -1, ട്രാൻസ് ഏഷ്യ സൈബർ പാർക്ക്, ഇൻഫോപാർക്ക് ഫേസ് -2, ബ്രഹ്മപുരം, കൊച്ചി.

ജൂനിയർ ഡവലപ്പർ

മിത്ര ഐ.ടി. സൊലൂഷൻസിൽ ജൂനിയർ ഡവലപ്പർമാരെ തേടുന്നു. ഒരുവർഷംവരെ പ്രവൃത്തിപരിചയമുള്ളവർക്ക് അപേക്ഷിക്കാം. കോഡ് ഇഗ്നൈറ്ററിൽ പരിചയമുള്ളവർക്ക് മുൻഗണന. അവസാന തീയതി: **ജനുവരി 30**, ഇ മെയിൽ: careers@mithraitsolutions.com

മിത്ര ഐ.ടി. സൊലൂഷൻസ്, ഗ്രൗണ്ട് ഫ്ളോർ, കാർണിവൽ ഇൻഫോപാർക്ക്, ഫേസ് 1, കൊച്ചി.

സെലീനിയം ഓട്ടോമേഷൻ ടെസ്റ്റർ

വൈശേഷിക കൺസംട്ടിങ് ലിമിറ്റഡിൽ സെലീനിയം ഓട്ടോമേഷൻ ടെസ്റ്ററുടെ ഒഴിവുണ്ട്. നാലുമുതൽ അഞ്ചുവർഷം വരെ പ്രവൃത്തിപരിചയമുള്ളവർക്കാണ് അവസരം. സെലീനിയം വെബ്ഡ്രൈവർ, ജാവസ്ക്രിപ്റ്റ് എന്നിവയിൽ നല്ല പരിചയമുണ്ടായിരിക്കണം. ഓട്ടോമേഷൻ ഫ്രെയിംവർക്ക് ഡിസൈനിങ്ങിൽ ധാരണയുണ്ടായിരിക്കണം. ഓട്ടോമേഷൻ ടെസ്റ്റിങ് അറിഞ്ഞിരിക്കണം. എസ്.ഡി.എൽ.സി., അജൈൽ മെത്തഡോളജി എന്നിവയിൽ ധാരണയുണ്ടായിരിക്കണം. അവസാന തീയതി: **ജനുവരി 31**, ഇ മെയിൽ: vaisesika@vaisesika.in

വൈശേഷിക കൺസംട്ടിങ് ലിമിറ്റഡ്, രണ്ടാം നില, അതുല്യ അനക്സ് ബ്ലോക്ക്, ഇൻഫോപാർക്ക് സ്പെഷ്യൽ എക്കണോമിക് സോൺ, കാക്കനാട്, കൊച്ചി.

CLASSIFIED ADVERTISEMENTS

EDUCATION

കോച്ചിങ്

മീഡിയ കോഴ്സുകൾ

ഗവ: അംഗീകൃത ഡിപ്ലോമ കോഴ്സുകൾ, പ്ലസ്ടു യോഗ്യത, വീഡിയോ എഡിറ്റിങ്, വിഷ്വൽ എഫക്ട്സ്, ഫോട്ടോഗ്രഫി, സൗണ്ട് എഞ്ചിനീയറിംഗ്, ഓഡിയോ വിഷ്വൽ എഞ്ചിനീയറിംഗ്. 04714011477, 9496939333.

ജോലിയോടൊപ്പം പഠനം

Film Making, Film Editing, Film Animation, Photography, Videography VFX, Graphics- Web- Interior designing. Placement Assistance. Nova Institute, Ernakulam. 7025900000, 9072473555.

സ്റ്റാഫ് നേഴ്സ് PSC പരിശീലനം ചേർത്തലയിൽ 8943485110

DHS JPHN ക്ലാസുകൾ ചേർത്തല രാമവർമ്മ കോളേജ്. Near KSRTC.

EMPLOYMENT

NBI-ൽ അവസരം

10th, +2 ജില്ലാതലത്തിൽ (18-26) (15,500 - 25,500) 9744411759, 9539390953.

ജോലി ഒഴിവ്

യോഗ്യത ഏതുമാകട്ടെ

ജില്ലാടിസ്ഥാനത്തിൽ നിയമനം. Below- 26. (22000). 9947714621.

+2, Degree, pass/ failed

കമ്പനിയുടെ പുതിയ സെക്ഷനിലേക്ക് ഒഴിവ്, below: 24 (18,000-24,000) 7560828077.

വിവിധ തസ്തികകളിൽ Staff നിയമനം

Evertech യോഗൃതാടിസ്ഥാനത്തിൽ ജില്ലയിൽ നിയമനം (18-27) (8300-17800). 8547985149.

സുവർണ്ണാവസരങ്ങൾ

KHCD-യുടെ താലൂക്ക്തല ഓഫീസുകളിലേക്ക് സ്ഥിരനിയമനം. (14,000- 24,000/-), (Below- 28), +2 Above. 7994201401, 9072744181.

SSLC, +2 കാർക്ക്

ജില്ലാതല ഓഫീസുകളിൽ നിയമനം. (18-27) 22,500/-. 7558883602, 6238348656.

ആവശ്യമുണ്ട്

പ്രമുഖ സ്ഥാപനത്തിലേക്ക് തയ്യൽക്കാരെ (സ്ത്രീ/ പുരുഷൻ) ആവശ്യമുണ്ട് തിരുവനന്തപുരം, കരമന. Ph: 9447774131, 9500013131, 9495974131. www.archanahacademy.in

Aided Teachers

TTC, UPSA- Hindi, Sanskrit, HSA- Hindi, English, Malayalam, Maths, PT. HSST- Political Science, Economics, Peon, All Subjects. Santhoshmenon 9447277295

ആവശ്യമുണ്ട്

Automobile Electrical സാധനങ്ങൾ നിർമ്മിക്കുന്ന ISO കമ്പനികൾക്ക് B.Tech, Diploma, ITI, 10th, +2, Degree. അപേക്ഷിക്കുക: coimbatoreindustries61@gmail.com, 09629686282.

ഓഫീസ് സ്റ്റാഫ് നിയമനം

Clerical/ Administrative, Age: 18- 25 SSLC, Degree (15,500- 25,500) 8129877281, 9400855897.

Medical Coding @ IT Parks

Salary 30,000/- after training. Life Science graduates. Transorze, Technopark, Infopark, Cyberpark. 8281114353/ 8281114354

Wanted

Wanted Sales Executives, Account Assistant, Driver and Helper. Contact No. 9447083476, 0484-2373712.

വാക്കൊന്നിന് രൂപ ~~150~~ 100ന് തൊഴിൽവാർത്തയിൽ പരസ്യമോ

mathrubhumi Classifieds

MATHRUBHUMI CLASSIFIEDS പേജിൽ പ്രസിദ്ധീകരിക്കുന്ന തൊഴിലവസര പരസ്യങ്ങൾ ഇപ്പോൾ **വാക്കൊന്നിന് 100 രൂപ** മാത്രം അധികം നൽകി ഇന്ത്യയിലെ ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന തൊഴിൽ പ്രസിദ്ധീകരണമായ **മാതൃഭൂമി തൊഴിൽവാർത്തയിൽകൂടി പ്രസിദ്ധീകരിക്കാം**

കൂടുതൽ വിവരങ്ങൾക്ക് 9895033003

മുന്നറിയിപ്പ്

മാതൃഭൂമി തൊഴിൽവാർത്തയിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് മുമ്പായി ആയതിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരസ്യക്കാരുടെ ഏതെങ്കിലും അവകാശവാദങ്ങോ ശരിയാണെന്ന് ദി മാതൃഭൂമി പ്രിൻറിങ് ആൻറ് പബ്ലിഷിങ് കമ്പനി ലിമിറ്റഡിന്റെ പ്രസാധകർ ഉറപ്പുനൽകുന്നില്ല. പരസ്യക്കാരുടെ അവകാശവാദങ്ങോ തെറ്റാണെന്നു കണ്ടാലോ ആർക്കെങ്കിലും തന്മൂലം വല്ല കഷ്ടനഷ്ടങ്ങോ സംഭവിച്ചാലോ ദി മാതൃഭൂമി പ്രിൻറിങ് ആൻറ് പബ്ലിഷിങ് കമ്പനി ലിമിറ്റഡിന്റെ പ്രിൻറോ പബ്ലിഷറോ എഡിറ്ററോ ഉദ്യോഗസ്ഥരോ മറ്റു ജീവനക്കാരോ ഉത്തരവാദികോ ആയിരിക്കുന്നതല്ല.

മലബാർ സിമന്റ്സിൽ അവസരം

മാനേജർ, എൻജിനീയർ, കെമിസ്റ്റ് തസ്തികകളിൽ ഒഴിവ്

കേരള സർക്കാർ സ്ഥാപനമായ മലബാർ സിമൻറ്സിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ആറ് ഒഴിവുണ്ട്. തസ്തികയും യോഗ്യതയും ചുവടെ:

ജനറൽ മാനേജർ (വർക്സ്)- കരാർനിയമനം; മെക്കാനിക്കൽ/ഇലക്ട്രിക്കൽ/കെമിക്കൽ എൻജിനീയറിങ്ങിൽ ബിരുദം, മാനേജ്മെൻറിൽ അഡീഷണൽ ഡിഗ്രി/ഡിപ്ലോമ ഉള്ളവർക്ക് മുൻഗണന. 18 വർഷത്തെ പരിചയം വേണം.

മാനേജർ (പ്രൊഡക്ഷൻ): മെക്കാനിക്കൽ/ കെമിക്കൽ എൻജിനീയറിങ്ങിൽ ബിരുദം/കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം. 13 വർഷത്തെ പരിചയം.

ചീഫ് എൻജിനീയർ (മെക്കാനിക്കൽ): മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബിരുദം, 13 വർഷത്തെ പരിചയം.

ചീഫ് കെമിസ്റ്റ്: എം.എസ്സി. (കെമിസ്ട്രി), 13 വർഷത്തെ പരിചയം.

മാനേജർ (മെറ്റീരിയൽസ്): മെക്കാനിക്കൽ/ ഇലക്ട്രിക്കൽ എൻജിനീയറിങ് ബിരുദം (മെറ്റിരിയൽ മാനേജ്മെൻറിൽ ഡിഗ്രി/ഡിപ്ലോമ അല്ലെങ്കിൽ/ എം.ബി.എ. ഉള്ളവർക്ക് മുൻഗണന), 13 വർഷത്തെ പരിചയം.

ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ): ഇലക്ട്രിക്കൽ എൻജിനീയറിങ് ബിരുദം, 18 വർഷത്തെ പരിചയം.

പ്രായം: ജനറൽ മാനേജർ (വർക്സ്) തസ്തികയിൽ 55 വയസ്സും മറ്റ് തസ്തികകളിലെല്ലാം 51 വയസ്സുമാണ് ഉയർന്ന പ്രായം.

ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷിക്കുന്നതിനും വെബ്സൈറ്റ്: www.cmdkerala.net. അവസാന തീയതി: **ഫെബ്രുവരി 14**.

അവസാന തീയതി **14-02-2020**

WEBSITE: www.cmdkerala.net.

കോട്ടയ്ക്കൽ ആയുർവേദ കോളേജിൽ അസി. പ്രൊഫസർ

കേരള ആയുർവേദിക് സ്റ്റഡീസ് & റിസർച്ച് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കോട്ടയ്ക്കലിൽ പ്രവർത്തിക്കുന്ന വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജിൽ വിവിധ വിഷയങ്ങളിലായി സ്ഥിരനിയമന വ്യവസ്ഥയിൽ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അഞ്ച് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓരോ തസ്തികയിലും ഓരോ ഒഴിവാണുള്ളത്. രചനാശരീരം, മനോവിജ്ഞാൻ ഏവം മനസ് രോഗ, സ്വസ്ഥവൃത്ത, രസശാസ്ത്ര & ഭൈഷജ്യകൽപ്പന, കായചികിത്സ എന്നീ വിഭാഗങ്ങളിലാണ് ഒഴിവുള്ളത്. ഇതിൽ സ്വസ്ഥവൃത്ത വിഭാഗത്തിലെ ഒഴിവ് ശാരീരിക വൈകല്യമുള്ളവർക്കും കായചികിത്സ വിഭാഗത്തിലെ ഒഴിവ് പട്ടികവർഗക്കാർക്കും സംവരണം ചെയ്തിട്ടുണ്ട്. ഓരോ തസ്തികയ്ക്കും അതത് വിഷയത്തിലെ ബിരുദാനന്തരബിരുദവും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൻെറ എ ക്ലാസ് രജിസ്ട്രേഷനുമാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

പ്രായം: കായചികിത്സ വിഭാഗത്തിലെ അപേക്ഷകർക്ക് 41 വയസ്സും ബാക്കി തസ്തികകംക്ക് 36 വയസ്സുമാണ് ഉയർന്ന പ്രായപരിധി.

അപേക്ഷാഫീസ്: ജനറൽ കാറ്റഗറിയിൽപ്പെടുന്നവർക്ക് 2000 രൂപ. എസ്.സി./എസ്.ടി.ക്കാർക്ക് 500 രൂപ.

അപേക്ഷ: www.cmdkerala.net എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിശദമായ വിജ്ഞാപനം വായിച്ച് മനസ്സിലാക്കിയശേഷം ഓൺലൈനായി അപേക്ഷ സമർപ്പിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **ഫെബ്രുവരി 5**

കെ.എഫ്.സിയിൽ മാർക്കറ്റിങ് ഓഫീസർ

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ മാർക്കറ്റിങ് ഓഫീസർ, മാർക്കറ്റിങ് എക്സിക്യുട്ടീവ്, അക്കൗണ്ട്സ്/ ക്രെഡിറ്റ്/റിസ്ക് എക്സിക്യുട്ടീവ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കരാർനിയമനമാണ്.

മാർക്കറ്റിങ് ഓഫീസർ

ഒഴിവ്: 1

യോഗ്യത: എം.ബി.എ. അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം.

പ്രായപരിധി: 35 വയസ്സ്

ശമ്പളം: 40,000 രൂപ

മാർക്കറ്റിങ് എക്സിക്യുട്ടീവ്

ഒഴിവ്: തിട്ടപ്പെടുത്തിയിട്ടില്ല

യോഗ്യത: ബിരുദം. ഒരുവർഷത്തെ പ്രവൃത്തിപരിചയം.

പ്രായപരിധി: 30 വയസ്സ്

ശമ്പളം: 25,000 രൂപ

അക്കൗണ്ട്സ്/ക്രെഡിറ്റ്/റിസ്ക് എക്സിക്യുട്ടീവ്

ഒഴിവ്: 3

യോഗ്യത: എം.കോം. അല്ലെങ്കിൽ സി.എ./ സി.എം.എ.

പ്രായപരിധി: 30 വയസ്സ്

ശമ്പളം: 10000-25000 രൂപ

അപേക്ഷ: www.kfc.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിശദമായ വിജ്ഞാപനങ്ങം വായിച്ച് മനസ്സിലാക്കിയശേഷം അപേക്ഷിക്കുക. വിജ്ഞാപത്തോടൊപ്പം നൽകിയിട്ടുള്ള അപേക്ഷാമാതൃക പൂരിപ്പിച്ച് യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം The Executive Director, Head Office, Kerala Financial Corporation, Vellayambalam, Trivandrum -695033, Kerala എന്ന വിലാസത്തിൽ തപാലിൽ അപേക്ഷിക്കുക.

തപാൽ കവറിന് പുറത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര് രേഖപ്പെടുത്തണം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ജനുവരി 30**.

WEBSITE: www.kfc.org

മലബാർ കാൻസർ സെന്ററിൽ ഒഴിവ്

തലശ്ശേരിയിൽ പ്രവർത്തിക്കുന്ന മലബാർ കാൻസർ സെൻററിൽ ഒ.ടി./അനസ്തേഷ്യ വിഭാഗത്തിൽ സ്റ്റൈപ്പൻഡറി പോസ്റ്റിലേക്ക് നിയമനം നടത്തുന്നു. തൽസമയ അഭിമുഖത്തിലൂടെയാണ് തിരഞ്ഞെടുപ്പ്.

യോഗ്യത: ഓപ്പറേഷൻ തിയേറ്റർ ടെക്നോളജിയിൽ ഡിപ്ലോമ/ ഓപ്പറേഷൻ തിയേറ്റർ & അനസ്തേഷ്യ ടെക്നോളജിയിൽ ബി.എസ്സി./ ഓപ്പറേഷൻ തിയേറ്റർ ടെക്നോളജിയിൽ ബി.എസ്സി.

സ്റ്റൈപ്പൻഡ്: 12,000 രൂപ

താത്പര്യമുള്ള ഉദ്യോഗാർഥികം യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഐ.ഡി. പ്രൂഫും സഹിതം **ജനുവരി 21**-ന് രാവിലെ 9 മണിക്ക് മുൻപായി മലബാർ കാൻസർ സെൻററിൽ ഹാജരാവുക.

കിറ്റ്കോയിൽ ചേരാം

പ്രമുഖ ടെക്നിക്കൽ കൺസംട്ടൻസി സ്ഥാപനമായ കിറ്റ്കോയിൽ സീനിയർ കൺസംട്ടൻറ്/ കൺസംട്ടൻറ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, സ്ട്രക്ചറൽ, ട്രാൻസ്പോർട്ടേഷൻ, എൻവയോൺമെൻറൽ എന്നീ എൻജിനീയറിങ് വിഭാഗങ്ങളിലും ആർക്കിടെക്ചർ വിഭാഗത്തിലുമാണ് ഒഴിവുള്ളത്.

യോഗ്യത: പ്രസ്തുത വിഷയത്തിലെ ഫസ്റ്റ് ക്ലാസ് ബിരുദാനന്തരബിരുദം. ഫസ്റ്റ് ക്ലാസ് ബിരുദം. സീനിയർ കൺസംട്ടൻറ് തസ്തികയിലേക്ക് 12 വർഷത്തെയും കൺസംട്ടൻറ് തസ്തികയിലേക്ക് 5 വർഷത്തെയും പ്രവൃത്തിപരിചയമുണ്ടായിരിക്കണം.

പ്രായം: ഉയർന്ന പ്രായപരിധി 55 വയസ്സ്

അപേക്ഷ: www.kitco.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിശദമായ വിജ്ഞാപനം വായിച്ച് മനസ്സിലാക്കിയശേഷം ഓൺലൈനായി അപേക്ഷിക്കുക. ശേഷം ഓൺലൈൻ അപേക്ഷയുടെ പ്രിൻറ് കോപ്പി The Managing Director, KITCO Ltd., 'Femith's, PB No:4407, NH Bypass, Vennala, Kochi - 682 028, Kerala State എന്ന വിലാസത്തിൽ തപാലിൽ അയയ്ക്കുക. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ജനുവരി 25**.

തപാലിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ജനുവരി 29**.

COMMERCE
Asst. Professor (PSC)
NTA NET/JRF
Commerce / Management &
General Paper (Paper I)
for all subjects
Classes by Retired Govt. College/University Professors
SAT - SUN CLASSES
CAREER PATH
S. Kumar Complex, Naduvilal
Thrissur, ✆ 94963 46509
94469 40458, 94977 40458

എസ്.ടി.ഐ.സിയിൽ പ്രോജക്ട് ഫെലോ

കുസാറ്റ് കാമ്പസിൽ പ്രവർത്തിക്കുന്ന സൊഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് & ഇൻസ്ട്രുമെൻേറഷൻ സെൻററിൽ പ്രോജക്ട് ഫെലോയുടെ ഒരൊഴിവ്. ഒരുവർഷത്തേക്കായിരിക്കും നിയമനം.

യോഗ്യത: കെമിസ്ട്രി/ഫിസിക്സ്/ഇൻസ്ട്രുമെൻേറഷനിൽ ഫസ്റ്റ് ക്ലാസ് ബിരുദാനന്തരബിരുദം. ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തിപരിചയം.

പ്രായം: ഉയർന്ന പ്രായം 28 വയസ്സ്

ശമ്പളം: 22,000 രൂപ

തിരഞ്ഞെടുപ്പ്: തത്സമയ അഭിമുഖത്തിലൂടെയാണ് തിരഞ്ഞെടുപ്പ്. താത്പര്യമുള്ള ഉദ്യോഗാർഥികം യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം **ജനുവരി 28**-ന് 10 മണിക്ക് കൊച്ചി എസ്.ടി.ഐ.സി.യിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കുക.

കൂടുതൽ വിവരങ്ങൾക്ക് www.sticindia.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

WEBSITE: www.sticindia.com

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ മറൈൻ സൂപ്പർവൈസർ

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ മറൈൻ സൂപ്പർവൈസറുടെ ഒരു ഒഴിവ്. കരാർ നിയമനം. തപാലിലൂടെ അപേക്ഷിക്കണം.

യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം. ഇന്ത്യൻ നേവി/കോസ്റ്റ് ഗാഡ് എന്നിവയിൽ പ്രവർത്തിച്ച് ഏഴ് വർഷത്തെ പ്രവൃത്തിപരിചയം.

പ്രായപരിധി: 35 വയസ്സ്.

അപേക്ഷയുടെ മാതൃകയും വിശദവിവരങ്ങംക്കുമായി www.cochinport.gov.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ പൂരിപ്പിച്ച് വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നീ രേഖകളുടെ പകർപ്പ് സഹിതം The Deputy Conservator, Cochin Port Trust, Cochin-692009 എന്ന വിലാസത്തിലേക്ക് അയയ്ക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ഫെബ്രുവരി 15**.

WEBSITE: www.cochinport.gov.in

NTA NET / JRF
JUNE 2020
HISTORY
MALAYALAM
➧Classes for General paper
➧Periodical tests
Coaching Classes
@
IMS ACADEMY
Kottayam
9645428060 I 7558094536

ADMISSION OPEN
Register Now Call - 9995381694
ASST. PROFESSOR ZOOLOGY
KERALA PSC COLLAGIGATE
CSIR UGC NET/JRF JUNE 2020
LIFE SCIENCES
Knowledge Center For Biosciences
SN College Junction, Kollam
knowledge.biobrain@gmail.com

PREMIER INSTITUTE JNRA-132, SN College Jn. Kollam 691001 Ph:9645325320, 8281433253
Coaching for
അസിസ്റ്റന്റ് പ്രൊഫസർ (മലയാളം)
NET, SET, K-TET (Cat.III-Malayalam)
Our Achievers
Soorya Mole G.S NET, Dec.19
Akhil.S (K-TET Cat. III)
Sheeja.S (K-TET Cat. III)
Sheeba.P (K-TET Cat. III)
Our Faculty
ANUMON.D M.A., B.Ed., NET, K-TET
SHENTHIL KUMAR.N M.A., B.Ed, NET, K-TET

എറണാകുളം

സെയിൽസ് എക്സിക്യുട്ടീവ്

ഭക്ഷ്യോത്പാദന കമ്പനിയിലേക്ക് സെയിൽസ് എക്സിക്യുട്ടീവിനെ ആവശ്യമുണ്ട്. ഫോൺ: 0484-4151852.

അക്കൗണ്ടൻറ്

അക്കൗണ്ടൻറുമാരെ ആവശ്യമുണ്ട്. പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന. ഫോൺ: 9447484316.

സ്റ്റാഫ്

ഓഫീസിലേക്ക് വനിതാ സ്റ്റാഫിനെ ആവശ്യമുണ്ട്. ഫോൺ: 7592873325.

പ്യൂൺ

വൈറ്റിലയിലെ കാർമൽ അക്കാദമിയിലേക്ക് പ്യൂണിനെ ആവശ്യമുണ്ട്. പ്രായം: 40-50 വയസ്സ്. ഫോൺ: 9037066788.

അലൂമിനിയം ഫാബ്രിക്കേറ്റർ

കർട്ടൻ സ്ഥാപനത്തിലേക്ക് അലൂമിനിയം ഫാബ്രിക്കേഷൻ വർക്കേഴ്സിനെ ആവശ്യമുണ്ട്. ശമ്പളം 12500 രൂപ. ഫോൺ: 9446887733.

ഹൗസ് കീപ്പിങ് സ്റ്റാഫ്

അങ്കമാലിയിലെ ആര്യഭംഗി മോട്ടോഴ്സിലേക്ക് ഹൗസ്കീപ്പിങ് സ്റ്റാഫിനെ ആവശ്യമുണ്ട്. ഫോൺ: 9249455571.

തൃശ്ശൂർ

ഫാബ്രിക്കേറ്റർ, വെൽഡർ

പ്രവൃത്തിപരിചയമുള്ള ഫാബ്രിക്കേറ്റർ (ഇറക്ഷൻ), വെൽഡർ (മിഗ് ആൻഡ് ആർക്) എന്നിവരെ ആവശ്യമുണ്ട്. ഫോൺ: 9656967255, 7012107152.

കുക്ക്, വെയിറ്റർ

വാടാനപ്പള്ളിയിലെ വെജിറ്റേറിയൻ ഹോട്ടലിലേക്ക് വെയിറ്റർ, ചൈനീസ് കുക്ക്, ക്ലീനിങ് സ്റ്റാഫ് എന്നിവരെ ആവശ്യമുണ്ട്. ഫോൺ: 9497695226, 7012411504.

ഡ്രൈവർ

ഡിസ്ട്രിബ്യൂഷൻ സ്ഥാപനത്തിലേക്ക് വാൻ ഡ്രൈവർമാരെ ആവശ്യമുണ്ട്. ഫോൺ: 8281645272.

അക്കൗണ്ടൻറ്, സെയിൽസ് എക്സിക്യുട്ടീവ്

എൽത്തുരുത്തിലെ ടി. ആൻഡ് ജെ. അസോസിയേറ്റ്സിലേക്ക് അസിസ്റ്റൻറ് അക്കൗണ്ടൻറ്, സെയിൽസ് എക്സിക്യുട്ടീവ് എന്നിവരെ ആവശ്യമുണ്ട്. അക്കൗണ്ടൻറിന് ടാലിയും എക്സലും അറിയണം. ഫോൺ: 8281645272.

സ്റ്റാഫ്

പെട്രോംപമ്പിലേക്ക് സ്റ്റാഫിനെ ആവശ്യമുണ്ട്. ഫോൺ: 9746080578, 6238558650.

ആലപ്പുഴ

ഫാബ്രിക്കേറ്റർ

പവർ ഇന്ത്യ ഇലക്ട്രിക്കൽസിലേക്ക് ഫാബ്രിക്കേറ്റർമാരെയും ഹെൽപ്പർമാരെയും ആവശ്യമുണ്ട്. ഫോൺ: 9847816000.

തിരുവനന്തപുരം

ഷെഫ്, മാർക്കറ്റിങ് എക്സിക്യുട്ടീവ്

സ്റ്റാർ ഹോട്ടലിലേക്ക് എക്സിക്യുട്ടീവ് ഷെഫ്, മാർക്കറ്റിങ് എക്സിക്യുട്ടീവ്. ഹൗസ് കീപ്പിങ് സ്റ്റാഫ്, വെയിറ്റേഴ്സ് എന്നിവരെ ആവശ്യമുണ്ട്. ഫോൺ: 8590987001.

ലേഡി തെറാപ്പിസ്റ്റ്

കേന്ദ്രസർക്കാർ സ്ഥാപനമായ സിഡ റീജണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ലേഡി തെറാപ്പിസ്റ്റിനെ ആവശ്യമുണ്ട്. അഭിമുഖം ജനുവരി 21-ന് രാവിലെ 10-ന്. ഫോൺ: 0471-2341832.

സ്റ്റാഫ്

ശ്രീകാര്യം ഹോമിയോ ക്ലിനിക്കിലേക്ക് പാർട്ട് ടൈം സ്റ്റാഫിനെ ആവശ്യമുണ്ട്. വൈകീട്ട് നാലു മുതൽ രാത്രി ഒമ്പതുവരെയാണ് ജോലിസമയം. ഫോൺ: 9037813782.

ബ്യൂട്ടീഷ്യൻ, ടെയ്ലർ

ബ്യൂട്ടീഷ്യൻ, ടെയ്ലർ, ഓഫീസ് സ്റ്റാഫ്, ഹോം നഴ്സ് എന്നിവരെ ആവശ്യമുണ്ട്. ഫോൺ: 7356220140, 9446103040.

കുക്ക്

കണിയാപുരം പടിഞ്ഞാറ്റുമുക്കിലേക്ക് കുക്കിനെയും ലേഡീസ് ഹെൽപ്പറെയും ആവശ്യമുണ്ട്. ഫോൺ: 9349876391.

ഡെൻറൽ അസിസ്റ്റൻറ്

കോവളത്തെ മംഗലപ്പള്ളി സ്പെഷ്യാലിറ്റി ഡെൻറൽ ക്ലിനിക്കിലേക്ക് വനിതാ ഡെൻറൽ അസിസ്റ്റൻറ്/നഴ്സിനെ ആവശ്യമുണ്ട്. ഫോൺ: 8129345894.

ആയുർവേദ തെറാപ്പിസ്റ്റ്

ആയുർവേദ ആശുപത്രിയിലേക്ക് പുരുഷ തെറാപ്പിസ്റ്റിനെ ആവശ്യമുണ്ട്. ഫോൺ: 9895405562.

ഡി.ടി.പി. ഓപ്പറേറ്റർ

തോന്നയ്ക്കൽ ഓൺലൈൻ സെൻറർലേക്ക് ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്. പ്രദേശവാസികൾക്ക് മുൻഗണന. ഫോൺ: 9495950248.

ബേക്ക്മാൻ, കുക്ക്

ബേക്കറി നിർമാണ-വിതരണ സ്ഥാപനത്തിലേക്ക് മാസ്റ്റർ ബേക്ക്മാൻ, അസിസ്റ്റൻറ്, ഡ്രൈവേഴ്സ്, സെയിൽസ് എക്സിക്യുട്ടീവ്സ്, ഓഫീസ് സ്റ്റാഫ്. ഡെലിവറി ബോയ്, കുക്ക് എന്നിവരെ ആവശ്യമുണ്ട്. ഫോൺ: 9526992929.

കൊല്ലം

മാർക്കറ്റിങ് കോ-ഓർഡിനേറ്റർ, ഫിസിക്കൽ ട്രെയിനർ

ആംഡ് ഫോഴ്സ് പ്രീ റിക്രൂട്ട്മെൻറ് ട്രെയിനിങ് പ്രൈവറ്റ് ലിമിറ്റഡിൻെറ കൊല്ലം ബ്രാഞ്ചിലേക്ക് മാർക്കറ്റിങ് കോ-ഓർഡിനേറ്റർ, ഫിസിക്കൽ ട്രെയിനർ, വനിതാ ഫ്രണ്ട് ഓഫീസ് സ്റ്റാഫ്, അധ്യാപകർ എന്നിവരെ ആവശ്യമുണ്ട്. വിമുക്തഭടൻമാരെയാണ് മാർക്കറ്റിങ് കോ-ഓർഡിനേറ്ററും ഫിസിക്കൽ ട്രെയിനറുമായി വേണ്ടത്. വനിതാ ഫ്രണ്ട് ഓഫീസ് സ്റ്റാഫിന് കുറഞ്ഞ യോഗ്യത പ്ലസ്ടു/പ്രീഡിഗ്രി. മാത്സ്, ഇംഗ്ലീഷ്, സയൻസ്, ജി.കെ., സോഷ്യൽ സയൻസ് വിഷയങ്ങൾക്കാണ് അധ്യാപകരെ വേണ്ടത്. യോഗ്യത: ബിരുദം/ബിരുദാനന്തരബിരുദം/ബി.എഡ്. പി.എസ്.സി. പരിശീലന സ്ഥാപനങ്ങളിലോ ട്യൂഷൻ കേന്ദ്രങ്ങളിലോ പഠിപ്പിച്ച മൂന്നുവർഷത്തെ പരിചയവും വേണം. ഫോൺ: 8156807710, 8156867710.

അധ്യാപകർ

എറണാകുളം

വൈറ്റിലയിലെ കാർമൽ അക്കാദമിയിലേക്ക് ഐ.ഇ.എൽ.ടി.എസ്. ടെയിനറെ ആവശ്യമുണ്ട്. ഉച്ചസ്ഥായിശേഷമുള്ള സെഷനിലെ സ്പീക്കിങ് മൊഡ്യൂളിലുള്ള പരിശീലനമാണ് പ്രധാനമായും നൽകേണ്ടത്. ഫോൺ: 9037066788.

തൃശ്ശൂർ

അയ്യന്തോളിലെ ട്യൂഷൻ സെൻററിലേക്ക് ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിലെ അധ്യാപകരെ ആവശ്യമുണ്ട്. ഫോൺ: 9495114547.

വലപ്പാട് മായ കോളേജിലേക്ക് മംഗലാപുരം മീഡിയ ഇൻസ്ട്രക്ടേഴ്സ്, ടാലി ഇൻസ്ട്രക്ടേഴ്സ്, കംപ്യൂട്ടർ ഇൻസ്ട്രക്ടേഴ്സ് എന്നിവരെ ആവശ്യമുണ്ട്. ഫോൺ: 9446365394, 8891720150.

ഓട്ടിസം സ്കൂളിൽ

സോഷ്യോളജി-16 (മെയിൽ-9, ഫീമെയിൽ-7), ഇക്കണോമിക്സ്-86 (മെയിൽ-34, ഫീമെയിൽ-52), ഹിന്ദി-202 (മെയിൽ-111, ഫീമെയിൽ-91), കംപ്യൂട്ടർ സയൻസ്-24 (മെയിൽ-14, ഫീമെയിൽ-10), പൊളിറ്റിക്കൽ സയൻസ്-65 (മെയിൽ-24, ഫീമെയിൽ-41), അഗ്രികൾച്ചർ-2 (മെയിൽ), ഗ്രാഫിക്സ്-1 (മെയിൽ), സംസ്കൃതം-31 (മെയിൽ), ഉർദു-2 (മെയിൽ), ജ്യോഗ്രഫി-10 (ഫീമെയിൽ), ഹിസ്റ്ററി-24 (ഫീമെയിൽ), ഫിസിക്കൽ എജുക്കേഷൻ-17 (ഫീമെയിൽ-9, മെയിൽ-8), ഹോം സയൻസ്-74 (ഫീമെയിൽ), എൻജിനീയറിങ് ഡ്രോയിങ്-1 (മെയിൽ), ഫൈൻ ആർട്സ്-22 (മെയിൽ-13, ഫീമെയിൽ-9), മ്യൂസിക്-2, ഫിസിക്കൽ എജുക്കേഷൻ ടീച്ചർ-692, ഡൊമസ്റ്റിക് സയൻസ് ടീച്ചർ-194, മ്യൂസിക് ടീച്ചർ-123, ഡ്രോയിങ് ടീച്ചർ-231, ടി.ജി.ടി. കംപ്യൂട്ടർ സയൻസ്-364, ലൈബ്രേറിയൻ-197, ടി.ജി.ടി. സ്പെഷ്യൽ എജുക്കേഷൻ ടീച്ചർ-978.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ഫെബ്രുവരി 23**.

പരസ്യ വിജ്ഞാപന നമ്പർ: 5/20. ഒഴിവുകളുടെ എണ്ണം: 297.

ജൂനിയർ സ്റ്റെനോഗ്രാഫർ (ഇംഗ്ലീഷ്)-2, ജൂനിയർ അസിസ്റ്റന്റ്-25, അക്കൗണ്ട്സ് അസിസ്റ്റന്റ് കം കാഷ്യർ-18, സ്റ്റോർ കീപ്പർ-6, കെയർ ടേക്കർ-1, ഫീ കലക്ടർ/സബ് ഇൻസ്പെക്ടർ/ഓക്ഷൻ റെക്കോഡർ-131, ജൂനിയർ സ്റ്റെനോഗ്രാഫർ-16, അസിസ്റ്റന്റ് ബാക്ടീരിയോളജിസ്റ്റ്-7, ടെക്നിക്കൽ അസിസ്റ്റന്റ്-91 (ബ്യൂട്ടി കൾച്ചർ-1, ആർക്കിടെക്ചർ-3, ഇൻഫർമേഷൻ ടെക്നോളജി ഇനേബ്ൾഡ് സർവീസ് ആൻഡ് മാനേജ്മെൻറ്-4, ഗാർമെൻറ് ഫാബ്രിക്കേഷൻ ടെക്നോളജി-2, കൊമേഴ്സ്യൽ ആർട്ട്-1, ഡിജിറ്റൽ ഇലക്ട്രോണിക്സ്-3, മെക്കാനിക്കൽ-14, മെഡിക്കൽ ലാബ് ടെക്നോളജി-4, മോഡേൺ ഓഫീസ് പ്രാക്ടീസ് (ഇംഗ്ലീഷ്)-2, ഇലക്ട്രിക്കൽ-12, ഇലക്ട്രോണിക് ആൻഡ് കമ്യൂണിക്കേഷൻ-10, ഫാർമസി-4, ലൈബ്രറി സയൻസ്-1, കംപ്യൂട്ടർ-28, ഫാഷൻ ഡിസൈൻ-2).

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ഫെബ്രുവരി 27**.

യോഗ്യത, പ്രായപരിധി, കാറ്റഗറി, ശമ്പളം തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.dsssb.delhi.gov.in എന്ന വെബ്സൈറ്റ് കാണുക.

തിരഞ്ഞെടുപ്പ്: രണ്ടുഘട്ടമായുള്ള പരീക്ഷയിലൂടെയാണ് തിരഞ്ഞെടുപ്പ്. അവശ്യമായ തസ്തികയ്ക്ക് സ്കിൽ ടെസ്റ്റ് ഉണ്ടായിരിക്കും. ജനറൽ അവയർനസ്, റീസണിങ്, അരിത്മെറ്റിക്കൽ, ഹിന്ദി, ഇംഗ്ലീഷ് ലാംഗ്വേജ് കോംപ്രിഹെൻഷൻ എന്നിവ അടങ്ങുന്നതാണ് പരീക്ഷാ സിലബസ്.

അപേക്ഷാഫീസ്: 100 രൂപ. എസ്.ബി.ഐ. ഇ-പേ മുഖേനേ ഫീസടയ്ക്കാം. എസ്.സി./ എസ്.ടി./ ഭിന്നശേഷിക്കാർ/വിമുക്തഭടർ/വനിതകം എന്നിവർക്ക് ഫീസില്ല.

WEBSITE: www.dsssb.delhi.gov.in

ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 102 അവസരം

ഹരിയാണയിലെ ഗോരഖ്പുരിൽ പ്രവർത്തിക്കുന്ന അണുവിദ്യുത് പരിയോജനയിൽ 102 ഒഴിവ്. സയൻറിഫിക്ക് അസിസ്റ്റന്റ്, ടെക്നീഷ്യൻ എന്നീ തസ്തികയിലാണ് ഒഴിവ്. ഓൺലൈനായി അപേക്ഷിക്കാം.

സയൻറിഫിക്ക് അസിസ്റ്റന്റ്/ ബി-56 (എസ്.സി.-8, എസ്. ടി.-4, ഒ.ബി.സി.-15, ഇ. ഡബ്ല്യു.എസ്.-5, ജനറൽ-24)

ഒഴിവുള്ള ട്രേഡുകളും എണ്ണവും: സിവിൽ-22, മെക്കാനിക്കൽ-21, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻസ്/ഇലക്ട്രോണിക്സ്/ഇൻസ്ട്രുമെൻറേഷൻ-6, ഇലക്ട്രിക്കൽ-7

യോഗ്യത: പ്ലസ് ടുവും ബന്ധപ്പെട്ട ട്രേഡിൽ എൻജിനീയറിങ് ഡിപ്ലോമയും.

പ്രായം: 18-30 വയസ്സ്.

ടെക്നീഷ്യൻ/ബി-46 (എസ്.സി.-8, ഒ.ബി.സി.-12, ഇ.ഡബ്ല്യു.എസ്.-4, ജനറൽ-22)

ഒഴിവുള്ള ട്രേഡുകളും എണ്ണവും: സർവേയർ-12, ഡ്രാഫ്റ്റ്മാൻ-1, ഫിറ്റർ/ ടർണർ/ മെഷീനിസ്റ്റ്-19, ഇലക്ട്രീഷ്യൻ/ വയർമാൻ-7, ഇലക്ട്രോണിക് മെക്കാനിക്ക്/ഇൻസ്ട്രുമെൻറ് മെക്കാനിക്ക്-7

യോഗ്യത: പത്താംക്ലാസും ബന്ധപ്പെട്ട ട്രേഡിൽ ഒരുവർഷത്തെ ട്രേഡ് സർട്ടിഫിക്കറ്റും.

പ്രായം: 18-25 വയസ്സ്.

വിശദവിവരങ്ങൾക്കും അപേക്ഷിക്കാനുമായി www.npcilcareers.co.in എന്ന വെബ്സൈറ്റ് കാണുക. രണ്ട് ഘട്ടത്തിലായുള്ള പരീക്ഷയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്.

ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ജനുവരി 31**.

WEBSITE: www.npcilcareers.co.in

റൈറ്റ്സിൽ 100 അപ്രന്റിസ്

റൈറ്റ്സിൽ 100 അപ്രൻറിസ് ഒഴിവ്. ഗ്രാജുവേറ്റ്, ഡിപ്ലോമ, ട്രേഡ് അപ്രൻറിസുകംകാണ് അവസരം. ട്രേഡ് അപ്രൻറിസിൽ 63 ഒഴിവ്.

ഗ്രാജുവേറ്റ് അപ്രൻറിസ്-7. യോഗ്യത: മെക്കാനിക്കൽ/ ഓട്ടോമൊബൈൽ/ഇലക്ട്രിക്കൽ ബി.ഇ./ബി.ടെക്. **സ്റ്റൈപ്പെൻഡ്:** 14,000 രൂപ.

ഡിപ്ലോമ അപ്രൻറിസ്-30. യോഗ്യത: മെക്കാനിക്കൽ/ ഓട്ടോമൊബൈൽ/ഇലക്ട്രിക്കൽ ഡിപ്ലോമ. **സ്റ്റൈപ്പെൻഡ്:** 12,000 രൂപ.

ട്രേഡ് അപ്രൻറിസ്-63. യോഗ്യത: മെക്കാനിക്കൽ/ ഓട്ടോമൊബൈൽ/ഇലക്ട്രിക്കൽ ട്രേഡിൽ ഐ.ടി.ഐ. വിജയം.

വിശദവിവരങ്ങൾക്കായി www.rites.com എന്ന വെബ്സൈറ്റ് കാണുക. അപേക്ഷ സമർപ്പിക്കേണ്ടത് www.mhrdnats.gov.in/www.apprenticeship.gov.in എന്ന വെബ്സൈറ്റിലൂടെയാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ജനുവരി 31**.

WEBSITE: www.rites.com

ഭോപ്പാൽ എയിംസിൽ 78 സീനിയർ റസിഡന്റ്സ്

സീനിയർ റസിഡൻറിന്റെ 78 ഒഴിവുകളിലേക്ക് ഭോപ്പാൽ എയിംസ് അപേക്ഷ ക്ഷണിച്ചു. ഓൺലൈനായി അപേക്ഷിക്കണം. അഭിമുഖത്തിലൂടെയാണ് തിരഞ്ഞെടുപ്പ്. ഒഴിവുള്ള വിഭാഗങ്ങം: അനാട്ടമി-2, മൈക്രോബയോളജി-2, കമ്യൂണിറ്റി ആൻറ് ഫാമിലി മെഡിസിൻ-3, ജനറൽ മെഡിസിൻ-13, സൈക്യാട്രി-3, പീഡിയാട്രിക്സ്-5, ജനറൽ സർജറി-14, ഓർത്തോപീഡിക്സ്-4, ഒബ്സ്ട്രിക്സ് ആൻറ് ഗൈനക്കോളജി-4, റേഡിയോ ഡയഗ്നോസിസ്-6, അനസ്തേഷ്യോളജി-4, ഇ.എൻ.ടി.-2, ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷൻ-1, എൻഡോക്രിനോളജി ആൻറ് മെറ്റബോളിസം-2, പാത്തോളജി-2, ന്യൂക്ലിയർ മെഡിസിൻ-2, ട്രോമ ആൻറ് എമർജൻസി മെഡിസിൻ-5, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ആൻറ് ബ്ലഡ് ബാങ്ക്-3, ഫാർമക്കോളജി-1.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ഫെബ്രുവരി 12**.

WEBSITE: www.aiimsbhopal.edu.in

ചെന്നൈയിലെ എപ്പിഡമോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ 15 പ്രോജക്ട് സ്റ്റാഫ്

ചെന്നൈയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയിൽ 15 ഒഴിവ്. തത്സമയ അഭിമുഖം വഴിയാണ് തിരഞ്ഞെടുപ്പ്. പ്രോജക്ട് സയൻറിസ്റ്റ് സി (മെഡിക്കൽ)-1, പ്രോജക്ട് സയൻറിസ്റ്റ് ബി (മെഡിക്കൽ/നോൺ മെഡിക്കൽ)-1, പ്രോജക്ട് അസിസ്റ്റൻറ് (സോഷ്യൽ വർക്ക്/നഴ്സിങ്ങ്)-1, പ്രോജക്ട് ടെക്നിക്കൽ ഓഫീസർ-1, പ്രോജക്ട് ടെക്നീഷ്യൻ-കകക (ഫീൽഡ്)-11 എന്നിങ്ങനെയാണ് ഒഴിവുകം.

അഭിമുഖം **ഫെബ്രുവരി 5,6,7** തീയതികളിലാണ്. വെബ്സൈറ്റ്: www.nie.gov.in

ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിൽ 129 എൻജിനീയർ

ഐ.ടി.ഐ. ലിമിറ്റഡിന്റെ ഇന്ത്യയുടെ വിവിധ സോണുകളിലായി 129 എൻജിനീയർ ഒഴിവ്. മൂന്നുവർഷത്തെ കരാർ നിയമനമാണ്.

വിവിധ സോണിലെ ഒഴിവുകം: നോർത്ത് സോൺ-53, വെസ്റ്റ് സോൺ-35, ഈസ്റ്റ് സോൺ-32, സൗത്ത് സോൺ-9.

യോഗ്യത: ഇലക്ട്രോണിക്സ്/ ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ/ ടെലികമ്യൂണിക്കേഷൻ/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എന്നിവയിൽ 65 ശതമാനം മാർക്കോടെ എൻജിനീയറിങ് ബിരുദം. എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 63 ശതമാനം മാർക്ക് മതി.

പ്രായപരിധി: 28 വയസ്സ്. സംവരണവിഭാഗങ്ങൾക്ക് നിയമാനുസൃത വയസ്സിളവ് ലഭിക്കും.

വിശദവിവരങ്ങൾക്ക് www.itiltd.in എന്ന വെബ്സൈറ്റ് കാണുക. അപേക്ഷാഫീസ് 400 രൂപ. ഫീസ് ITI Limited, Network Systems Unit, Payable at Bangalore എന്ന പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായാണ് അയയ്ക്കേണ്ടത്. എസ്. സി./ എസ്.ടി./ ഭിന്നശേഷി വിഭാഗത്തിന് ഫീസില്ല. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിൻറൗട്ടും ഡിമാൻഡ് ഡ്രാഫ്റ്റും രേഖകളും സഹിതം Additional General Manager - HR (NS & M) ITI Limited, Network Systems Unit, F-100, Dooravaninagar, Bangalore -560 016 എന്ന വിലാസത്തിൽ അയയ്ക്കണം. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ജനുവരി 25**. ഓൺലൈൻ അപേക്ഷ പ്രിൻറൗട്ട് തപാലിൽ ലഭിക്കേണ്ട അവസാന തീയതി: **ജനുവരി 30**.

ഡൽഹി വനം വകുപ്പിൽ 226 റേഞ്ചർ/ഗാഡ്

ഡൽഹി സർക്കാരിന്റെ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൽ 226 ഒഴിവ്. നേരിട്ടുള്ള നിയമനം. ഓൺലൈനായി അപേക്ഷിക്കാം. ഫോറസ്റ്റ് ഗാഡ് തസ്തികയിൽ 211 ഒഴിവുണ്ട്.

ഫോറസ്റ്റ് റേഞ്ചർ-4 (ജനറൽ-3, ഒ.ബി.സി.-1)

യോഗ്യത: അഗ്രിക്കൾച്ചർ/ബോട്ടണി/കെമിസ്ട്രി/കംപ്യൂട്ടർ ആപ്ലിക്കേഷൻ/ കംപ്യൂട്ടർ സയൻസ്/ എൻവയോൺമെൻറൽ സയൻസ്/ഫോറസ്ട്രി/ജിയോളജി/ഹോർട്ടികൾച്ചർ/മാത്തമാറ്റിക്സ്/ഫിസിക്സ്/സ്റ്റാറ്റിസ്റ്റിക്സ്/വെറ്ററിനറി സയൻസ്/ സുവോളജി/ അഗ്രികൾച്ചർ/കെമിക്കൽ/സിവിൽ/കംപ്യൂട്ടർ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്/മെക്കാനിക്കൽ എന്നിവയിൽ ബിരുദം അല്ലെങ്കിൽ എൻജിനീയറിങ് ബിരുദം.

പ്രായപരിധി: 30 വയസ്സ്.

ഫോറസ്റ്റ് ഗാർഡ്-211 (ജനറൽ-88, എസ്.സി.-30, എസ്.ടി.-15, ഒ.ബി.സി.-57, ഇ.ഡബ്ല്യു.എസ്.-21)

യോഗ്യത: പ്ലസ് ടു വിജയം. ഹിന്ദി ഭാഷാപരിജ്ഞാനം അഭികാമ്യം.

പ്രായപരിധി: 27 വയസ്സ്.

വൈൽഡ് ലൈഫ് ഗാർഡ്-11 (ജനറൽ-4, എസ്.സി.-2, എസ്.ടി.-1, ഒ.ബി.സി.-3, ഇ.ഡബ്ല്യു.എസ്.-1)

യോഗ്യത: പത്താംക്ലാസ് വിജയം.

പ്രായപരിധി: 27 വയസ്സ്.

ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **ഫെബ്രുവരി 13**.

വെബ്സൈറ്റ്: www.forest.delhigovt.nic.in

WEBSITE: www.forest.delhigovt.nic.in

തൊഴിൽവാർത്ത

EXAM PORTAL

മത്സര പരീക്ഷകൾക്കുള്ള ആധികാരിക പരിശീലനം

14 LDC EASY WIN

27 SMILE / LGS

30 KAS MODEL PAPER

36 JUNIOR CO-OP. INSPECTOR

വനിതകൾക്കും എസ്.ഐ. ആവാം
ഐ.പി.എസ്. വരെ ഉയരാം

എസ്.ഐ. (ടെയിനി) തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിന് അപേക്ഷിക്കാനുള്ള സമയമാണിത്. ആംഡ് പോലീസിലെ ഒഴിവിൽ വനിതകൾക്ക് അപേക്ഷിക്കാൻ കഴിയില്ലെങ്കിലും, സിവിൽ പോലീസിലെ തസ്തികയിൽ വനിതകളെയും പരിഗണിക്കും.

മികച്ച ശമ്പളവും ആനുകൂല്യങ്ങളും

സബ് ഇൻസ്പെക്ടറുടെത് ഗസറ്റഡ് തസ്തിക അല്ലെങ്കിലും കേരളത്തിലെ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളനിരക്കിന് തൊട്ടടുത്താണ് ഇവരുടെ സ്ഥാനം. ഇപ്പോഴത്തെ ശമ്പളനിരക്ക് പ്രകാരം പ്രതിമാസം 40,000 രൂപയിലേറെയാണ് ഈ തസ്തികയിലെ തുടക്കശമ്പളം. ഇതിനുപുറമേ അലവൻസുകളും വേറെയും. പുതിയ ശമ്പളപരിഷ്കരണം വരുന്നതോടെ എസ്.ഐ. തസ്തിക ഗസറ്റഡ് പദവിയിലേക്ക് ഉയരാനിടയുണ്ട്. കൂടാതെ ശമ്പളം 50,000 രൂപ കടക്കാനും സാധ്യതയുണ്ട്.

സ്ഥാനക്കയറ്റങ്ങൾ

സബ് ഇൻസ്പെക്ടറായി നേരിട്ട് നിയമനം നേടുന്നവരുടെ പ്രൊമോഷൻ സാധ്യതകളും ഏറെയാണ്. എസ്.ഐ. ആയി 7 മുതൽ 9 വരെ വർഷത്തിനകം സർക്കിൾ ഇൻസ്പെക്ടർ (ഇൻസ്പെക്ടർ ഓഫ് പോലീസ്) ആവാം. തുടർന്ന് കാത്തിരിക്കുന്നത് ഡി.വൈ.എസ്.പി., എസ്.പി. തുടങ്ങിയ ഉന്നതപദവികളാണ്. എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരിൽ ചെറുതല്ലാത്ത ശതമാനത്തിന് സർക്കാർ ഐ.പി.എസ്. പദവി നൽകുന്നുണ്ട്. ഇത് വ്യക്തമാക്കുന്നത് എസ്.ഐ. പദവിയിൽ ഉദ്യോഗത്തിൽ കയറുന്നവർ നാടറിയുന്ന ഉന്നത ഉദ്യോഗസ്ഥനായാവും സർവീസ് അവസാനിപ്പിക്കുക എന്നതാണ്.

കായികക്ഷമത പ്രധാനം

എസ്.ഐ. തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിൽ കായികക്ഷമതാപരീക്ഷയ്ക്ക് വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ എഴുത്തുപരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനൊപ്പംതന്നെ ശാരീരകക്ഷമത വികസിപ്പിക്കാനുള്ള പരിശീലനങ്ങളും തുടങ്ങണം. പോലീസ് സേനയിലെ താരതമ്യേന കടുപ്പം കൂടിയ ടെയിനിങ്ങാണ് എസ്.ഐ. തസ്തികയ്ക്ക് നൽകുന്നത്. മാനസികവും ശാരീരികവുമായ തയ്യാറെടുപ്പ് ഇപ്പോഴേ തുടങ്ങാം.

പരീക്ഷ, സിലബസ്

ഒബ്ജക്ടീവ് മാതൃകയിലെ എഴുത്തുപരീക്ഷ, കായികക്ഷമതാ പരീക്ഷ, വൈദ്യപരിശോധന എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. 100 മാർക്കിന്റെ ഒബ്ജക്ടീവ് പരീക്ഷയിൽ പൊതുവിജ്ഞാനം, ജനറൽ ഇംഗ്ലീഷ്, ഐ.ടി. എന്നീ മേഖലകളിലെ ചോദ്യങ്ങൾ പ്രതീക്ഷിക്കാം. കണക്ക്/മെൻറൽ എബിലിറ്റിയിൽനിന്ന് 20 ചോദ്യങ്ങളും, ജനറൽ ഇംഗ്ലീഷിൽ 10 ചോദ്യങ്ങളുമാണ് ഉണ്ടാവുക. ഐ.ടി.യുമായി ബന്ധപ്പെട്ട 10 ചോദ്യങ്ങളും ചോദ്യപേപ്പറിൽ ഉണ്ടാവും.

എക്സൈസ് ഇൻസ്പെക്ടർ

30,700 രൂപയാണ് എക്സൈസ് ഇൻസ്പെക്ടറുടെ അടിസ്ഥാന ശമ്പളം. ഇപ്പോഴത്തെനിലയ്ക്ക് തുടക്കശമ്പളം തന്നെ 37,000 രൂപ ലഭിക്കും. ശമ്പളപരിഷ്കരണം നിലവിൽവരുന്നതോടെ ഇത് 50,000 രൂപയുടെ അടുത്തെത്താനാണ് സാധ്യത.

എക്സൈസ് ഇൻസ്പെക്ടറുടെ ഔദ്യോഗിക ചുമതലകളും വിശാലമാണ്. ഒരു പോലീസ് സബ് ഇൻസ്പെക്ടർക്ക് കേവലം ഒന്നോ രണ്ടോ പഞ്ചായത്തിന്റെ മാത്രം ചുമതലയാണുള്ളത്. അതേസമയം എക്സൈസ് ഇൻസ്പെക്ടറുടെ അധികാരപരിധി 5 പോലീസ് സ്റ്റേഷനുകളുടെ അധികാരമേഖലകളാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിയമവിരുദ്ധമായ ക്രയവിക്രയങ്ങൾക്ക് കടിഞ്ഞാണിടാൻ ചുമതലപ്പെട്ട പ്രധാന ഉദ്യോഗമാണിത്.

എക്സൈസ് ഇൻസ്പെക്ടറായി ജോലി പ്രവേശിക്കുന്നയാൾക്ക് പത്തുവർഷത്തിനുള്ളിൽ സർക്കിൾ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിക്കും. ഗസറ്റഡ് തസ്തികയാണിത്. അസിസ്റ്റൻറ് എക്സൈസ് കമ്മിഷണറായാണ് തുടർന്നുള്ള സ്ഥാനക്കയറ്റം. എൻഫോഴ്സ്മെൻറിന്റെ ജില്ലാ മേധാവിയാണ് ഈ പദവി. പോലീസ് എസ്.പി.ക്ക് തുല്യമായുള്ള എക്സൈസിലെ തസ്തികയാണ് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ. സോണിന്റെ ചുമതലയുള്ള ജോയിൻറ് എക്സൈസ് കമ്മിഷണറുടെ പദവിയിലേക്കാണ് അടുത്ത സ്ഥാനക്കയറ്റം. നേരിട്ട് എക്സൈസ് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിക്കുന്നയാൾക്ക് ജോയിൻറ് എക്സൈസ് കമ്മിഷണർ പദവിവരെ ഉറപ്പായും ഉയരാനാവും.

സിവിൽ എക്സൈസ് ഓഫീസർ

പ്ലസ്ടു യോഗ്യതയുള്ളവർക്ക് ലഭിക്കുന്ന മികച്ച ശമ്പളവും ആനുകൂല്യങ്ങളുമുള്ള ഉദ്യോഗങ്ങളിൽ ഒന്നാണിത്. ക്ലാർക്ക് തസ്തികയെക്കാളും ഉയർന്ന ശമ്പളനിരക്കാണ് ഈ തസ്തികയുടെത്. മുൻപ് എക്സൈസ് ഗാർഡ് എന്നാണ് ഈ തസ്തിക അറിയപ്പെട്ടിരുന്നത്.

സിവിൽ എക്സൈസ് ഓഫീസറുടെ നിലവിലെ ശമ്പളനിരക്കായ 20,000-45,800 പ്രകാരം തുടക്കക്കാരന് 27,000-ലേറെ രൂപ ശമ്പളം ലഭിക്കും. പുതിയ ശമ്പളക്കമ്മിഷൻ നിലവിൽവരുന്നതോടെ ഇത് 35,000 ത്തിന് മേലെയായേക്കും. കൂടാതെ അലവൻസുകളും ലഭിക്കും.

പോലീസിന് തത്തുല്യമായ ശാരീരിക-മാനസിക പരിശീലനമാണ് സിവിൽ എക്സൈസ് ഓഫീസർമാർക്കും ലഭിക്കുന്നത്. ഇതിൽ ഫയറിങ് പരിശീലനവും ഉൾപ്പെടുന്നു. 8 വർഷം പിന്നിടുമ്പോൾ തന്നെ എക്സൈസ് പ്രിവൻറീവ് ഓഫീസറായി സ്ഥാനക്കയറ്റം ലഭിക്കും. പോലീസിലെ ഹെഡ് കോൺസ്റ്റബിളിന് തത്തുല്യമായ തസ്തികയാണിത്. അസിസ്റ്റൻറ് എക്സൈസ് ഓഫീസറായാണ് അടുത്ത സ്ഥാനക്കയറ്റം. പോലീസിലെ എ.എസ്.ഐ.ക്ക് തുല്യമായ റാങ്ക്. യോഗ്യരായവരെ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള ഉയർന്ന പദവികളാണ് തുടർന്ന് കാത്തിരിക്കുന്നത്.

പോലീസ് കോൺസ്റ്റബിൾ

പോലീസ് കോൺസ്റ്റബിളിന്റെ നിലവിലെ ശമ്പളസ്കെയിൽ തുടങ്ങുന്നത് 22,200 രൂപയിലാണ്. തുടക്കക്കാർക്ക് 29,000 രൂപയോളം ലഭിക്കും. അലവൻസുകളും വേറെയും. ശമ്പളപരിഷ്കരണം നിലവിൽ വരുമ്പോൾ ശമ്പളം 35,000 രൂപയ്ക്ക് മേലേയായേക്കും.

എസ്.ഐ. പോലുള്ള ഉയർന്ന തസ്തികകളുടെ നിശ്ചിത ശതമാനം ഒഴിവുകളും കോൺസ്റ്റബിളും തസ്തികയിൽനിന്നാണ് നികത്തുന്നത്.

12 വർഷം സർവീസ് പൂർത്തിയാക്കിയ പോലീസുകാർക്ക് ഹെഡ്കോൺസ്റ്റബിളും റാങ്ക് നൽകണമെന്ന ഉത്തരവ് അടുത്തിടെ പുറത്തിറക്കിയിട്ടുണ്ട്.

MODEL: ശ്രീത നായർ
PHOTO: ശ്രീജിത്ത് പി. രാജ്

LDC EASY WIN

എൽ.ഡി.ക്ലാർക്ക്, സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് പരീക്ഷകൾക്കുള്ള സമഗ്ര പരിശീലനം

Prepared by:
Kamala Rausan, V. Radhakrishnan, Manoj Kumar K.P., Parvathi Pillai, Aloshi, Ancen valsalan, Vineeth Narayan, Vandana Viswanathan, Sumesh.T, Soumya Sujith

RANKER'S CHOICE

എൽ.ഡി.സി. മുൻ റാങ്ക് ജേതാക്കളുടെ പരീക്ഷാനുഭവം. ഒപ്പം
ഇത്തവണത്തെ പരീക്ഷയ്ക്കായി അവർ തിരഞ്ഞെടുത്ത ചോദ്യങ്ങളും

രാജേഷ് കുമാർ ജെ.

2018-ലെ എൽ.ഡി. ക്ലാർക്ക് പരീക്ഷയിൽ ആലപ്പുഴജില്ലയിൽ ഒന്നാം റാങ്ക്. നിലവിൽ നിലമ്പൂർ ഗ്രാമീൺ ബാങ്കിൽ ക്ലാർക്ക്.

സേനയിൽനിന്ന് എൽ.ഡി. ക്ലാർക്കിലേക്ക്

ബി.എസ്സി. ഫിസിക്സ് ബിരുദത്തിനുശേഷം വ്യോമസേനയിൽ ചേർന്നു. 2017-ൽ സേനയിൽനിന്ന് വിരമിച്ചു. അതിന് പിന്നാലെ പഠനവും ആരംഭിച്ചു. എൽ.ഡി. ക്ലർക്ക് പരീക്ഷയ്ക്കായി മൂന്നുമാസമാണ് പരിശീലനം നടത്തിയത്. വ്യോമസേനയിൽനിന്ന് വിരമിച്ചതിനാൽ വിമുക്തഭടന്മാർക്ക് ലഭിക്കുന്ന പത്തുമാർക്കിന്റെ വെയിറ്റേജ് മാർക്ക് ഉണ്ടായിരുന്നു. എഴുത്തുപരീക്ഷയിൽ ലഭിച്ച 78.67 മാർക്കും വെയിറ്റേജ് മാർക്കും ചേർത്ത് ഒന്നാം റാങ്കിലെത്തി. മുനിസിപ്പൽ കോമൺ സർവീസിലാണ് നിയമനം ലഭിച്ചത്. ബാങ്കിങ് മേഖലയിൽ താത്പര്യം ഉണ്ടായിരുന്നു. അതിനാൽ ബാങ്ക് ടെസ്റ്റ് പാസായപ്പോഴേക്കും എൽ.ഡി. ക്ലാർക്ക് ജോലി രാജിവെച്ചു. ഇതിനിടയിൽ ഐ.എസ്.ആർ.ഒ. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലും ഇടംനേടി.

സിലബസ് മാത്രമായി ഒതുക്കരുത് പഠനം

സിലബസ് കവർ ചെയ്ത് പഠിക്കുന്നത് നല്ലതുതന്നെയാണ്. പക്ഷേ, അത് മാത്രമായി പഠനം ഒതുക്കരുത്. പൊതുവിജ്ഞാനത്തിനും ആനുകാലികത്തിനുമാണ് പ്രാധാന്യം കൊടുക്കേണ്ടത്. ആ മേഖലയിൽനിന്നാണ് പ്രതീക്ഷിക്കാത്ത ചോദ്യങ്ങളും വരുന്നത്. ഇയർബുക്ക് വായിക്കുന്ന ശീലം പരീക്ഷയിൽ ഗുണമായി.

മാതൃഭൂമി തൊഴിൽവാർത്ത പുറത്തിറക്കിയ എൽ.ഡി.സി. റാങ്ക് ഫയൽ ഉപയോഗിച്ച് സിലബസ് കവർ ചെയ്യാനും മുൻ ചോദ്യപ്പേപ്പറുകളും ചെയ്ത് പഠിക്കാനും സാധിച്ചു. അതുവഴി മലയാളം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ആവർത്തിച്ചുവരുന്ന ചോദ്യങ്ങളുടെ പാറ്റേൺ മനസ്സിലായി. മൂന്നുമുതൽ നാലുമണിക്കൂർ വരെയാണ് പഠനത്തിനായി ചെലവഴിച്ചത്.

സ്ഥിരമായി പത്രം വായിക്കുകയും ഡി.ഡി. ന്യൂസ് കേൾക്കുകയും ചെയ്തിരുന്നു. ആനുകാലിക വിവരങ്ങളും ലഭിക്കാൻ ഇത് ഏറെ പ്രയോജനം ചെയ്തു. ആലപ്പുഴ ജില്ലയിൽ ചോദിച്ച ചോദ്യങ്ങളും പ്രയാസമേറിയതായിരുന്നില്ല. ബാങ്ക്, എസ്.എസ്.സി. പരീക്ഷകൾക്കായി തയ്യാറെടുപ്പ് നടത്തിയിരുന്നത് ഗണിതത്തിൽ മുതൽക്കൂട്ടായി. പൊതുവിജ്ഞാനവും അത്ര പ്രശ്നമുണ്ടാക്കിയില്ല. പക്ഷേ, ഇംഗ്ലീഷിൽ അറിയാവുന്ന ചോദ്യങ്ങളിൽപോലും സംശയം വന്നത് മാർക്കിനെ ബാധിച്ചു.

വാച്ചിൽ കണ്ണുവേണം

സമയക്രമം പാലിച്ച് പരീക്ഷയെഴുതാൻ ശ്രദ്ധിക്കണം. കണക്കുകൂട്ടൽ ചെയ്യുന്നോക്കാൻ അധികസമയം കണ്ടെത്തണം. ഇതിന് മുൻപെഴുതിയ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയിൽ സമയക്രമം പാലിക്കാൻ സാധിച്ചില്ല. അത് മനസ്സിൽവെച്ചാണ് എൽ.ഡി. പരീക്ഷയെ സമീപിച്ചത്. നെഗറ്റീവ് മാർക്ക് മറികടക്കാൻ ശരിയെന്നുറപ്പുള്ള ഉത്തരങ്ങൾ മാത്രം എഴുതാൻ ശ്രദ്ധിക്കുക.

കരുതിയിരിക്കാം ഈ ചോദ്യങ്ങൾ

- ഐക്യരാഷ്ട്ര സംഘടനയുടെ സമാധാന സർവകലാശാല സ്ഥിതിചെയ്യുന്ന രാജ്യം?
  കോസ്റ്റാറിക്ക
- 'അടിയന്തരാവസ്ഥ' എന്ന ഭരണഘടനയിലെ ആശയം ഏത് രാജ്യത്തുനിന്നാണ് സ്വീകരിച്ചത്?
  ജർമനി
- തൂവാനം വെള്ളച്ചാട്ടം ഏത് നദിയിലാണ്?
  പാമ്പാർ
- ബിർസാമുണ്ട വിമാനത്താവളം സ്ഥിതിചെയ്യുന്ന സ്ഥലം?
  റാഞ്ചി (ജാർഖണ്ഡ്)
- എയ്ഡ്സ് ബോധവത്കരണത്തിനുവേണ്ടിയുള്ള സംസ്ഥാന സർക്കാർ പദ്ധതി?
  ആയുർദളം
- 2019-ൽ യുനെസ്കോയുടെ ലോക പൈതൃകപട്ടികയിൽ ഇടംനേടിയ ഇന്ത്യൻ നഗരം?
  ജയ്പുർ
- 'ദരിദ്രസേവയാണ് ഈശ്വരസേവ' എന്ന മുദ്രാവാക്യം ഏത് നവോത്ഥാന പ്രമുഖന്റേതാണ്?
  ആനന്ദതീർഥൻ
- ജ്ഞാനപീഠ പുരസ്കാരം ലഭിച്ച ഏറ്റവും പ്രായംകൂടിയ വ്യക്തി:
  അക്കിത്തം അച്യുതൻ നമ്പൂതിരി
- റിട്ട് അധികാരം സുപ്രീംകോടതിക്ക് നൽകുന്ന ഭരണഘടനാവകുപ്പ് ഏതാണ്?
  ആർട്ടിക്കിൾ- 32
- പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന (PMSBY) എന്ന അപകട ഇൻഷുറൻസ് പദ്ധതിപ്രകാരം പരമാവധി ഇൻഷുറൻസ് തുക എത്രയാണ്?
  രണ്ടുലക്ഷം രൂപ
- ഇന്ത്യയിലെ ആദ്യ സ്വകാര്യ ടെയിനായ തേജസ് ഏത് റൂട്ടിലാണ് സർവീസ് നടത്തുന്നത്?
  ഡൽഹി - ലഖ്നൗ
- ഐക്യരാഷ്ട്രസംഘടന തയ്യാറാക്കിയ വേൾഡ് ഹാപ്പിനെസ് സൂചികയിൽ ഒന്നാമതെത്തിയ രാജ്യം?
  ഫിൻലൻഡ്
- സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സ്വരാജ് ട്രോഫി 2019-ൽ ഏത് ബ്ലോക്ക് പഞ്ചായത്തിനാണ് ലഭിച്ചത്?
  നെടുമങ്ങാട്
- തെഹ്രി ഡാം എന്ന അണക്കെട്ട് ഏത് നദിയിലാണ്?
  ഭാഗീരഥി നദി (ഉത്തരാഖണ്ഡ്)
- രണ്ടാം ലോകമഹായുദ്ധകാലത്ത് ഇന്ത്യ ഭരിച്ച വൈസ്രോയി:
  ലിൻലിത്ഗോ പ്രഭു
- സരിസ്കാ നാഷണൽ പാർക്ക് സ്ഥിതിചെയ്യുന്ന സംസ്ഥാനം?
  രാജസ്ഥാൻ
- കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ശശി തരൂരിന്റെ നോവലിന്റെ പേര്?
  ആൻ ഇറ ഓഫ് ഡാർക്ക്നെസ്: ദി ബ്രിട്ടീഷ് എംപയർ ഇൻ ഇന്ത്യ (An era of Darkness: The British Empire in India)
- പെൻഷൻകാർക്ക് ആധാർ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി:
  ജീവൻ പ്രമാൺ
- സുപ്രീംകോടതിയിലെ ചീഫ് ജസ്റ്റിസുംപ്പെടെയുള്ള ജഡ്ജിമാരുടെ എണ്ണം?
  34
- ബംഗ്ലാദേശിൽ ബ്രഹ്മപുത്ര നദി ഏതുപേരിലാണ് അറിയപ്പെടുന്നത്?
  ജമുന
- കൊണാർക്കിലെ സൂര്യക്ഷേത്രം നിർമിച്ച രാജാവ്?
  നരസിംഹദേവ-I
- കേരളത്തിലെ ഔദ്യോഗിക ഫലമായ ചക്കയുടെ ശാസ്ത്രനാമം?
  ആർട്ടോകാർപ്പസ് ഹെറ്ററോഫില്ലസ്
- വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുവേണ്ടി കേരളസർക്കാർ ആവിഷ്കരിച്ച പദ്ധതി?
  പടവുകൾ
- ശാന്തിസ്വരൂപ് ഭട്ട്നഗർ അവാർഡ് ഏത് മേഖലയിലെ ഗണ്യമായ നേട്ടത്തിനാണ് നൽകുന്നത്?
  സയൻസ് & ടെക്നോളജി
- മാഗ്നറ്റിക് ഫീൽഡിന്റെ യൂണിറ്റ്?
  ടെസ്ല
- ഗ്ലാസിന് നീലനിറം നൽകുവാൻ ഉപയോഗിക്കുന്ന സംയുക്തം?
  കൊബാൾട്ട് ഓക്സൈഡ്
- പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുറത്തുവരുന്ന വിഷവാതകം?
  ഡയോക്സിൻ
- തലച്ചോറിലെ സെറിബ്രൽ കോർട്ടക്സിലെ ഇടതും വലതുമായ അർധഗോളങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന നാഡീവ്യൂഹം?
  കോർപ്പസ്കലോസം
- കേരളത്തിലെ വാഴ ഗവേഷണ കേന്ദ്രം എവിടെ സ്ഥിതിചെയ്യുന്നു?
  കണ്ണാറ (തൃശ്ശൂർ)
- യു.എസ്. ഓപ്പൺ 2019-ൽ കിരീടം നേടിയ വനിത?
  ബിയാൻക ആൻഡ്രുസ്കൂ (കാനഡ)
- 17-ാം ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പ് നടന്ന വേദി
  ദോഹ (2019)
- 'യോഗക്ഷേമം, വഹാമ്യഹം' എന്ന ആപ്തവാക്യം ഏത് സ്ഥാപനത്തിന്റെ മുദ്രാവാക്യമാണ്?
  ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ
- ഇസ്രായേലിന്റെ പാർലമെന്റ് ഏതുപേരിലാണ് അറിയപ്പെടുന്നത്?
  നെസറ്റ്
- നിലവിലെ കേന്ദ്ര മുഖ്യവിവരാവകാശ കമ്മിഷണർ?
  സുധീർ ഭാർഗവ
- സൗത്ത് ആഫ്രിക്കയുടെ നാണയം ഏത് പേരിലറിയപ്പെടുന്നു?
  റാൻഡ്
- ദേശീയ സുരക്ഷാദിനമായി ആചരിക്കുന്ന ദിവസം?
  മാർച്ച് 4
- നാളന്ദാ യൂണിവേഴ്സിറ്റി സ്ഥാപകൻ?
  കുമാരഗുപ്ത I
- കേരളത്തിലെ ആദ്യത്തെ സമ്പൂർണ പച്ചത്തുരുത്ത് പഞ്ചായത്ത്?
  കൊടുമൺ (പത്തനംതിട്ട)
- 11-ാമത് ബ്രിക്സ് ഉച്ചകോടി നടന്ന സ്ഥലം?
  ബ്രസീലിയ (ബ്രസീൽ)

CURRENT AFFAIRS

ഐ.എസ്.ആർ.ഒയുടെ ബഹിരാകാശ യാത്രാ പരിശീലന കേന്ദ്രം

■ 'ദ റിയൽ ലൈഫ് മജീഷ്യൻ' എന്ന ഡോക്യുഫിക്ഷൻ സിനിമ ഏത് മാന്ത്രികന്റെ ഇന്ദ്രജാല ജീവിതത്തെ അധികരിച്ചുള്ളതാണ്?
ഗോപിനാഥ് മുതുകാട്

■ ലോകത്തെ ഏറ്റവും പ്രായമേറിയ വ്യക്തിയെന്ന നിലയിൽ ഗിന്നസ് വേൾഡ് റെക്കോഡ് 2019-ൽ നേടിയ ജാപ്പനീസ് വനിത ജനുവരി രണ്ടിന് 117-ാം പിറന്നാൾ ആഘോഷിച്ചു. ഇവരുടെ പേര്?
കാനെ തനാക (kane Tanaka)

■ മലയാള എഴുത്തുകാരനായ സേതുവിന്റെ (എ. സേതുമാധവൻ) അടുത്തിടെ പുറത്തിറങ്ങിയ ഇംഗ്ലീഷ് നോവൽ?
ദി കുക്കൂസ് നെസ്റ്റ് (The cukoos Nest)
▶ 'കിളിക്കൂട്' എന്ന പേരിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ച മലയാള നോവലിന്റെ ഇംഗ്ലീഷ് പരിഭാഷയാണിത്.

■ ബഹിരാകാശ യാത്രികരെ പരിശീലിപ്പിക്കുന്നതിനായി ഐ.എസ്.ആർ.ഒ. പരിശീലനകേന്ദ്രം ആരംഭിക്കുന്നതെവിടെ?
കർണാടകത്തിലെ ചിത്രദുർഗ ജില്ലയിലെ ചല്ലക്കരയിൽ (Challakere). 400 ഏക്കർ സ്ഥലത്ത് 2700 കോടിരൂപ ചെലവിലാണ് ഇത് നിർമിക്കുന്നത്.

■ കേരളത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്തുകളുടെ എണ്ണം 941. പുനർനിർണയം വഴി എത്ര ഗ്രാമപഞ്ചായത്ത് വാർഡുകളാണ് പുതുതായി രൂപവത്കരിക്കാനാണ് കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നത്?
1378
▶ പുനർനിർണയത്തിലൂടെ 1378-വാർഡുകൾകൂടി ഉണ്ടായാൽ ആകെ വാർഡുകൾ 17340 ആകും.
▶ 55 ഗ്രാമപഞ്ചായത്തുകളിൽ പുനർനിർണയമുണ്ടാകില്ല.
▶ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം 152 ആണ്.

■ യു.കെ.യിലെ ഉന്നത ബാലസാഹിത്യ പുരസ്കാരമായ 'കോസ്റ്റ ചിൽഡ്രൻസ് ബുക് അവാർഡ് 2019' (Costa Children's Book Award) നേടിയ ഇന്ത്യൻ വംശജ?
ജസ്ബിന്ദർ ബിലാൻ (Jasbindar Bilan)
▶ 'Asha and the Spirit Bird' എന്ന നോവലിനാണ് പുരസ്കാരം.
▶ നാലരലക്ഷം രൂപയാണ് സമ്മാനത്തുക.

■ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപ സംഗമത്തിന്റെ പേര്?
'അസെൻഡ് കേരള 2020'

■ ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിലെ ഇമാം ഖമേനി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് പറന്നുയർന്ന ഏതു വിമാനമാണ് ഇറാന്റെ വ്യോമാക്രമണത്തിൽ തകർന്നത്?
യുക്രൈൻ എയർലൈൻസിന്റെ ബോയിങ് 737-800 യാത്രാ വിമാനം. ദുരന്തത്തിൽ 176 പേർ കൊല്ലപ്പെട്ടു.

■ അറബിക്കടലിൽ 'സീ ഗാർഡിയൻ' (Sea Guardian 2020) എന്ന സംയുക്ത നാവികാഭ്യാസം നടത്തിയ രാജ്യങ്ങൾ?
ചൈന, പാകിസ്താൻ

■ 2020 ജനുവരി 10-ന് 80-ാം പിറന്നാൾ ആഘോഷിച്ച ഗായകൻ?
കെ.ജെ. യേശുദാസ്
▶ കാട്ടാശ്ശേരി ജോസഫ് യേശുദാസ് എന്നാണ് പൂർണനാമം.
▶ 1940-ജനുവരി 10-ന് ഫോർട്ട് കൊച്ചിയിൽ ജനനം.
▶ പിതാവ് സംഗീതജ്ഞനും നാടകനടനുമായിരുന്ന അഗസ്റ്റിൻ ജോസഫ്
▶ 1961-ൽ 'കാൽപ്പാടുകൾ' എന്ന ചിത്രത്തിനുവേണ്ടി 'ജാതിഭേദം മതദ്വേഷം' എന്നുതുടങ്ങുന്ന ഗുരുദേവ കീർത്തനം പാടിക്കൊണ്ട് ചലച്ചിത്ര രംഗത്ത് എത്തി.
▶ ഏഴ് പ്രാവശ്യം മികച്ച ഗായകനുള്ള ദേശീയ അവാർഡ്, 25 തവണ സംസ്ഥാന സർക്കാർ അവാർഡ്, 2011-ൽ സ്വാതി പുരസ്കാരം തുടങ്ങിയവ നേടി.
▶ പത്മശ്രീ (1977), പത്മഭൂഷൺ (2002), പത്മവിഭൂഷൺ (2017) എന്നിവ നേടി.
▶ 2002-ൽ ജെ.സി. ദാനിയേൽ പുരസ്കാരം ലഭിച്ചു.

■ 2019-ലെ ഓടക്കുഴൽ അവാർഡ് നേടിയത് ആര്?
എൻ. പ്രഭാകരൻ
▶ മഹാകവി ജി.ശങ്കരക്കുറുപ്പ് സ്ഥാപിച്ച ഗുരുവായൂരപ്പൻ ട്രസ്റ്റാണ് പുരസ്കാരം നല്കി വരുന്നത്.
▶ 30,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.
▶ 'മായാമനുഷ്യൻ' എന്ന കൃതിക്കാണ് പുരസ്കാരം.

■ ഖാബസ് ബിൻ സയിദ് അൽസയിദ് ഏത് അറബ് രാജ്യത്തിന്റെ ഭരണാധികാരിയായിരുന്നു?
ഒമാൻ
▶ ഹയർസെക്കൻഡറി പഠനത്തിനായി പുണെയിലെത്തിയ ഖാബൂസിന്റെ അധ്യാപകരിലൊരാൾ മുൻ രാഷ്ട്രപതി ഡോ. ശങ്കർദയാൽ ശർമയായിരുന്നു

■ യു.എസ്. വ്യോമാക്രമണത്തിൽ വധിക്കപ്പെട്ട ഇറാന്റെ ഉന്നത സൈനിക കമാൻഡർ:
ഖാസെം സുലൈമാനി

ഖാസെം സുലൈമാനി

▶ ബാഗ്ദാദ് (ഇറാഖ്) വിമാനത്താവളത്തിൽ വെച്ചായിരുന്നു ഇദ്ദേഹം വധിക്കപ്പെട്ടത്
▶ ഇറാൻ സൈന്യമായ റവലൂഷണറി ഗാർഡിന്റെ ഖുദ്സ് വിഭാഗം (Quds Force) മേധാവിയായിരുന്നു സുലൈമാനി.
▶ വിദേശ സൈനിക നടപടികളുടെയും രഹസ്യാന്വേഷണത്തിന്റെയും ചുമതലയുള്ള വിഭാഗമാണ് ഖുദ്സ്.
▶ ഇറാന്റെ പരമോന്നത നേതാവായ (Supreme Leader) ആയത്തൊള്ള അലി ഖമേനി കഴിഞ്ഞാൽ രാജ്യത്തെ ശക്തനും ജനപ്രിയനുമായ രണ്ടാമത്തെ നേതാവുകൂടിയായിരുന്നു സുലൈമാനി.
▶ ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ഹസ്സൻ റൗഹനിയാണ്.
▶ 1979 ഏപ്രിൽ ഒന്നിനാണ് ആയത്തൊള്ള ഖൊമേനിയുടെ നേതൃത്വത്തിൽ ഇറാൻ ഇസ്ലാമിക റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടത്.
▶ സുലൈമാനിയുടെ വധത്തിന് പകരം വീട്ടാനായി ഇറാൻ ആരംഭിച്ച സൈനിക നടപടിയാണ് ഓപ്പറേഷൻ മാർട്ടിയർ സുലൈമാനി.

ഹസ്സൻ റൗഹനി

▶ 1979 നവംബറിൽ ടെഹ്റാനിലെ യു.എസ്. എംബസി ഇറാനിലെ പ്രക്ഷോഭകാരികൾ ഉപരോധിക്കുകയും ജീവനക്കാരെ 444 ദിവസം ബന്ദികളാക്കിവയ്ക്കുകയും ചെയ്തു. ഇതിനിടെ ചലച്ചിത്രപ്രവർത്തകരെന്ന വ്യാജേന ആറ് യു.എസ്. പൗരന്മാർ തടവിൽനിന്ന് രക്ഷപ്പെട്ട സംഭവമാണ് ഓസ്കർ നേടിയ 2012-ലെ ആർഗോ (ARGO) എന്ന ചിത്രത്തിന് ആധാരമായത്.

77-ാമത് ഗോൾഡൻ ഗ്ലോബ് പുരസ്കാരങ്ങൾ

ജാക്വിൻ ഫിനിക്സ്

റിനി സെൽവെഗെർ

▶ ചലച്ചിത്ര- ടെലിവിഷൻ മേഖലകളിലെ മികവിന് ഹോളിവുഡ് ഫോറിൻ പ്രസ് അസോസിയേഷൻ നൽകുന്നതാണ് ഗോൾഡൻ ഗ്ലോബ്.
▶ ഡ്രാമ വിഭാഗത്തിൽ മികച്ച ചിത്രമായി ഇത്തവണ തിരഞ്ഞെടുക്കപ്പെട്ടത് ഒന്നാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ സൈനികരുടെ കഥ പറഞ്ഞ '1917' എന്ന സിനിമയാണ്.
▶ മ്യൂസിക്കൽ/ കോമഡി വിഭാഗത്തിലെ മികച്ച ചിത്രം: വൺസ് അപ്പോൺ എ ടൈം ഇൻ ഹോളിവുഡ് (Once upon a time in Hollywood)
▶ മികച്ച നടൻ: ജാക്വിൻ ഫിനിക്സ് (ചിത്രം: ജോക്കർ)
▶ മികച്ച നടി: റിനി സെൽവെഗെർ (ചിത്രം: ജൂഡി)

▶ ഹൈതം ബിൻ താരിഖ് അൽസയിദ് ഒമാന്റെ പുതിയ ഭരണാധികാരിയായി ചുമതലയേറ്റു.

■ സ്വാമി വിവേകാനന്ദന്റെ എത്രാമത് ജയന്തിയാണ് ജനുവരി 12ന് ആഘോഷിച്ചത്?
157-ാമത്
▶ നരേന്ദ്രനാഥ ദത്ത എന്നാണ് വിവേകാനന്ദന്റെ ശരിപ്പേര്

■ 150 വർഷം പഴക്കമുള്ള കൊൽക്കത്ത തുറമുഖം ഏതുപേരിലാണ് പുനർനാമകരണം ചെയ്യപ്പെട്ടത്?
ഡോ. ശ്യാമപ്രസാദ് മുഖർജി തുറമുഖം
▶ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി നിർമിച്ച കൊൽക്കത്ത തുറമുഖം 1870-ലാണ് പ്രവർത്തനമാരംഭിച്ചത്
▶ 150-ാം വാർഷിക ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് പുനർനാമകരണപ്രഖ്യാപനം നടത്തിയത്.
▶ ബി.ജെ.പി.യുടെ മുൻ രൂപമായ ഭാരതീയ ജനസംഘിന്റെ സ്ഥാപകനാണ് ഡോ. ശ്യാമപ്രസാദ് മുഖർജി. നെഹ്റു മന്ത്രിസഭയിൽ കേന്ദ്ര വാണിജ്യവ്യവസായ മന്ത്രിയായി (1947-50) പ്രവർത്തിച്ചിരുന്നു.
▶ കൊൽക്കത്ത സർവകലാശാലയുടെ വൈസ്ചാൻസലർ പദവിയും വഹിച്ചിരുന്നു
▶ 1959 ജൂൺ 23-ന് കശ്മീരിൽ തടവിൽ കഴിയവെയാണ് മുഖർജിയുടെ അന്ത്യം

RANK MAKING FACTS

അംഗ സംഖ്യ കൂടുതലുള്ള നിയമസഭ

- ഗംഗയുടെ പോഷകനദികളിൽ ഏറ്റവും നീളം കൂടിയത്:
(എ)കർണാലി
(ബി) ഗാഘ്ര
(സി) ഗോമതി
(ഡി) യമുന
ഉത്തരം: (ഡി) യമുന
- ഗംഗയിൽ ചേരുന്ന സമയത്ത് ഗംഗയെക്കാൾ വലിയ ജലപ്രവാഹമാണ് യമുന. അപ്പോഴുള്ള ജലപ്രവാഹത്തിന്റെ 58.5 ശതമാനം യമുനയുടെതാണ്. ഗംഗയിൽ വന്നുചേരുന്ന പോഷകനദികളിൽ ഏറ്റവും കൂടുതൽ ജലം ഉൾക്കൊള്ളുന്നത് ഗാഘ്രയാണ്.
- യമുനയുടെ പൗരാണികനാമമാണ് കാളിന്ദി. ഗാഘ്രയുടെ മറ്റൊരു പേരാണ് കർണാലി.

- ഏത് നദിയുടെ തീരത്താണ് മധുര?
(എ)യമുന
(ബി) താവ
(സി) വൈഗ
(ഡി) പൂർണ
ഉത്തരം: (സി) വൈഗ
- ശ്രീകൃഷ്ണന്റെ ജന്മസ്ഥലമായി വിശ്വസിക്കുന്ന മഥുര ഉത്തർപ്രദേശിൽ യമുനയുടെ തീരത്താണ്.
- ഗോദാവരിയുടെ പ്രധാന പോഷകനദിയാണ് പൂർണ. നർമദയുടെത് താവ.

- 1956-ലെ സംസ്ഥാന പുനഃസംഘടനയ്ക്കുശേഷം നിലവിൽവന്ന ആദ്യസംസ്ഥാനം:
(എ)ഗുജറാത്ത്
(ബി) നാഗാലാൻഡ്
(സി) ഹിമാചൽ പ്രദേശ്
(ഡി) മേഘാലയ
ഉത്തരം: (എ) ഗുജറാത്ത്
- 1956-ൽ സംസ്ഥാന പുനഃസംഘടന നടന്നപ്പോൾ രൂപംകൊണ്ട 14 സംസ്ഥാനങ്ങളിലൊന്നായ ബോംബെ 1960-ൽ വിഭജിച്ച് മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങൾക്ക് രൂപം നൽകിയതോടെ ഇന്ത്യയിലെ 15-മത്തെ സംസ്ഥാനം എന്ന വിശേഷണം ഗുജറാത്തിന് സ്വന്തമായി.
- ബോംബെ സംസ്ഥാനത്തിന്റെ പിൻഗാമിയാണ് മഹാരാഷ്ട്ര എങ്കിലും മഹാരാഷ്ട്ര രൂപംകൊണ്ട ദിനം എന്ന ചോദ്യത്തിന് ഉത്തരം 1960 മേയ് 1 ആണ്.
- വടക്കുകിഴക്കൻ ഇന്ത്യയിൽ 1956-നുശേഷം നിലവിൽവന്ന ആദ്യ സംസ്ഥാനം നാഗാലാൻഡ് ആണ് (1963). അസം വിഭജിച്ചാണ് നാഗാലാൻഡിന് രൂപംനൽകിയത്. ഇന്ത്യയിലെ പതിനാറാമത്തെ സംസ്ഥാനമാണ് നാഗാലാൻഡ്.

- ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന ഇന്തോ-ആര്യൻ ഭാഷാഗോത്രത്തിലെ ഭാഷ?
(എ)ഹിന്ദി
(ബി) തമിഴ്
(സി) തെലുങ്ക്
(ഡി) മലയാളം
ഉത്തരം: (എ) ഹിന്ദി
- ദ്രാവിഡഗോത്രത്തിലെ ഏറ്റവും വലിയ ഭാഷ തെലുങ്കാണ്.
- ഏറ്റവും പഴക്കം കൂടിയ ദ്രാവിഡ ഭാഷ തമിഴും ഏറ്റവും പഴക്കം കുറഞ്ഞ ദ്രാവിഡഭാഷ മലയാളവുമാണ്.

- നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്?
(എ)കർണാൽ
(ബി) ആനന്ദ്
(സി) ന്യൂഡൽഹി
(ഡി) ഹൈദരാബാദ്
ഉത്തരം: (എ) കർണാൽ
- ഹരിയാണയിലാണ് കർണാൽ. മുൻപ് ഈ സ്ഥാപനം കർണാടകത്തിലെ ബെംഗളൂരുവിൽ ആയിരുന്നു.
- നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ ആസ്ഥാനം: ഗുജറാത്തിലെ ആനന്ദ്.

- ഇന്ത്യൻ നാവികസേനയുടെ ആപ്തവാക്യം:
(എ)നഭ സ്പർശം ദീപ്തം
(ബി) ശംനോ വരുണ
(സി) ബഹുജന ഹിതായ ബഹുജന സുഖായ
(ഡി) സത്യം ശിവം സുന്ദരം
ഉത്തരം: (ബി) ശംനോ വരുണ
- വ്യോമസേനയുടെ ആപ്തവാക്യമാണ് നഭ സ്പർശം ദീപ്തം
- ദൂരദർശന്റെ ആപ്തവാക്യമാണ് സത്യം ശിവം സുന്ദരം.
- ആകാശവാണിയുടെത് ബഹുജന ഹിതായ ബഹുജന സുഖായ.

- ലോക്സഭയുടെ പിതാവ് എന്നറിയപ്പെടുന്നത്:
(എ)ഗണേഷ് വാസുദേവ് മാവ്ലങ്കർ
(ബി) ഡോ. എസ്. രാധാകൃഷ്ണൻ
(സി) അനന്തശയനം അയ്യങ്കാർ
(ഡി) ജവാഹർലാൽ നെഹ്റു
ഉത്തരം: (എ) ഗണേഷ് വാസുദേവ് മാവ്ലങ്കർ
- ലോക്സഭയുടെ പ്രഥമ അധ്യക്ഷൻ (സ്പീക്കർ) ജി.വി. മാവ്ലങ്കറും പ്രഥമ ഉപാധ്യക്ഷൻ അനന്തശയനം അയ്യങ്കാറും ആയിരുന്നു.
- രാജ്യസഭയുടെ പിതാവ് എന്ന് ജവാഹർലാൽ നെഹ്റു വിശേഷിപ്പിച്ചത് ഡോ. എസ്. രാധാകൃഷ്ണനെയാണ്.
- രാജ്യസഭയുടെ ആദ്യത്തെ അധ്യക്ഷൻ ഡോ. എസ്. രാധാകൃഷ്ണനും ഉപാധ്യക്ഷൻ എസ്.വി. കൃഷ്ണമൂർത്തിയുമാണ്.

- വിവിധ് ഭാരതി ആരംഭിക്കാൻ ശുപാർശ നൽകിയ കമ്മിറ്റിയുടെ തലവൻ:
(എ)അശോക് ചന്ദ്ര
(ബി) ബി.ജി. വർഗീസ്
(സി) നിഖിൽ ചക്രവർത്തി
(ഡി) ബൽവന്ത് റായ് മേത്ത
ഉത്തരം: (എ) അശോക് ചന്ദ്ര
- ബി.ജി. വർഗീസ് കമ്മിറ്റിയാണ് പ്രസാർഭാരതി സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്തത്.
- പ്രസാർ ഭാരതി കോർപ്പറേഷന്റെ ആദ്യ ചെയർമാൻ നിഖിൽ ചക്രവർത്തി.

- മഹാരാഷ്ട്രയിൽ അധിവസിക്കുന്ന ഗോത്രവിഭാഗം:
(എ)ഊരാളി
(ബി) വാർളി
(സി) തോടർ
(ഡി) ഭൂട്ടിയ
ഉത്തരം: (ബി) വാർളി
- ഊരാളി എന്ന ഗോത്രവിഭാഗം കേരളത്തിലാണ് അധിവസിക്കുന്നത്.
- തമിഴ്നാട്ടിലെ നീലഗിരിയിൽ അധിവസിക്കുന്ന ഗോത്രവിഭാഗമാണ് തോടർ.

- ഇന്ത്യൻ ഭരണഘടനാ നിർമാണസഭ രൂപംകൊണ്ട തീയതി:
(എ)1947 ഓഗസ്റ്റ് 15
(ബി) 1946 ഡിസംബർ 9
(സി) 1946 ഡിസംബർ 11
(ഡി) 1946 ഡിസംബർ 6
ഉത്തരം: (ഡി) 1946 ഡിസംബർ 6
- ഭരണഘടനാ നിർമാണസഭയുടെ ആദ്യ സമ്മേളനം 1946 ഡിസംബർ ഒമ്പതിനായിരുന്നു.
- 1946 ഡിസംബർ 11-ന് ഡോ. രാജേന്ദ്രപ്രസാദിനെ ഭരണഘടനാ നിർമാണസഭയുടെ സ്ഥിരം അധ്യക്ഷനായി തിരഞ്ഞെടുത്തു.

- കോൺഗ്രസ് കഴിഞ്ഞാൽ കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിൽ ഏറ്റവും കൂടുതൽ സീറ്റുകളുണ്ടായിരുന്ന രാഷ്ട്രീയകക്ഷി:
(എ)കമ്യൂണിസ്റ്റ് പാർട്ടി
(ബി) അകാലിദൾ
(സി) മുസ്ലിം ലീഗ്
(ഡി) സ്വരാജ് പാർട്ടി
ഉത്തരം: (സി) മുസ്ലിം ലീഗ്
- ഒന്നാം ലോക്സഭയിൽ കോൺഗ്രസ് കഴിഞ്ഞാൽ ഏറ്റവും വലിയ രാഷ്ട്രീയകക്ഷി കമ്യൂണിസ്റ്റ് പാർട്ടി ആയിരുന്നു.

- ആസൂത്രണ കമ്മിഷൻ നിലവിൽ വന്ന വർഷം:
(എ)1948
(ബി) 1950
(സി) 1952
(ഡി) 1951
ഉത്തരം: (ബി) 1950
- ആദ്യത്തെ പഞ്ചവത്സര പദ്ധതി ആരംഭിച്ചത് 1951-ൽ.
- പഞ്ചവത്സര പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകിയിരുന്ന സമിതിയായ ദേശീയ വികസന സമിതി (നാഷണൽ ഡെവലപ്മെൻറ് കൗൺസിൽ) രൂപംകൊണ്ട വർഷം- 1952
- ആസൂത്രണ കമ്മിഷന്റെ ആദ്യ അധ്യക്ഷൻ ജവാഹർലാൽ നെഹ്രുവും ആദ്യ ഉപാധ്യക്ഷൻ ഗുൽസരിലാൽ നന്ദയുമായിരുന്നു.
- ഒന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രാധാന്യം കൃഷിക്കായിരുന്നു. രണ്ടാമത്തേതിൽ വ്യവസായത്തിനായിരുന്നു മുൻഗണന.

- ഇന്ത്യയ്ക്കുവേണ്ടി ബ്രിട്ടീഷ് പാർലമെൻറ് നിർമിച്ച ആദ്യനിയമം:
(എ)1773-ലെ റഗുലേറ്റിങ് ആക്ട്
(ബി) 1909-ലെ കൗൺസിൽ ആക്ട്
(സി) 1919-ലെ ഗവ.ഓഫ് ഇന്ത്യ നിയമം
(ഡി) ഇവയൊന്നുമല്ല
ഉത്തരം: (എ) 1773-ലെ റഗുലേറ്റിങ് ആക്ട്
- ഇന്ത്യയ്ക്കുവേണ്ടി ബ്രിട്ടീഷ് പാർലമെൻറ് നിർമിച്ച അവസാനത്തെ നിയമം 1947-ലെ ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ടാണ്.

- ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും വലിയ നിയമനിർമാണസഭയുള്ളത് എവിടെയാണ്:
(എ)രാജസ്ഥാൻ
(ബി) ഉത്തർപ്രദേശ്
(സി) മധ്യപ്രദേശ്
(ഡി) ഇവയൊന്നുമല്ല
ഉത്തരം: (ബി) ഉത്തർപ്രദേശ്
- ഉത്തർപ്രദേശ് ലെജിസ്ലേറ്റീവ് അസംബ്ലിയുടെ അംഗബലം 403 ആണ്.
- ഏറ്റവും അംഗബലം കുറഞ്ഞ നിയമസഭയുള്ള സംസ്ഥാനമാണ് സിക്കിം (32).
- കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിൽ 30-അംഗ നിയമസഭയാണുള്ളത്.
- ലെജിസ്ലേറ്റീവ് കൗൺസിലിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ളതും ഉത്തർപ്രദേശിലാണ്.

- ഇന്ത്യയിലെ പ്രഥമ പൗരൻ എന്നറിയപ്പെടുന്നത്:
(എ)പ്രധാനമന്ത്രി
(ബി) പ്രസിഡൻറ്
(സി) ലോക്സഭാ സ്പീക്കർ
(ഡി) ചീഫ് ഇലക്ഷൻ കമ്മിഷണർ
ഉത്തരം: (ബി) പ്രസിഡൻറ്
- ഇന്ത്യയിലെ ദ്വതീയ പൗരൻ എന്നറിയപ്പെടുന്നത് വൈസ് പ്രസിഡൻറ്.
- പ്രഥമ വനിത എന്നറിയപ്പെടുന്നത് രാഷ്ട്രപതിയുടെ ഭാര്യ.
- സംസ്ഥാനത്തെ പ്രഥമ പൗരൻ -ഗവർണർ
- തുല്യരിൽ ഒന്നാമൻ എന്നറിയപ്പെടുന്നത് പ്രധാനമന്ത്രി.

- ഇരുപതാം നൂറ്റാണ്ടിൽ ജനിച്ച് ഇന്ത്യൻ പ്രധാനമന്ത്രിയായ ആദ്യ നേതാവ്:
(എ)ഫക്രുദ്ദീൻ അലി അഹമ്മദ്
(ബി) ലാൽ ബഹാദൂർ ശാസ്ത്രി
(സി) ഇന്ദിരാ ഗാന്ധി
(ഡി) മൊറാർജി ദേശായ്
ഉത്തരം: (ബി) ലാൽ ബഹാദൂർ ശാസ്ത്രി (1904-1966)
- ഇരുപതാം നൂറ്റാണ്ടിൽ ജനിച്ച് ഇന്ത്യൻ പ്രസിഡൻറായ (1974) ആദ്യ വ്യക്തി ഫക്രുദ്ദീൻ അലി അഹമ്മദാണ് (1905-1977). ഇവർ രണ്ടുപേരും പദവിയിലിരിക്കെയാണ് അന്തരിച്ചത്.
- സ്വതന്ത്ര ഇന്ത്യയിൽ ജനിച്ചവരിൽ ഇന്ത്യൻ പ്രധാനമന്ത്രിയായ ആദ്യ നേതാവാണ് നരേന്ദ്ര മോദി.
- ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഇന്ത്യൻ പ്രസിഡൻറായത് നീലം സഞ്ജീവ റെഡ്ഡി. ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയായത് രാജീവ് ഗാന്ധി.

- ജവാഹർ റോസ്ഗാർ യോജന ആരംഭിച്ചത് ഏത് പ്രധാനമന്ത്രിയുടെ കാലത്താണ്:
(എ)രാജീവ് ഗാന്ധി
(ബി) നരസിംഹറാവു
(സി) എ.ബി. വാജ്പേയി
(ഡി) ഇന്ദിരാ ഗാന്ധി
ഉത്തരം: (എ) രാജീവ് ഗാന്ധി
- നെഹ്റു റോസ്ഗാർ യോജന, പ്രൈം മിനിസ്റ്റേഴ്സ് റോസ്ഗാർ യോജന എന്നിവ ആരംഭിച്ചത് നരസിംഹറാവുവിന്റെ കാലത്താണ്.
- സ്വർണ ജയന്തി സ്വറോസ്ഗാർ യോജന ആരംഭിച്ചത് എ.ബി. വാജ്പേയിയുടെ സമയത്താണ്.

TEXT BOOK PLUS

പ്രാദേശിക ഭൂസ്വത്തിന്റെ പുസ്തകം

- അനേകായിരം കിലോമീറ്റർ വിസ്തൃതിയും പരമാവധി 100 കിലോമീറ്റർ കനവുമുള്ള ശിലാമണ്ഡലഭാഗങ്ങളെ വിളിക്കുന്ന പേര്?
  ശിലാമണ്ഡലഫലകങ്ങൾ (Lithospheric plates)
- ശിലാമണ്ഡലഫലകത്തിൽ ഏറ്റവും വലുത് ഏത്?
  പസഫിക് ഫലകം
  - സമുദ്രഭാഗം മാത്രം ഉൾക്കൊള്ളുന്ന ഫലകമാണ് പസഫിക് ഫലകം.
  - ഓസ്ട്രേലിയൻ ഫലകം, വടക്കേ അമേരിക്കൻ ഫലകം, തെക്കേ അമേരിക്കൻ ഫലകം, ആഫ്രിക്കൻ ഫലകം, യുറേഷ്യൻ ഫലകം എന്നിവ വലിയ ഫലകത്തിന് ഉദാഹരണമാണ്.
- ശിലാമണ്ഡലഫലകങ്ങളിൽ ചെറിയ ഫലകങ്ങൾക്ക് ഉദാഹരണം ഏവ?
  ഫിലിപ്പീൻസ്, കോക്കോസ്, നാസ്ക, കരീബിയൻ, സ്കോഷ്യ, അറേബ്യൻ.
  - വർഷത്തിൽ ശരാശരി 2 സെ.മീ. മുതൽ 12 സെ.മീ. വരെ വേഗത്തിൽ ഫലകങ്ങൾ ചലിക്കുന്നു.
- വൻകരാവിസ്ഥാപനസിദ്ധാന്തം എന്ന ആശയം അവതരിപ്പിച്ച ശാസ്ത്രജ്ഞൻ?
  ആൽഫ്രഡ് വെഗ്നർ
  - 1912-ലാണ് ജർമൻ കാലാവസ്ഥാശാസ്ത്രജ്ഞനായ വെഗ്നർ ഈ സിദ്ധാന്തം അവതരിപ്പിച്ചത്.
  - അദ്ദേഹത്തിന്റെ വാദത്തിൽ ദശലക്ഷക്കണക്കിന് വർഷം മുൻപ് നിലനിന്നിരുന്ന ബൃഹത്വൻകരയായിരുന്നു പാൻജിയ. അന്ന് നിലനിന്നിരുന്ന മഹാസമുദ്രമായിരുന്നു പന്തലാസ.
- ശിലാമണ്ഡലഫലകങ്ങളുടെ വിവിധതരം ചലനങ്ങൾ സൃഷ്ടിക്കുന്ന ഫലകസീമകൾ ഇവയാണ്.
  1. വിയോജകസീമ: ഫലകങ്ങൾ പരസ്പരം അകലുന്നു.
  2. സംയോജകസീമ: ഫലകങ്ങൾ പരസ്പരം അടുത്തുവരുന്നു.
  3. ഛേദകസീമ: ഫലകങ്ങൾ പരസ്പരം ഉരഞ്ഞുനീങ്ങുന്നു.
- ഇന്ത്യൻഫലകത്തിനും യുറേഷ്യൻ ഫലകത്തിനും ഇടയിലായി കാണപ്പെടുന്ന മടക്കു പർവതനിര?
  ഹിമാലയപർവതം
  - സംയോജകസീമകളിലാണ് മടക്കുപർവതം സൃഷ്ടിക്കപ്പെടുന്നത്.
  - ആൽപ്സ്, ആൻറീസ്, അറ്റ്ലസ്, എന്നിവയൊക്കെ മടക്കുപർവത നിരകളാണ്.
- സംയോജകസീമകളിൽ ഫലകങ്ങൾ തമ്മിൽ സാന്ദ്രതാ വ്യത്യാസം ഉണ്ടെങ്കിൽ സാന്ദ്രത കൂടിയ ഫലകം സാന്ദ്രത കുറഞ്ഞ ഫലകത്തിനടിയിലേക്ക് ആണ്ടുപോകുന്നു. ഈ മേഖലകളെ വിളിക്കുന്ന പേര്?
  നിമജ്ജനമേഖലകം (Subduction zones)
  - നിമജ്ജനമേഖലകളിൽ സമുദ്രഗർത്തം രൂപപ്പെടാറുണ്ട്. ഇത്തരത്തിൽ രൂപപ്പെട്ടതാണ് ചലഞ്ചർ ഗർത്തം.
- ഭൂകമ്പങ്ങളിൽ ഭൂമിയുടെ ആഴങ്ങളിൽ പ്രകമ്പനങ്ങൾ ഉണ്ടാകുന്ന കേന്ദ്രങ്ങളെ പ്രഭവകേന്ദ്രം എന്നു വിളിക്കുന്നു. പ്രഭവകേന്ദ്രത്തിന് നേർമുകളിലായി സ്ഥിതിചെയ്യുന്ന ഭൗമോപരിതല കേന്ദ്രത്തെ വിളിക്കുന്ന പേര്?
  എപ്പിസെൻറർ
  - ഭൂകമ്പവേളയിൽ പ്രധാനമായും മൂന്ന് തരം തരംഗങ്ങൾ ഉണ്ടാകും. പ്രാഥമികതരംഗങ്ങൾ, ദ്വിതീയതരംഗങ്ങൾ, പ്രതല തരംഗങ്ങൾ എന്നിവയാണവ.
  - പ്രതലതരംഗങ്ങളാണ് ഏറ്റവും വിനാശകാരി.
- ഭൂകമ്പതരംഗങ്ങൾ രേഖപ്പെടുത്തുന്ന ഉപകരണം?
  സീസ്മോഗ്രാഫ്
  - ഭൂകമ്പസമയത്ത് പുറപ്പെടുന്ന ഊർജത്തിന്റെ തീവ്രത അളന്നു തിട്ടപ്പെടുത്തുന്ന തോതാണ് റിക്ടർ സ്കെയിൽ.
  - ഇതുവരെയുള്ളതിൽ ഏറ്റവും തീവ്രത രേഖപ്പെടുത്തിയിട്ടുള്ള പ്രകമ്പനം റിക്ടർ സ്കെയിലിൽ 9.5 തീവ്രത രേഖപ്പെടുത്തിയ ചിലിയിലെ ഭൂകമ്പമാണ്.
- നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷൻ (NOAA) സ്ഥാപിച്ച സുനാമി മുന്നറിയിപ്പ് സംവിധാനത്തിന്റെ പേര്?
  ഡാർട്ട് (Dart)
  - Deep Ocean Assesment and Reporting of Tsunami എന്നാണ് ഡാർട്ടിന്റെ പൂർണരൂപം.
- ലോകത്തിലെ 80 ശതമാനം അഗ്നിപർവതങ്ങളും കാണപ്പെടുന്ന ഭാഗം?
  പസഫിക്ക് സമുദ്രത്തിന്റെ അതിർത്തി പ്രദേശങ്ങൾക്കു ചുറ്റും
  - 452-ലധികം അഗ്നിപർവതങ്ങളാണ് ഈ മേഖലയിൽ ഉൾക്കൊള്ളുന്നത്. ഇക്കാരണത്താൽ ഈ മേഖലയെ ശാന്തസമുദ്രത്തിലെ തീവലയം എന്നറിയപ്പെടുന്നു.
  - ലാവാശിലകൾ പൊടിഞ്ഞുണ്ടാകുന്ന ഫലഭൂയിഷ്ഠമായ മണ്ണാണ് ഡക്കാൻ പീഠഭൂമി പ്രദേശത്ത് കാണപ്പെടുന്ന കറുത്തമണ്ണ്.
- പ്രത്യേക വിഷയങ്ങളെ പ്രതിപാദിക്കുന്ന ഭൂപടങ്ങൾ അറിയപ്പെടുന്ന പേര്?
  തീമാറ്റിക് ഭൂപടങ്ങൾ
  - ഭൂപടങ്ങൾ പൊതുവേ രണ്ട് തരമാണുള്ളത്. ഭൗതിക ഭൂപടങ്ങളും സാംസ്കാരിക ഭൂപടങ്ങളും.
  - ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങിയ പ്രകൃതിദത്തമായ സവിശേഷതകൾ ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ഭൗതിക ഭൂപടങ്ങൾ.
  - കൃഷി, വ്യവസായം, രാഷ്ട്രീയ അതിർത്തികൾ മുതലായ മനുഷ്യനിർമിതമായ സവിശേഷതകൾ ചിത്രീകരിക്കുന്നതാണ് സാംസ്കാരിക ഭൂപടങ്ങൾ.
- ഭൂനികുതി കണക്കാക്കുന്നതിനും ഉടമസ്ഥാവകാശം സൂചിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന ഭൂപടങ്ങൾ ഏതാണ്?
  കഡസ്ട്രൽ ഭൂപടങ്ങൾ
  - പാടങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന അതിരുകൾ, ഉടമസ്ഥാവകാശം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് കഡസ്ട്രൽ ഭൂപടങ്ങൾ.
  - 'പ്രാദേശിക ഭൂസ്വത്തിന്റെ പുസ്തകം' എന്നർഥമുള്ള കഡസ്റ്റർ എന്ന ഫ്രഞ്ച് പദത്തിൽനിന്നാണ് കഡസ്ട്രൽ എന്ന പദം രൂപപ്പെട്ടത്.
- ഇന്ത്യയിൽ സർവേ പ്രവർത്തനങ്ങൾ ആരംഭിച്ചത് ഏത് വർഷം?
  എ.ഡി. 1800
  - വില്യം ലാംടണാണ് ഇന്ത്യയുടെ തെക്കേ അറ്റത്തുനിന്നാരംഭിച്ച സർവേ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.
  - 50 വർഷത്തിലധികം നീണ്ട സർവേ പൂർത്തിയാക്കിയത് ജോർജ് എവറസ്റ്റാണ്.
  - 500 കിലോഗ്രാമിലധികം ഭാരമുള്ള തിയോഡലൈറ്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങളുമായാണ് 1600 മൈൽ ദൂരത്തിൽ സർവേ നടത്തിയത്.

GK PIC

ഇന്ത്യയിലെ പ്രധാന ചുരങ്ങൾ



ചുരങ്ങളും ബന്ധിപ്പിക്കുന്ന സ്ഥലങ്ങളും

ബുർസിൽ	: ശ്രീനഗർ-ഗിൽജിത്ത്
സോജിലാ	: ശ്രീനഗർ-കാർഗിൽ/ലേ
ബനിഹാൽ	: ശ്രീനഗർ-ജമ്മു
കാരക്കോറം	: ഇന്ത്യ-ചൈന
ഖർദുങ്ല	: സിയാച്ചിൻ-ലഡാക്ക്
ചാങ്ല	: ലഡാക്ക്-ചൈന
ബാരാലാച്ച്ല	: ലഡാക്ക്-ഹിമാചൽപ്രദേശ്
നോഹ്തങ്ല	: ലഹൗൾ-കുളു
ഷിപ്കിലാ	: ഹിമാചൽപ്രദേശ്-ടിബറ്റ്
ജലപ്ല	: സിക്കിം-ടിബറ്റ്
നാഥുല	: സിക്കിം-ടിബറ്റ്
ബുംല/ബോംഡില	: അരുണാചൽപ്രദേശ്-ടിബറ്റ്
പേരമ്പാടി	: കണ്ണൂർ-കൂർഗ്
വയനാട്	: കോഴിക്കോട്-വയനാട്
പൽഘട്ട്	: പാലക്കാട്-കോയമ്പത്തൂർ
ആര്യങ്കാവ്	: കൊല്ലം-തിരുനെൽവേലി
അസിർഘട്ട്	: വടക്കേ ഇന്ത്യ-ഡക്കാൻ പീഠഭൂമി
താൽഘട്ട്	: മുംബൈ-നാസിക്
ബോർഘട്ട്	: മുംബൈ-പുണെ

CONSTITUTION

ഭരണഘടനാ ദിനം

- ഇന്ത്യൻ ഭരണഘടന നിലവിൽ വന്നതെപ്പോൾ?
  1950 ജനുവരി 26
- ഭരണഘടന നിലവിൽവരുമ്പോൾ ഉണ്ടായിരുന്ന വകുപ്പുകൾ എത്ര?
  395
- ഇന്ത്യക്കാർക്ക് സ്വന്തമായൊരു ഭരണഘടന തയ്യാറാക്കാനുള്ള നിർദേശം കൊണ്ടുവന്നത്?
  1945-ലെ വേവൽപ്ലാൻ
- ഭരണഘടന നിർമാണസഭ നിലവിൽവന്നതെപ്പോൾ?
  1946 ഡിസംബർ 6
- ഭരണഘടനാ നിർമാണ സഭാരൂപവത്കരണത്തിന് അടിസ്ഥാനമായ ക്യാബിനറ്റ്മിഷൻ ഇന്ത്യയിലെത്തിയതെപ്പോൾ?
  1946 മാർച്ച് 24-ന്
- ക്യാബിനറ്റ് മിഷന്റെ ചെയർമാൻ ആരായിരുന്നു?
  പെത്വിക് ലോറൻസ്
- ഭരണഘടനാ നിർമാണസഭയിൽ ഉണ്ടായിരുന്ന ആകെ അംഗങ്ങളുടെ എണ്ണം:
  389
- പാകിസ്താനിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ പ്രതിനിധികൾ ഒഴിവായപ്പോൾ അംഗസംഖ്യ:
  299
- ഇന്ത്യയിലെ വിവിധ പ്രവിശ്യകളിലെ നിയമനിർമാണ സഭകളിൽനിന്ന് ഭരണഘടനാ നിർമാണസഭയിലെത്തിയ അംഗങ്ങൾ:
  292
- ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽനിന്നുള്ള അംഗങ്ങൾ
  93
- ചീഫ് കമ്മിഷണർ പ്രോവിൻസിൽനിന്നുള്ള അംഗങ്ങളുടെ എണ്ണം:
  4
- ഭരണഘടനാ നിർമാണസഭയിലേക്ക് കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം:
  17 (തിരുവിതാംകൂറിൽനിന്ന്-6 കൊച്ചി-1 മലബാർ-9)
- ഭരണഘടനാ നിർമാണസഭയിൽ യുണൈറ്റഡ് പ്രോവിൻസിനെ പ്രതിനിധാനം ചെയ്ത മലയാളി?
  ഡോ. ജോൺമത്തായി
- ഭരണഘടനാ നിർമാണസഭയിൽ കേരളത്തിൽനിന്നുള്ള വനിതാംഗങ്ങൾ ആരെല്ലാം?
  ആനിമസ്ക്രീൻ-തിരുവിതാംകൂർ, അമ്മുസ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ-മദ്രാസ്
- ഭരണഘടനാ നിർമാണസഭയുടെ ആദ്യയോഗം നടന്നതെന്നാണ്?
  1946 ഡിസംബർ 9
- 1946 ഡിസംബർ 9-ലെ ഭരണഘടനാ നിർമാണസഭയുടെ ആദ്യയോഗത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ എണ്ണം?
  207
- ഭരണഘടനാ നിർമാണസഭയുടെ യോഗത്തെ ആദ്യമായി അഭിസംബോധന ചെയ്ത് സംസാരിച്ചത് ആര്?
  ആചാര്യ കൃപലാനി
- ഭരണഘടനാ നിർമാണസഭയുടെ താത്കാലികാധ്യക്ഷൻ ആരായിരുന്നു?
  ഡോ. സച്ചിദാനന്ദസിൻഹ
- ഭരണഘടനാ നിർമാണസഭയുടെ സ്ഥിരം അധ്യക്ഷൻ ആരായിരുന്നു?
  ഡോ. രാജേന്ദ്രപ്രസാദ്
- ഡോ. രാജേന്ദ്രപ്രസാദ് സഭയുടെ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത് എന്ന്?
  1946 ഡിസംബർ 11
- ഭരണഘടനാ നിർമാണസഭയുടെ ഉപാധ്യക്ഷൻ ആരായിരുന്നു?
  എച്ച്.സി. മുഖർജി
- സഭയുടെ ഉപദേശകനായി തിരഞ്ഞെടുക്കപ്പെട്ടത് ആര്?
  ബി.എൻ. റാവു
- ഭരണഘടനാ നിർമാണസഭയുടെ ആദ്യസമ്മേളനത്തിന്റെ വേദി ഏതായിരുന്നു?
  ഡൽഹിയിലെ കോൺസ്റ്റിറ്റ്യൂഷൻ ഹാൾ
- സഭയുടെ ആദ്യസമ്മേളനം അവസാനിച്ചതെന്ന്?
  1946 ഡിസംബർ 23
- ഭരണഘടനാ നിർമാണസഭയുടെ സമ്മേളനത്തിൽ ലക്ഷ്യപ്രമേയം അവതരിപ്പിച്ചതാര്?
  ജവാഹർലാൽ നെഹ്റു
- നെഹ്റു ലക്ഷ്യപ്രമേയം അവതരിപ്പിച്ചതെന്ന്?
  1946 ഡിസംബർ 13-ന്
- ലക്ഷ്യപ്രമേയം സഭ അംഗീകരിച്ചതെന്ന്?
  1947 ജനുവരി 22
- ഭരണഘടനാ നിർമാണസഭ ഇന്ത്യയുടെ നിയമനിർമാണസഭയായി മാറിയതെന്ന് മുതലാണ്?
  1947 ഓഗസ്റ്റ് 14 മുതൽ
- 1951-52-ലെ പൊതുതിരഞ്ഞെടുപ്പ് കഴിയുന്നതുവരെ താത്കാലിക പാർലമെന്റായി പ്രവർത്തിച്ചത് ഏത് സഭയാണ്?
  നിയമനിർമാണസഭ
- ഭരണഘടനാ കരട് നിർമാണസമിതി നിലവിൽ വന്നതെന്ന്?
  1947 ഓഗസ്റ്റ് 29-ന്
- ഭരണഘടനാ കരട് നിർമാണസമിതിയുടെ അധ്യക്ഷൻ ആരായിരുന്നു?
  ഡോ. ബി.ആർ. അംബേദ്കർ
- ഭരണഘടനാ നിർമാണസമിതി ഭരണഘടനയെ അംഗീകരിച്ചതെന്ന്?
  1949 നവംബർ 26-ന്
- ഇന്ത്യയുടെ ഭരണഘടനാദിനമായി ആഘോഷിക്കുന്നത് എന്ന്
  നവംബർ 26
- ഭരണഘടനാ നിർമാണത്തിന് ആവശ്യമായിവന്ന സമയം എത്ര?
  2 വർഷം 11 മാസം 17 ദിവസം
- ഭരണഘടനയുടെ കരടുരൂപവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ആവശ്യമായിവന്ന സമയം എത്ര?
  114 ദിവസം
- കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി ഒരു നിയമനിർമാണസഭ എന്ന നിലയിൽ ആദ്യമായി സമ്മേളിച്ചത് എന്ന്?
  1947 നവംബർ 17
- 1947 നവംബർ 17-ലെ നിയമനിർമാണസഭയിലെ അധ്യക്ഷനായിരുന്നു?
  ഡോ. രാജേന്ദ്രപ്രസാദ്
- നിയമനിർമാണസഭയുടെ ആദ്യസമ്മേളനത്തിൽവെച്ച് സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടത് ആര്?
  ജി.വി. മാവ്ലങ്കർ
- ഇന്ത്യൻ ഭരണഘടനയുടെ പ്രൈം ചാർട്ടർ എന്നറിയപ്പെടുന്നതെന്ത്?
  1861-ലെ കൗൺസിൽസ് ആക്ട്
- ഇന്ത്യൻ ഭരണഘടന നിലവിൽവരുമ്പോൾ ഉണ്ടായിരുന്ന ഭാഗങ്ങളുടെ എണ്ണം
  22
- ഇന്ത്യൻ ഭരണഘടന നിലവിൽവരുമ്പോൾ ഉണ്ടായിരുന്ന പട്ടികകളുടെ എണ്ണം?
  8
- ഭരണഘടനാ നിർമാണസഭയിൽ അവതരിപ്പിക്കപ്പെട്ട ലക്ഷ്യപ്രമേയം പിന്നീട് ഭരണഘടനയുടെ ഏത് ഭാഗമായാണ് മാറിയത്?
  ആമുഖം
- ഭരണഘടനയുടെ ആമുഖവുമായി ബന്ധപ്പെട്ട ഭേദഗതി ഏത്?
  42-ാം ഭേദഗതി
- ഭരണഘടനയുടെ കവർപേജ് തയ്യാറാക്കിയത് ആര്?
  നന്ദലാൽ ബോസ്
- ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് ആമുഖത്തെ വിശേഷിപ്പിച്ചതാര്?
  താക്കൂർദാസ് ഭാർഗവ്
- ആമുഖത്തെ ഭരണഘടനയുടെ തിരിച്ചറിയൽ കാർഡ് എന്ന് വിളിച്ചതാര്?
  എൻ.എ. പൽക്കിവാല
- ആമുഖത്തെ ഇന്ത്യൻ ഭരണഘടനയുടെ രാഷ്ട്രീയജാതകം എന്ന് വിശേഷിപ്പിച്ചത് ആര്?
  കെ.എം.മുൻഷി
- ഭരണഘടനയുടെ സാരാംശം എന്ന് ആമുഖത്തെ വിളിച്ചതാര്?
  ഏണസ്റ്റ് ബാർക്കർ
- ഭരണഘടനയുടെ ആത്മാവ്, ഭരണഘടനയുടെ താക്കോൽ എന്നിങ്ങനെ ആമുഖത്തെ വിശേഷിപ്പിച്ചത് ആര്?
  നെഹ്റു
- ആമുഖം എത്രതവണ ഭേദഗതിചെയ്യപ്പെട്ടിട്ടുണ്ട്.
  ഒരു തവണ

അ മലയാളം

ശുദ്ധപദങ്ങൾ

തെറ്റായ പദം - ശരിയായ പദം

അക്ലിഷ്ടം - അക്ലിഷ്ടം
അഖണ്ടത - അഖണ്ഡത
അഗദി - അഗതി
അഗാതം - അഗാധം
അങ്ങിനെ - അങ്ങനെ
അഞ്ജലി - അഞ്ജലി
അതപതനം - അധഃപതനം
അദകൃതർ - അധഃകൃതർ
അച്ചുതൻ - അച്യുതൻ
അടിമത്വം - അടിമത്തം
അഥിതി - അതിഥി
അത്യാവിശ്യം - അത്യാവശ്യം
അഥമം - അധമം
അധവാ - അഥവാ
അനാച്ചാദനം - അനാച്ഛാദനം
അനുഗ്രഹം - അനുഗ്രഹം
അനുഷ്ടാനം - അനുഷ്ഠാനം
അന്തശ്ചിദ്രം - അന്തശ്ഛിദ്രം
അന്ദസ്സത്ത - അന്തസ്സത്ത
അപ്രശസ്ഥൻ - അപ്രശസ്തൻ
അഭീഷ്ടം - അഭീഷ്ടം
അല്ലങ്കിൽ - അല്ലെങ്കിൽ
അവസ്ഥാന്തരം - അവസ്ഥാന്തരം
അസന്നിശ്ചം - അസന്ദിഗ്ധം
അസ്ഥപ്രജ്ഞൻ - അസ്ഥപ്രജ്ഞൻ
അസ്ഥികൂടം - അസ്ഥികൂടം
അസ്ഥിവാരം - അസ്തിവാരം
ആകാശമണ്ടലം - ആകാശമണ്ഡലം
ആപാദമധുരം - ആപാതമധുരം
ആയൂർവ്വേദം - ആയുർവേദം
ആവിശ്യം - ആവശ്യം
ഇഛ - ഇച്ഛ
ഇന്ദ്രിയനിഗ്രഹം - ഇന്ദ്രിയനിഗ്രഹം
ഉടമത്വം - ഉടമത്തം
ഉടമസ്ഥൻ - ഉടമസ്ഥൻ
ഉൽഗ്രഥനം - ഉദ്ഗ്രഥനം
ഉപകാരപ്രഥം - ഉപകാരപ്രദം
ഉപവിഷ്ടൻ - ഉപവിഷ്ടൻ
ഉദ്ധീപനം - ഉദ്ദീപനം
എണ്ണച്ചായം - എണ്ണച്ചായം
ഐക്യകണ്ഠം - ഏകകണ്ഠം
ഐക്യമത്യം - ഐകമത്യം
ഓമനത്വം - ഓമനത്തം
ഔത്സുഖ്യം - ഔത്സുക്യം
കനിഷ്ടൻ - കനിഷ്ഠൻ
കവിയിത്രി - കവയിത്രി
കൈയ്യെഴുത്ത് - കൈയെഴുത്ത്
കുട്ടിത്വം - കുട്ടിത്തം
കുടിശ്ശിഖ - കുടിശ്ശിക
ക്രിത്രിമം - കൃത്രിമം
ക്രോഡീകരണം - ക്രോഡീകരണം
ക്രിസ്ത്വബ്ദം - ക്രിസ്ത്വബ്ദം
കൃത്യനിഷ്ട - കൃത്യനിഷ്ഠ
ഗൂഢോദ്ദേശം - ഗൂഢോദ്ദേശ്യം
ഗൂഡാലോചന - ഗൂഢാലോചന

ENGLISH

THE ARTICLES

Articles-നെ രണ്ടായി തിരിച്ചിരിക്കുന്നു.

1. Definite Article 'The' (നിശ്ചിത ഭേദകം)
2. Indefinite Article 'A', 'An' (അനിശ്ചിത ഭേദകം)

Definite Article 'The'

- സാർവജനീനമായ, സത്യത്തിൽ നിലനിൽക്കുന്ന നാമങ്ങൾക്കു മുൻപിൽ 'the' ചേർക്കുന്നു.
  Eg: The Sun, The Universe, The Earth, The Moon, The Stars
- സമുദ്രങ്ങൾ, നദികൾ, മഹാസമുദ്രങ്ങൾ, കനാലുകൾ, ദ്വീപസമൂഹങ്ങൾ, പർവതങ്ങൾ, പർവത നിരകൾ, കപ്പലുകൾ, ടൈറ്റിൻ, ഹോട്ടലുകൾ എന്നിവയുടെ പേരുകൾക്ക് മുന്നിൽ 'the' ചേർക്കുക.
  Eg: The Himalayas, The Ganges, The Times of India, The Pacific Ocean, The Sahara,
  The Titanic, The Rajdhani Express, The Persian Gulf etc.
- എന്നാൽ ഒരു single island, mountain, hill എന്നിവയോടൊപ്പം 'the' ചേർക്കരുത്.
  Eg: Everest, Sri Lanka etc.
- പുരാണഗ്രന്ഥങ്ങളുടെ നാമങ്ങൾക്കുമുന്നിൽ 'the' വേണം. അതുപോലെ റഫറൻസ് ഗ്രന്ഥങ്ങളോടൊപ്പവും. Eg: The Ramayana, The Quran, The Bible, The dictionary etc.
- ഗവൺമെൻറ് ഡിപ്പാർട്ട്മെൻറുകൾ, ബാങ്കുകൾ എന്നിവയുടെ മുന്നിൽ 'the' ചേർക്കുക.
  Eg: The Pollution Control Department, The Union Bank of India
- പ്രഭാതം, അപരാഹ്നം, സായംകാലം ഇവയെ സൂചിപ്പിക്കുന്ന പദങ്ങൾക്കൊപ്പം 'the' ചേർക്കുക.
  Eg: in the morning, in the evening, in the afternoon etc.
- ചെറുരാജ്യങ്ങളുടെ കൂട്ടത്തെ പറയുമ്പോൾ 'the' ചേർക്കുക.
  Eg: The United Kingdom, The United States of America
- രാജ്യങ്ങളുടെ മുൻപിൽ 'the' ചേർത്താൽ ആ രാജ്യത്തെ ജനങ്ങൾ എന്നാകും.
  Eg: The English (ഇംഗ്ലീഷ്കാർ), The Indians (ഇന്ത്യക്കാർ)
- ഗ്ലോബിലെ പോയിൻറുകൾ സൂചിപ്പിക്കാൻ 'the' ചേർക്കുക.
  Eg: The Equator, The North Pole
- ഒരു പ്രത്യേക വ്യക്തിയെയോ വസ്തുവിനെയോ പറ്റി പറയുമ്പോൾ 'the' ചേർക്കുക.
  Eg: The teacher who taught me is a famous writer now.
  The book you gave me is very good.
- ഒരു വർഗത്തെ മൊത്തം പ്രതിനിധാനംചെയ്യുന്ന നാമങ്ങൾക്കുമുന്നിൽ 'the' ചേർക്കുക.
  Eg: The lion is the king of beasts.
  The dog is a faithful animal.
- Collective Nouns- നുമുൻപിൽ 'the' ചേർക്കുക.
  Eg: The army, The parliament, The Rajya Sabha
- Superlative degree- ക്കുമുൻപിൽ 'the' ചേർക്കുക.
  Eg: the greatest, the most beautiful
- Comparative degree- യിൽ 'the 'ചേർത്ത് പറയാം.
  Eg: He is the taller of the two.
  The older.....the wiser.
- ചില വിശേഷണങ്ങൾക്കുമുന്നിൽ 'the' ചേർത്താൽ അവ നാമങ്ങൾക്ക് തുല്യമാവും.
  Eg: the poor, the brave, the rich etc.
  Help the poor.
  The rich are not happy.
- ഇനി പറയുന്നവയോടൊപ്പം 'the' ചേർക്കാറില്ല.
  Meals, games, festivals, languages, proper nouns, abstract nouns, materials etc.
  Eg: I am having lunch.
  He likes cricket.
  Onam is a festival.
  English is an interesting language.
  Kiran is a good boy.
  Charity begins at home.
  Gold is a precious metal.
- King, Queen, Pope, President... ഇവയുടെ മുന്നിലും 'the 'ചേർക്കാൻപാടില്ല.

THE INDEFINITE ARTICLES 'A', 'AN'

- വ്യഞ്ജനാക്ഷര ശബ്ദത്തിൽ (Consonant) കൊണ്ട് തുടങ്ങുന്ന വാക്കുകൾക്കുമുൻപിൽ 'a' ചേർക്കുന്നു.
  Eg: A kite, a film, a basket etc.
  [a, e, i, o, u- സ്വരാക്ഷരങ്ങളും (vowels) ബാക്കിയുള്ളവ വ്യഞ്ജനാക്ഷരങ്ങളും (consonants) ആണ്].
- ചില വാക്കുകൾ സ്വരാക്ഷരങ്ങൾകൊണ്ട് തുടങ്ങുന്നുവെങ്കിലും ഉച്ചാരണം 'യൂ', എന്നും 'വ ' എന്നും ആണ്. ഇങ്ങനെയുള്ള വാക്കുകൾ താഴെ ചേർത്തിരിക്കുന്നു.
  ഈ വാക്കുകളുടെ മുൻപിൽ 'a' ചേർക്കുക:
  University, union, useless, usual, unit, unicorn, unity, unique, eucalyptus, European, one rupee note, one eyed man, year, youth etc.
- ഒരു proper noun, common noun ആയി ഉപയോഗിക്കുമ്പോൾ 'a' ചേർക്കുക.
  Eg: He is a Shakespeare. (ഷേക്സ്പിയറെപ്പോലെ അനുഗ്രഹീതൻ)
- അപരിചിതനായ ഒരു വ്യക്തിയെപ്പറ്റി പറയുമ്പോൾ.
  Eg: A Mr. John came to see you. (ഒരു മിസ്റ്റർ. ജോൺ താങ്കളെ കാണാൻ വന്നിരുന്നു).

AN

- സ്വരാക്ഷര ശബ്ദത്തിൽ (a, e, i, o, u)കൊണ്ട് തുടങ്ങുന്ന വാക്കുകൾക്കുമുൻപിൽ 'an' ചേർക്കുക.
  Eg: an owl, an intelligent boy, an elephant
- Hour, honour, honest, honourable... ഈ വാക്കുകളിൽ 'h' സൈലൻറാണ്. ഇവയുടെ മുന്നിൽ 'an' ചേർക്കുക.
  Eg: He is an honest man.
  They came an hour ago.
- സ്വരാക്ഷരത്തിൽ തുടങ്ങുന്ന abbreviations- നൊപ്പം 'an' ചേർക്കണം.
  Eg: an MLA, an MP, an SP, an LD Clerk, an LIC officer etc.

QUESTIONS

1. This is..... proudest moment in my life.
2. I bought this car..... year ago.
3. He is..... IPS officer.
4. ... child generally likes to play.
5. I have..... hour and..... half for lunch.
6. I am..... American, not..... European.
7. I came for..... hour, but stayed all..... evening.
8. All..... world knows this.
9. ..... pen is mightier than..... sword.
10. I have..... headache.
11. I am in..... hurry.
12. Many..... flower is born to blush unseen.
13. He is..... second Edison.
14. There is..... hourly bus on this route.
15. He is..... cleverer of the two.
16. .....little knowledge is..... dangerous thing.
17. ..... table is..... piece of furniture.
18. It was..... awful sight.
19. ..... moon is ..... satellite of..... earth.
20. I saw..... one eyed beggar.
21. It is..... unique idea.
22. What..... ass you are!
23. ..... ewe is..... female sheep.
24. ..... rich are not happy.
25. You can save..... little money every month.

ANSWERS

1. the, 2. a, 3. an, 4. A, 5. an, a, 6. an, a, 7. an, the, 8. the, 9. the, the, 10. a, 11. a, 12. a, 13. a, 14. an, 15. the, 16.A, a, 17. The, a, 18. an, 19. The, a, the, 20. a, 21. a, 22. an, 23. A, a, 24. The, 25. a

---

ചിലവ് - ചെലവ്
ജനനിബിഢം - ജനനിബിഡം
ജിജ്ഞാസ - ജിജ്ഞാസ
ജോതിഷം - ജ്യോതിഷം
ജേഷ്ഠൻ - ജ്യേഷ്ഠൻ
താലവൃന്ദം - താലവൃന്തം
തീഷ്ണം - തീക്ഷ്ണം
ദ്രൗപതി - ദ്രൗപദി
പതിവ്രത - പതിവ്രത
ബാഷ്പാജ്ഞലി - ബാഷ്പാഞ്ജലി
മുഖാന്തിരം - മുഖാന്തരം
വൃച്ഛികം - വൃശ്ചികം
സുത്യർഹം - സ്തുത്യർഹം
സ്നുഷാവ് - സ്നുഷാവ്
സ്നുടം - സ്നുടം

സന്ധി
മാതൃക ചോദ്യങ്ങൾ

1. താഴെ കൊടുത്തിട്ടുള്ളവയിൽ ദ്വിത്വസന്ധിക്ക് ഉദാഹരണമല്ലാത്തതേത്?
   (a) തീപ്പെട്ടി
   (b) എണ്ണൂറ്
   (c) മുട്ടക്കറി
   (d) വട്ടപ്പലക
2. മഴയുണ്ട് - പിരിച്ചെഴുതി സന്ധി നിർണയിക്കുക?
   (a) ലോപസന്ധി
   (b) ആഗമസന്ധി
   (c) ആദേശസന്ധി
   (d) ദ്വിത്വസന്ധി
3. താഴെ കൊടുത്തവയിൽ ലോപസന്ധിക്ക് ഉദാഹരണം ഏത്?
   (a) തണുപ്പുണ്ട്
   (b) ചെങ്കൊടി
   (c) കിളിക്കൂട്
   (d) തിരുവോണം
4. പിരിച്ചെഴുതി സന്ധി നിർണയിക്കുമ്പോൾ കൂട്ടത്തിൽപെടാത്തതേത്?
   (a) ഇളങ്കാറ്റ്
   (b) കരിമ്പുലി
   (c) മുളങ്കാട്
   (d) അക്കാലം
5. വന്നില്ല - വന്നു+ഇല്ല. ഇവിടെ ലോപിക്കുന്നത്.
   (a) സംവൃതോകാരം
   (b) വിവൃതോകാരം
   (c) അകാരം
   (d) അനുസ്വാരം
6. വിണ്ടലം - ശരിയായി പിരിച്ചെഴുതിയതേത്?
   (a) വിൺ + ടലം
   (b) വിണ്ണ് + തലം
   (c) വിൺ + തലം
   (d) വിണ്ട് + അലം
7. ശരിയായ പദം ഏത്?
   (a) പശ്ചാത്താപം
   (b) പശ്ചാത്താപം
   (c) പശ്ചാത്തപം
   (d) പച്ചാശ്താപം
8. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായപദം?
   (a) ശിശ്രൂഷ
   (b) ശ്രിശ്രൂഷ
   (c) ശിസ്രൂഷ
   (d) ശുശ്രൂഷ
9. ശരിയായ പദം ഏത്?
   (a) മുദ്ദകണ്ണം
   (b) യാദൃശ്ചികം
   (c) വിശ്വസ്ഥൻ
   (d) ശിപാർശ
10. ശരിയായ പദം ഏത്?
    (a) സ്നുഷാവ്
    (b) സ്രുഷാവ്
    (c) സ്രിഷാവ്
    (d) സ്രുഷാവ്

ഉത്തരങ്ങൾ

1.(b), 2.(b), 3.(a), 4.(d), 5.(b), 6.(c), 7.(a), 8.(d), 9.(d), 10.(b).

REASONING/മുൻ പരീക്ഷകളിൽ

വരിയിൽ മനുവിന്റെ സ്ഥാനം

1. ഒരു ക്ലോക്കിലെ സമയം 4:20 ആകുമ്പോഴം മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും തമ്മിലുള്ള കോണളവ്?
(a) 10° (b) 20°
(c) 35° (d) 45°
ഉത്തരം: (a)
ക്ലോക്കിലെ സൂചികഴം തമ്മിലെ കോണളവ്
$30H - \frac{11}{2}M$. ഇവിടെ H എന്നത് മണിക്കൂറിനെയും M മിനിറ്റിനെയും സൂചിപ്പിക്കുന്നു.
$30H - \frac{11}{2}M$
$30\times4 - \frac{11}{2}\times20$
$120 - 110 = 10°$

2. ഒരു ക്ലോക്കിലെ സമയം 12.15 ആയാൽ സൂചികഴം തമ്മിലെ കോണളവ്?
(a) $15\frac{1}{2}°$ (b) $27\frac{1}{2}°$
(c) $82\frac{1}{2}°$ (d) $77\frac{1}{2}°$
ഉത്തരം: (c)
12–നും ഒരുമണിക്കും ഇടയിലാണ് സമയമെങ്കിൽ സൂചികഴം തമ്മിലെ കോണളവ് $= \frac{11}{2}M$
$= \frac{11}{2}\times15 = \frac{165}{2} = 82\frac{1}{2}°$

3. സമയം 3.15 ആകുമ്പോഴം സൂചികഴംക്കിടയിലെ കോണളവ് എത്ര?
(a) $7\frac{1}{2}°$ (b) $15\frac{1}{2}°$
(c) $12\frac{1}{2}°$ (d) $21\frac{1}{2}°$
ഉത്തരം: (a)
ക്ലോക്കിലെ മണിക്കൂർ, മിനിറ്റ് സൂചികഴം ഏതാണ്ട് അടുത്തുവരുന്ന സമയങ്ങളായ 1.05, 2.10, 3.15, 4.20, 5.25, 6.30, 7.35, 8.40, 9.45, 10.50, 11.55 എന്നിവയിൽ മിനിറ്റിന്റെ പകുതിയാണ് കോണളവ്.
ഇവിടെ $\frac{15}{2} = 7\frac{1}{2}°$

4. ക്ലോക്കിലെ സമയം 9.20 ആയാൽ കണ്ണാടിയിൽ അതിന്റെ പ്രതിബിംബം കാണിക്കുന്ന സമയം?
(a) 2.40 (b) 3.50
(c) 11.60 (d) 6.20
ഉത്തരം: (a)
ഒരുമണി മുതൽ 11 മണിവരെയുള്ള സമയത്തിന്റെ പ്രതിബിംബം കണ്ടെത്താൻ തന്നിരിക്കുന്ന സമയത്തെ 11.60ൽനിന്ന് കുറച്ചാൽ മതി.
$11.60 - 9.20 = 2.40$

5. ഇന്ന് തിങ്കളാഴ്ചയാണ്. 54 ദിവസം കഴിയുമ്പോഴം ഏത് ദിവസം?
(a) ചൊവ്വ (b) വ്യാഴം
(c) വെള്ളി (d) ശനി
ഉത്തരം: (d)
54–നെ 7 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 5,
തിങ്കഴം + 5 = ശനി

6. 2011 ഫെബ്രുവരി 1 ചൊവ്വാഴ്ച. എങ്കിൽ 2011–ൽ എത്ര ശനിയാഴ്ചകളുണ്ട്?
(a) 52 (b) 53
(c) 54 (d) 51
ഉത്തരം: (b)
2011 ഫെബ്രുവരി 1 ചൊവ്വ
2011 ജനുവരി 1, 8, 15, 22, 29 → ശനി.
∴ ഡിസംബർ 31 ശനി.
∴ 2011ൽ 53 ശനിയാഴ്ചകളുണ്ട്.

7. ഒരാഴം തെക്കോട്ട് 3 കി.മീ. നടന്നു. വലത്തോട്ട് തിരിഞ്ഞ് 1 കി.മീ. നടന്നു. തുടർന്ന് വലത്ത്, ഇടത്ത്, വലത്ത്, ഇടത്ത്, വലത്ത് എന്നിങ്ങനെ ഓരോ കി.മീ. വീതം നടന്നാൽ അയാഴം പുറപ്പെട്ടിടത്തുനിന്ന് എത്ര അകലെയാണ്?
(a) 3 km തെക്ക് (b) 5 km വടക്ക്
(c) 4 km പടിഞ്ഞാറ് (d) 8 km കിഴക്ക്.
ഉത്തരം: (c)
യാത്ര ആരംഭിച്ചിടത്തുനിന്നും 4 km പടിഞ്ഞാറ്.





8. ഒരു വരിയിൽ മനു മുന്നിൽനിന്ന് 8–ാമനും വിനു പിറകിൽ നിന്ന് 7–ാമനും ആണ്. അവർ പരസ്പരം സ്ഥാനം മാറിയപ്പോഴം മനു മുന്നിൽ നിന്ന് 15–ാമനായി എങ്കിൽ ആ വരിയിൽ എത്ര പേരുണ്ട്?
(a) 15 (b) 19
(c) 20 (d) 21
ഉത്തരം: (d)
7 + മനു + ------ + വിനു + 6
പരസ്പരം സ്ഥാനം മാറിയപ്പോഴം
7 + വിനു + 6 + മനു + 6
അതായത് മനു മുന്നിൽ നിന്ന് 15, മനുവിന് മുന്നിൽ 14 പേർ. മനുവിന് ശേഷം 6 പേർ.
അപ്രകാരം വരിയിൽ ആകെ 21 പേരുണ്ട്.

9. ഒരു ഗ്രൗണ്ടിൽ കുറേ ബൈക്കുകളും കാറുകളും ഉണ്ട്. ആകെ 46 ചക്രങ്ങളും 20 വാഹനങ്ങളും ഉണ്ടെങ്കിൽ കാറുകളുടെ എണ്ണം എത്ര?
(a) 3 (b) 5
(c) 4 (d) 8
ഉത്തരം: (a)
ചക്രങ്ങളുടെ എണ്ണത്തിന്റെ പകുതിയിൽനിന്ന് വാഹനങ്ങളുടെ എണ്ണം കുറച്ചാൽ കാറുകളുടെ എണ്ണം കിട്ടും.

10. സമയമെന്തായി എന്ന ചോദ്യത്തിന് ഒരാഴം മറുപടി നൽകി. പിന്നിട്ട സമയത്തിന്റെ ഏഴിലൊന്നും ശേഷിക്കുന്ന സമയവും തുല്യം എങ്കിൽ സമയമത്രെ?
(a) 9 pm (b) 8 pm
(c) 6 pm (d) 7 pm
ഉത്തരം: (a)
$\frac{24x}{x+1} = \frac{24\times7}{7+1} = \frac{24\times7}{8} = 21$ മണി = 9 pm

11. 2013–ന് ശേഷം ഇതേ കലണ്ടർ ഉപയോഗിക്കാവുന്ന അടുത്ത വർഷം?
(a) 2015 (b) 2022
(c) 2019 (d) 2017
ഉത്തരം: (c)
തന്നിരിക്കുന്ന വർഷത്തെ 4 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 ആയാൽ 6 വർഷം കഴിയുമ്പോഴും, ശിഷ്ടം 2 അല്ലെങ്കിൽ 3 ആയാൽ 11 വർഷം കഴിയുമ്പോഴും ശിഷ്ടം 0 ആയാൽ 28 വർഷം കഴിയുമ്പോഴും അതേ കലണ്ടർ ആവർത്തിക്കും.
2013–നെ 4 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1
∴ 2013 + 6 = 2019–ൽ കലണ്ടർ ആവർത്തിക്കും.

12. മനോജ് കിഴക്കോട്ട് 2 കി.മീ. നടന്നശേഷം വലത്തോട്ട് തിരിഞ്ഞ് 2 കി.മീ. നടന്നു. അതിനുശേഷം ഇടത്തോട്ട് തിരിഞ്ഞ് 1 കി.മീ. നടന്ന് വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 6 കി.മീ. സഞ്ചരിച്ചാൽ യാത്ര തുടങ്ങിയ സ്ഥലത്തുനിന്നും എത്ര ദൂരത്തിലാണ്?
(a) 11 km (b) 5 km
(c) 9 km (d) 7 km
ഉത്തരം: (b)



യാത്ര ആരംഭിച്ചിടത്തുനിന്ന് $\sqrt{4^2+3^2} = \sqrt{16+9}$
$= \sqrt{25} = 5$ km

13. A, B, C, D എന്നിവർ കാരംസ് കളിക്കുകയാണ്. Aയും Bയും ഒരു ടീം ആണ്. D വടക്ക് ദിശയിലേക്ക് നോക്കിയിരിക്കുന്നു. എങ്കിൽ തെക്ക് ദിശയിലേക്ക് നോക്കിയിരിക്കുന്നത് ആര്?
(a) A (b) B
(c) C (d) D
ഉത്തരം: (c)



Cയും Dയും ഒരു ടീം, ടീം അംഗങ്ങഴം എതിർദിശയിൽ വരും. D വടക്കുദിശയിലേക്ക് നോക്കുമ്പോഴം C തെക്ക് ദിശയിലേക്ക് നോക്കും.

14. 4 മണിക്കും 5 മണിക്കും ഇടയിൽ ഒരു ക്ലോക്കിലെ മിനിറ്റ്, മണിക്കൂർ സൂചികഴം ഒന്നിക്കുന്ന സമയം?
(a) 4 മണി കഴിഞ്ഞ് $21\frac{9}{11}$ മിനിറ്റ്
(b) 4 മണി കഴിഞ്ഞ് $22\frac{1}{9}$ മിനിറ്റ്
(c) 4 മണി കഴിഞ്ഞ് $37\frac{1}{12}$ മിനിറ്റ്
(d) 4 മണി കഴിഞ്ഞ് $29\frac{1}{13}$ മിനിറ്റ്
ഉത്തരം: (a)
x, $x+1$ എന്നീ മണിക്കൂറുകഴംക്കിടയിൽ മിനിറ്റ് മണിക്കൂർ സൂചികഴം ഒന്നിക്കുന്ന സമയം $\frac{60x}{11}$
$= \frac{60\times4}{11} = 21\frac{9}{11}$ അതായത് 4 മണി കഴിഞ്ഞ് $21\frac{9}{11}$ മിനിട്ടിൽ

15. pie lik tol എന്നാൽ many good stories
bie nie pie എന്നാൽ some good jokes
nie but lik എന്നാൽ some real stories
എന്നാൽ jokes എന്ന വാക്കിന്റെ കോഡ്
(a) bie (b) pie
(c) nie (d) tol
ഉത്തരം: (a)
pie lik tol.....(1)
bie nie pie.....(2)
nie but lik.....(3)
(2) & (3) പരിഗണിച്ചാൽ some = nie
(1) & (2) പരിഗണിച്ചാൽ good = pie
∴ Jokes = bie

HOT TOPICS/പരിസ്ഥിതി

പരിസ്ഥിതി സ്നേഹികളുടെ ബൈബിൾ

ആവാസവ്യവസ്ഥ

- ഭക്ഷ്യശൃംഖലയിലെ ആദ്യകണ്ണി ആര്?
  ഹരിതസസ്യം
- ഭക്ഷ്യശൃംഖലയിലെ ഉത്പാദകർ എന്നറിയപ്പെടുന്നത്?
  ഹരിതസസ്യങ്ങൾ
- ആഹാരത്തിനായി മറ്റ് ജീവികളെ ആശ്രയിക്കുന്ന ജീവികൾ ഏതു പേരിൽ അറിയപ്പെടുന്നു?
  ഉപഭോക്താക്കൾ
- ജൈവഘടകങ്ങളെ വിഘടിപ്പിച്ച് മണ്ണിൽ ചേർക്കുന്ന സൂക്ഷ്മജീവികൾ ഏതുപേരിൽ അറിയപ്പെടുന്നു?
  വിഘാടകർ
- വിഘാടകർക്ക് ഉദാഹരണങ്ങൾ ഏവ്?
  ബാക്ടീരിയ, ഫംഗസ്
- ശുദ്ധജലത്തിന്റെ pH എത്ര?
  7
